
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2020 ജൂലൈ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




ചുവടി
(വൈജ്ഞാനികം)
**സാബു ഗോതുരുത്ത്**
വില ₹90



പച്ചപ്പനങ്കിളി
(കവിത)
**ഡോ. എസ് രാജശേഖരൻ**
വില ₹45




സിദ്ധാർഥ
(നാടകം)
**ആര്യാട് ഭാർഗവൻ**
വില ₹45




കൗണ്ട് ഓഫ് മോന്റിക്രിസ്റ്റോ
(പുനരാഖ്യാനം)
**ജോളി വർഗീസ്**
വില ₹90




കണക്കിലെ കുസൃതികൾ
(ശാസ്ത്രം)
**പള്ളിയറ ശ്രീധരൻ**
വില ₹35



ബോധ്ഗയയിലൂടെ
(വൈജ്ഞാനികം)
**സെബാസ്റ്റ്യൻ പള്ളിത്തോട്**
വില ₹70



ബൈബിൾ കഥകൾ
**പുനരാഖ്യാനം : എൻ എസ് ഐസക്**
വില ₹120



റേഡിയത്തിന്റെ അമ്മ
(ജീവചരിത്രം)
**ഡോ. ടി ആർ ശങ്കുണ്ണി**
വില ₹85



കുന്നിക്കുരു
(കവിത)
**ജോയ് വാഴയിൽ**
വില ₹90



സർഗവസന്തം -2018
(കവിത)
വില ₹200



എന്റെ ദോശ നല്ല ദോശ
(കഥ)
**പ്രേമജ ഹരീന്ദ്രൻ**
വില ₹60

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471-233 3790,
e-mail : director@ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

ജൂലൈ 2020
വില ₹20
വാർഷികവരിസംഖ്യ ₹200


## ഉള്ളടക്കം


## കോവിഡ് കാലത്തെ സ്കൂൾ ജീവിതം എങ്ങനെയായിരിക്കണം?

**ഡോ. ബി പത്മകുമാർ**

6



ഈ കോവിഡ്കാലത്ത് സ്കൂൾ തുറക്കുമ്പോൾ കുട്ടികൾ എന്തൊക്കെ ശ്രദ്ധിക്കണം എന്ന തിനെ കുറിച്ച് പ്രതിപാദിക്കുന്ന ഈ ലേഖനം വായിക്കൂ...



## ഡിയഗോ ഗാർഷ്യ

**ജി ആർ ഇന്ദുഗോപൻ**

12

ആഫ്രിക്കയിൽ നിന്നും മാറി പൊട്ടുപോലെ കിടക്കുന്ന ഡിയഗോ ഗാർഷ്യ എന്ന കുഞ്ഞുദ്വീപ്. അവിടത്തെ അന്തേവാസിയായിരുന്ന നാനൗൺലൂയ എന്ന, മലയാളം പറയുന്ന ആഫ്രിക്ക ക്കാരന്റെ കഥയാണിത്.

## ഡോ. ഭീംറാവു അംബേദ്കർ : ചെളിക്കട്ട രത്നമായി മാറിയ വിസ്മയകഥ

22

**ജോസഫ് പനയ്ക്കൽ**

ഇന്ത്യൻ ഭരണഘടനാശില്പി ഡോ. അംബേദ്കറുടെ ജീവിതകഥ പ്രതിപാദിക്കുന്ന ലേഖനം.




**മുൻമൊഴി**......4
സുഗതകുമാരി.

**ആനക്കാര്യം**...... 5
എൻ ടി രാജീവ്

**സ്കൂൾഡെയ്സ്**......9

**കവിതാപരിചയം**......10

**സ്നേഹഗീതം**......17
അഞ്ചൽ ദേവരാജൻ

**കൃഷ്ണവനം**......18
സനിദ് ആസിഫ് അലി

**രുചിമോഹം**......26
ഹരീഷ് ആർ നമ്പൂതിരിപ്പാട്

**മലയാളംമിഷൻ രചനകൾ** ......27

**കടപയാദി**......31
പള്ളിയറ ശ്രീധരൻ

**ആന**......32
വിനോദ് വൈശാഖി

**അമ്മൂമ്മയുടെ ആനക്കുട്ടി**......34
പുനരാഖ്യാനം : റോസ്മേരി

**ഒരുക്കം**......37
രാജഗോപാലൻ നാട്ടുകൽ

**ഗാന്ധിജി**......37
കുസുംഷലാൽ ചെറായി

**കൽക്കുടന്റെ കഥ**......38
പുനരാഖ്യാനം : പയ്യന്നൂർ കുഞ്ഞിരാമൻ

**ടോം സോയറുടെ സാഹസിക ജീവിതം**......42
പുനരാഖ്യാനം : ജോളി വർഗീസ്

**അക്ഷരമുറ്റം**......45
വിനയകുമാർ തുറവൂർ

**പെലെ**......46
സനിൽ പി തോമസ്

**ഇന്ദ്രജാലം**......48
എം കൃഷ്ണദാസ്

**മഹാഭാരതം**......52

**ഇളംതളിര്**......54



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ടി ആർ രാജേഷ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

പ്രിയപ്പെട്ടവരേ,

ഈ കൊറോണക്കാലത്ത് സ്കൂളിൽ പോകാൻ പോലും ആകാതെ വീട്ടിലിരിക്കുമ്പോൾ രണ്ടുമൂന്ന് കാര്യങ്ങളെപ്പറ്റി നാം ഓർമിക്കേണ്ടതുണ്ട്. ഒന്ന്– എളിമ. എല്ലാറ്റിലും കേമൻ, ശക്തൻ, മനുഷ്യനാണെന്നുള്ള അഹങ്കാരം ഒരു ചെറു വൈറസിന്റെ മുന്നിൽ തകരുന്നത് നാം കാണുന്നു. വമ്പിച്ച മുതലാളിത്ത രാഷ്ട്രങ്ങളെല്ലാം വിറങ്ങലിച്ചു നിൽക്കുമ്പോൾ കൊച്ചു കേരളംപോലുള്ളവയാണ് പിടിച്ചുനിൽക്കുന്നത്. മനുഷ്യൻ പരമശക്തനാണെന്നുള്ള ചിന്ത ഒന്നു കുറയ്ക്കുക. ഈശ്വരന്റെ, പ്രകൃതിയുടെ മുന്നിൽ നാം ഒന്നുമല്ലെന്ന് അറിയുക. എളിമയോടെ, പ്രാർഥനയോടെ ജീവിക്കാൻ പഠിക്കുക.

മറ്റൊന്ന് വീട്ടിലിരിക്കുമ്പോൾ സമയം വെറുതെ കളയാതെ ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കാനോ, വീട്ടിനു ഗുണമുള്ള ജോലികൾ ചെയ്യാനോ ശ്രമിക്കുക. ആൺകുട്ടിയായാലും പെൺകുട്ടിയായാലും അടുക്കളജോലി പഠിക്കുന്നത് നന്ന്. നാളെ, നിങ്ങൾ മുതിരുന്ന കാലത്ത് പണിയെടുക്കാനൊന്നും ആളെ കിട്ടിയെന്നു വരില്ല. സ്വയംപര്യാപ്തരാകുക എന്ന് ഗാന്ധിജി പറഞ്ഞതുപോലെ അതിനുള്ള സമയവുമാക്കി ഈ വെറുതെയിരിപ്പ് മാറ്റാം.

നല്ല പുസ്തകങ്ങൾ കിട്ടുമെങ്കിൽ വായന ഒരു ശീലമാക്കുക. അത് ഭാഷയ്ക്കും സദ്ഗുണങ്ങൾ വളർത്തുന്നതിനും ഉപകരിക്കും.

അമ്മയെ സഹായിക്കുക. എല്ലാറ്റിലും. ആ മുഖത്തും ഒരു പുഞ്ചിരി വിരിയട്ടെ. കൊറോണക്കാലം അതിന് ഉപയോഗിക്കാം.

സ്നേഹത്തോടെ,
**സുഗതകുമാരി**




വര: ബാബുരാജൻ

## അറിയിപ്പ്

കൊറോണ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി രാജ്യമൊട്ടാകെ ഏർപ്പെടുത്തിയ ലോക്ഡൗണിനെ തുടർന്ന് തളിര് മാസികയുടെ 2020 ഏപ്രിൽ, മെയ്, ജൂൺ ലക്കങ്ങൾ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ തളിര് വരിക്കാർക്ക് ഒരു വർഷം ലഭിക്കേണ്ട മാസികയ്ക്ക് യാതൊരു മുടക്കവും ഉണ്ടാകാതിരിക്കാൻ ഞങ്ങൾ ശ്രദ്ധിക്കുന്നതായിരിക്കും. പ്രസിദ്ധീകരിക്കാൻ കഴിയാത്ത ലക്കങ്ങൾക്കു പകരം വരിസംഖ്യ തീരുന്ന മുറയ്ക്ക് തുടർന്നു വരുന്ന മൂന്ന് ലക്കങ്ങൾ കൂടി ഉൾപ്പെടുത്തി വരിസംഖ്യ ക്രമീകരിക്കുന്നതായിരിക്കും എന്ന് അറിയിക്കുന്നു.

***പത്രാധിപർ***



# കോവിഡ് കാലത്തെ സ്കൂൾ ജീവിതം എങ്ങനെയായിരിക്കണം?

ഡോ. ബി പത്മകുമാർ





ലോകം മുഴുവൻ കോവിഡെന്ന മഹാമാരിയുമായി പൊരിഞ്ഞ പോരാട്ടത്തിലാണല്ലോ. നിസ്സാരക്കാരനല്ല ഈ പുതിയ കൊറോണ വൈറസ്. നാലു മാസത്തിനുള്ളിൽ 41 ലക്ഷത്തിലേറെയാളുകൾ രോഗം മൂർച്ഛിച്ച് മരണമടയുകയും ചെയ്തു. കോവിഡിനെതിരായി മരുന്നോ വാക്സിനോ കണ്ടുപിടിച്ചിട്ടില്ല. മറ്റുള്ളവരുമായി അടുത്തിടപഴകാതെ സാമൂഹിക അകലം പാലിച്ചും കൈകൾ ഇടയ്ക്കിടെ വൃത്തിയായി കഴുകി ശുചിത്വംപാലിച്ചും വേണം നമുക്ക് രോഗത്തെ പ്രതിരോധിക്കാൻ. ഉടനെയൊന്നും കൊറോണ വൈറസ് നമ്മുടെ നാട്ടിൽ നിന്നും പൂർണമായും അപ്രത്യക്ഷമാകില്ലെന്നാണ് ആരോഗ്യവിദഗ്ധർ പറയുന്നത്. അതിന് ഇനിയും ഒന്നോ രണ്ടോ വർഷമെടുക്കുമത്രേ. അതുകൊണ്ട് കോവിഡുമായി പൊരുത്തപ്പെട്ട് ഒരു പുതിയ ജീവിതം തുടങ്ങുകയെന്നതാണ് നമ്മുടെ മുമ്പിലുള്ള മാർഗം.

## കോവിഡ് കുട്ടികൾക്കു വന്നാൽ

പ്രധാനമായും ചെറുപ്പക്കാരെയും മധ്യവയസ്സുള്ളവരെയുമാണ് കോവിഡ് ബാധിക്കുന്നതെങ്കിലും കുട്ടികളെയും കോവിഡ് പിടികൂടാം. കുട്ടികളെ ബാധിച്ചാലും കോവിഡ് ഒരു നിസ്സാര ജലദോഷപ്പനിപോലെ വന്നുപോകാനാണ് സാധ്യത. കുട്ടികളിൽ രോഗം ഗുരുതരമാകാറില്ല. കുട്ടികളെ ബാധിക്കുമ്പോൾ മറ്റൊരു പ്രത്യേകത രോഗലക്ഷണങ്ങളില്ലാതെ വൈറസ് ബാധ ഉണ്ടാകാമെന്നതാണ്. കോവിഡിന്റെ ഏറ്റവും പ്രധാന ലക്ഷണങ്ങൾ പനി, തൊണ്ടവേദന, ചുമ എന്നിവയാണല്ലോ. എന്നാൽ ഇങ്ങനെയുള്ള ഒരു ലക്ഷണവുമില്ലാതെ കുട്ടികളെ കോവിഡ് ബാധിക്കാം. ഇവരെ നിശ്ശബ്ദരായ രോഗാണുക്കൾ എന്നാണ് വിളിക്കുന്നത്. മറ്റുള്ളവരിലേക്ക് രോഗം പരത്തുന്നതിൽ ഇവർക്ക് പ്രധാന പങ്കുണ്ട്.

## സ്കൂൾ തുറക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം:

കൂട്ടുകാരെല്ലാം സ്കൂൾ തുറ



ക്കുന്നദിവസം ആകാംക്ഷയോടെ കാത്തിരിക്കുകയായിരിക്കും. എന്തെല്ലാം വിശേഷങ്ങളാണ് കൂട്ടുകാരോട് പറയാൻ. ലോക്ഡൗൺകാല വിശേഷങ്ങളായിരിക്കുമല്ലോ കൂടുതലും പറയാൻ. ഏതായാലും കഴിഞ്ഞകാലങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു പുതിയ അന്തരീക്ഷത്തിലാണ് ഇത്തവണ വിദ്യാലയങ്ങൾ തുറക്കുന്നത്. കോവിഡും ഒരു അദൃശ്യസഹചാരിയായി നമ്മോ

**വീട്ടിൽനിന്നും ഇറങ്ങുമ്പോൾ തന്നെ കരുതൽ തുടങ്ങണം. തുണികൊണ്ടുള്ള മാസ്ക് നിർബന്ധമായും ധരിച്ചിരിക്കണം. മൂക്കും വായും നന്നായി പൊതിയുന്ന തരത്തിലായിരിക്കണം മാസ്ക് ധരിക്കേണ്ടത്. ഓരോ ദിവസവും പുതിയ മാസ്ക് ധരിക്കാൻ ശ്രദ്ധിക്കുക.**

ടൊപ്പം ഉണ്ടെന്ന് ഓർമവേണം. കോവിഡ് നമ്മെ പിടികൂടാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുകയും വേണം.

വീട്ടിൽനിന്നും ഇറങ്ങുമ്പോൾ തന്നെ കരുതൽ തുടങ്ങണം. തുണികൊണ്ടുള്ള മാസ്ക് നിർബന്ധമായും ധരിച്ചിരിക്കണം. മൂക്കും വായും നന്നായി പൊതിയുന്ന തരത്തിലായിരിക്കണം മാസ്ക് ധരിക്കേണ്ടത്. ഓരോ ദിവസവും പുതിയ മാസ്ക് ധരിക്കാൻ ശ്രദ്ധിക്കുക. പഴയ മാസ്ക് സോപ്പുവെള്ളം ഉപയോഗിച്ച് നന്നായി കഴുകി വെയിലത്ത് ഉണക്കി വീണ്ടും ഉപയോഗിക്കാം.

വീട്ടിൽ നിന്നും ഇറങ്ങുന്നതിനുമുമ്പ് കൈകൾ സോപ്പുവെള്ളം ഉപയോഗിച്ച് നന്നായി കഴുകുകയും വേണം. അനാവശ്യമായി ഭിത്തിയിലോ സ്റ്റെയർകേസിന്റെ പിടിയിലോ തൂണിലോ ഒന്നും സ്പർശിക്കരുത്.

സ്കൂൾ ബസ്സിലായിരിക്കുമല്ലോ കൂട്ടുകാരെല്ലാം യാത്ര ചെയ്യുന്നത്. ഒരു സീറ്റിൽ ഒരാളെന്ന രീതിയിലായിരിക്കണം ബസ്സ് യാത്ര. ബസ്സിൽ അനാവശ്യ തിക്കും തിരക്കും ഉണ്ടാക്കരുത്. ബസ്സിൽ കയറു



മ്പോഴും ഇറങ്ങുമ്പോഴും കൃത്യ പാലിച്ചിരിക്കണം.

## സ്കൂളിലും വേണം കരുതൽ

കൂട്ടുകാർ സ്കൂളിലെത്തി. ഇനി എന്താണ് ചെയ്യേണ്ടത്. യാത്ര കഴിഞ്ഞ് വന്നതല്ലേ. വീണ്ടും കൈകൾ സാനിറ്റൈസർ ഉപയോഗിച്ചോ സോപ്പുവെള്ളം ഉപയോഗിച്ചോ വൃത്തിയാക്കണം. ക്ലാസ്സിലിരിക്കുമ്പോഴും ഒരു ബഞ്ചിൽ രണ്ടുകുട്ടികൾ എന്ന രീതിയിലായിരിക്കണം ഇരിക്കേണ്ടത്. അതായത് രണ്ടു കുട്ടികൾ തമ്മിൽ ഒരുമീറ്റർ അകലം (മൂന്നടി). കുടിക്കാനുള്ള വെള്ളവും കഴിക്കാനുള്ള ഭക്ഷണവും വീട്ടിൽ നിന്നുതന്നെ കൊണ്ടുവരണം. ക്യാന്റീനിൽ പോകണ്ട.

ഇടയ്ക്ക് ടോയ്‌ലറ്റിൽ പോയാലും കൈകൾ വൃത്തിയായി കഴുകാൻ മറക്കരുത്. പഴയതുപോലെ ചങ്ങാതിമാരുടെ തോളത്തു കൈയിട്ട് നടക്കാനും കെട്ടിപ്പിടിക്കാനുമൊന്നും കുറച്ചുനാളത്തേക്ക് മുതിരണ്ട.

ഒരു പ്രധാനകാര്യം കൂടി പറയട്ടെ. പനിയോ മൂക്കൊലിപ്പോ തൊണ്ടവേദനയോ മറ്റോ ഉണ്ടെങ്കിൽ സ്കൂളിൽ വരരുത്. വീട്ടിൽ തന്നെയിരുന്ന് വിശ്രമിക്കണം. പനിമാറിയിട്ടേ സ്കൂളിൽ വരാവൂ.



സ്കൂളിൽ നിന്നു വന്നാലുടൻ ഓടിച്ചെന്ന് മുത്തച്ഛന്റെയോ മുത്തശ്ശിയുടെയോ അടുത്തുപോയി ഇരിക്കരുത്. കാരണം അവർക്ക് രോഗം പിടിപെടാനുള്ള സാധ്യത കൂടുതലാണ്. അകലം പാലിച്ചും ശ്രദ്ധയോടും വേണം മുതിർന്നവരുമായി ഇടപെടാൻ.

## തിരിച്ചു വീട്ടിൽ വരുമ്പോൾ

സ്കൂളിൽ നിന്നു വീട്ടിലെത്തുമ്പോഴും ഉണ്ടാകണം കരുതൽ. വീട്ടിൽ എത്തിയാലുടൻ കൈകൾ നന്നായി സോപ്പുവെള്ളം ഉപയോഗിച്ച് കഴുകണം. ഇട്ടിരുന്ന വസ്ത്രവും നനയ്ക്കാനായി പ്രത്യേക ബാസ്ക്കറ്റിൽ ഇടണം. നന്നായി സോപ്പുതേച്ച് മേൽ കഴുകണം. പുതിയ വസ്ത്രങ്ങൾ ധരിക്കണം. എന്നിട്ടുവേണം എന്തെങ്കിലും കഴിക്കാൻ.

ആദ്യമൊക്കെ ഇത് അൽപ്പം പ്രയാസമായി തോന്നും. എന്നാൽ പിന്നീട് ഇതൊരു നല്ല ആരോഗ്യശീലമാകും.

സ്കൂളിൽ നിന്നു വന്നാലുടൻ ഓടിച്ചെന്ന് മുത്തച്ഛന്റെയോ മുത്തശ്ശിയുടെയോ അടുത്തുപോയി ഇരിക്കരുത്. കാരണം അവർക്ക് രോഗം പിടിപെടാനുള്ള സാധ്യത കൂടുതലാണ്. അകലം പാലിച്ചും ശ്രദ്ധയോടും വേണം മുതിർന്നവരുമായി ഇടപെടാൻ.



## ഓർക്കുക

കോവിഡിനെതിരായി നമ്മുടെ കൈയിലുള്ള ആയുധം ശുചിത്വമാണ്. കൈകൾ കഴുകിയും മാസ്ക് ധരിച്ചും സാമൂഹിക അകലം പാലിച്ചും കോവിഡിനെ നമുക്ക് തോൽപ്പിക്കാം.


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
ഒരു പരീക്ഷയില്ലാതെ സ്കൂൾ പൂട്ടിയത് ഒരു തൃപ്തി വരുന്നില്ല.
എന്നാൽ ഞാനൊരു പരീക്ഷ നടത്താം. എന്താ?
അയ്യേ! അപ്പോൾ ഇടയ്ക്കിടയ്ക്ക് ടീച്ചറോട് സംശയം ചോദിക്കണ്ടേ?
സംശയം ചോദിച്ച് എഴുതുന്നത് പരീക്ഷയാണോ?
അതുപിന്നെ പരീക്ഷ ജയിച്ചാണ് ഉയർന്ന ക്ലാസിൽ എത്തിയത് എന്ന് എല്ലാവരും കരുതുമല്ലോ!
എല്ലാവർക്കും കരുതുവാൻ വേണ്ടിയല്ല, അവനവന്റെ പഠനനിലവാരത്തിനാണ് പരീക്ഷ എഴുതേണ്ടത്.

# 1 കുട്ടിയും തള്ളയും

**കുമാരനാശാൻ**

ഈ വല്ലിയിൽ നിന്നു ചെമ്മേ-പൂക്കൾ
പോവുന്നിതാ പറന്നമ്മേ!

തെറ്റീ! നിനക്കുണ്ണീ ചൊല്ലാം -നൽപ്പൂ-
മ്പാറ്റകളല്ലേയിതെല്ലാം .

മേൽക്കുമേലിങ്ങിവ പൊങ്ങി-വിണ്ണിൽ
നോക്കമ്മേ, യെന്തൊരു ഭംഗി!

അയ്യോ! പോയ്ക്കൂടിക്കളിപ്പാൻ-അമ്മേ!
വയ്യേയെനിക്കു പറപ്പാൻ!

ആകാത്തതിങ്ങനെ എണ്ണി-ച്ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണീ!

പിച്ചനടന്നു കളിപ്പൂ-നീയി-
പ്പിച്ചകമുണ്ടോ നടപ്പൂ?

അമ്മട്ടിലായതെന്തെന്നാൽ?-ഞാനൊ-
രുമ്മതരാമമ്മ ചൊന്നാൽ.

നാമിങ്ങറിയുവതല്പം -എല്ലാ-
മോമനെ, ദേവസങ്കല്പം.

(പുഷ്പവാടി)







# 2 പൂക്കാലം

**കുമാരനാശാൻ**

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേൻമാവു
പൂക്കുന്നശോകം .
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു,
ഉല്ലാസമീ നീണ്ട കൂകൂരവത്താ -
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സായിതെല്ലാം ?

പാടങ്ങൾ പൊന്നിൻനിറം പൂണ്ടു; നീളെ -
പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറെയായി.
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ-വന്നൂ വസന്തം !

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ-
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-
ലെന്തോന്നുരയ്ക്കുന്നു നീ?-ഞാനറിഞ്ഞു!

''എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യു'' വെന്നല്ലയല്ലീ?

വര: ബാബുരാജൻ

(പുഷ്പവാടി)



# ഡിയഗോ ഗാർഷ്യ

ജി ആർ ഇന്ദുഗോപൻ

തീവണ്ടിയിൽ സഞ്ചരിച്ചു കൊണ്ടിരിക്കുകയായിരുന്നു സിദ്ധാർഥ് എന്ന സിദ്ദു. അച്ഛനും അമ്മയും ഒപ്പമുണ്ട്. പത്താം ക്ലാസിലെ പരീക്ഷ കഴിഞ്ഞതേയുള്ളൂ. അതിന്റെ ക്ഷീണമകറ്റാനുള്ള വിനോദസഞ്ചാരം. തീവണ്ടിയിൽ അതേ കൂപ്പെയിൽ അവരെക്കൂടാതെ കറുത്തുരുണ്ട ഒരു മനുഷ്യൻ ഇരിപ്പുണ്ടായിരുന്നു. നല്ല പ്രായം തോന്നും. പക്ഷേ കരുത്തൻ. അയാളുടെ ഗന്ധവും രൂപവും സിദ്ദുവിന് ഇഷ്ടപ്പെട്ടില്ല. തങ്ങളുടെ സ്വകാര്യതയിൽ ഇടപെടാൻ വന്നിരിക്കുന്ന ഒരു ഭൂതത്തിനെപ്പോലെ അവനു തോന്നി.

സിദ്ദു അച്ഛനുമായി തർക്കത്തിലായിരുന്നു. പറയുന്നതിനെല്ലാം തറുതല പറഞ്ഞുകൊണ്ടിരുന്നു. ആ കറുത്ത മനുഷ്യന്റെ സാന്നിധ്യവും പ്രകൃതവും അവന്റെ ദേഷ്യം ഇരട്ടിപ്പിച്ചു. പരീക്ഷ തീർന്നാലുടൻ അവന് 20,000 രൂപയ്ക്കുള്ള സൈക്കിൾ വാങ്ങിക്കൊടുക്കാമെന്നായിരുന്നു അച്ഛന്റെ വാഗ്ദാനം. അത്രയും തുകയ്ക്കുള്ളത് വേണോയെന്നാണ് ഇപ്പോൾ അച്ഛൻ ചോദിക്കുന്നത്. അപ്പോൾ നാടകീയമായി ഇടപെട്ടു കൊണ്ട് ആ കറുത്ത മനുഷ്യൻ ഒരു പ്രത്യേകതരം മലയാളത്തിൽ ചോദിച്ചു:

''ഇത്രയും വിലയുള്ള സൈക്കിളോ?'' അയാളുടെ ശബ്ദത്തിൽ മദ്യത്തിന്റെ ഗന്ധമുണ്ടെന്ന് മനസ്സിലായി. അച്ഛൻ പക്ഷേ ഇഷ്ടക്കേട് പുറത്തുകാണിച്ചില്ല. അയാൾ മാന്യനും ക്ഷമയുള്ളവനുമായ മനുഷ്യനായിരുന്നു.

അയാൾ പറഞ്ഞു: ''ഉണ്ട്. അതിലും വിലയുള്ളത്.''

പിന്നെ സൈക്കിളോടിച്ച് റോഡിലേക്കിറങ്ങിയാൽ ഉണ്ടാകുന്ന അപകടസാധ്യതകളെക്കുറിച്ച് അച്ഛൻ സിദ്ദുവിനോടു പറഞ്ഞു.

''ഞാനത്ര കൊച്ചു കുട്ടിയൊന്നുമല്ല, 15 വയസ്സായി. എനിക്കറിയാം സൂക്ഷിക്കാൻ.'' എന്നു നീരസത്തോടെ സിദ്ദു പറഞ്ഞു.

അന്നേരം ആ മനുഷ്യൻ കുടവയർ കുലുക്കിയൊന്ന് ചിരിച്ചു. എന്നിട്ടു പറഞ്ഞു: ''നേരാ. പതിനഞ്ചു വയസ്സു ചില്ലറപ്പരുവമൊന്നുമല്ല. ഞാൻ ആ പ്രായത്തിൽ ഒരു ഭൂഖണ്ഡ



വര: ടി ആർ രാജേഷ്

ത്തിൽ നിന്ന് മറ്റൊന്നിലേക്ക് എടുത്തുചാടി. ആഫ്രിക്കയിൽ നിന്ന് ഏഷ്യയിലേക്ക്.''

സിദ്ദു പറഞ്ഞു: ''ചുമ്മാ...''

അയാൾ പറഞ്ഞു: ''അല്ല. ഞാനൊരു ആഫ്രിക്കക്കാരനാ. എന്റെ പേര് കേട്ടാ നീ ചിരിക്കും. നാനൗൺ. നാനൗൺ ലൂയ. ഇവിടെത്തിയപ്പോ ലൂയിസ് എന്നായി പേര്.''

സിദ്ദു പറഞ്ഞു: ''കള്ളം. ആഫ്രിക്കക്കാർക്ക് ചുരുണ്ടമുടിയും ചപ്പിയ മൂക്കും ഒക്കെയാ.''

അയാൾ പറഞ്ഞു: ''അങ്ങനല്ല. ഞങ്ങളുടേത് ആഫ്രിക്കയിൽ നിന്ന് വിട്ടുമാറി പൊട്ടു പോലെ കിടക്കുന്ന ഒരു കുഞ്ഞുദ്വീപാ. ഇന്ത്യൻ സമുദ്രത്തിൽ. പേര് ഡിയഗോ ഗാർഷ്യ. അവിടാ ഞാൻ ജനിച്ചത്. പത്തറുപത്തഞ്ചു കൊല്ലം മുൻപ്. എന്റെ അപ്പനപ്പൂപ്പന്മാർ ഏഷ്യയിൽ നിന്നോ മറ്റോ വന്നതായിരിക്കും. അതാ ഈ രൂപം. കൊപ്രാബിസിനസ്സു നടത്തുന്ന മുതലാളിമാരുടെ തെങ്ങിൻ തോട്ടത്തിലായിരുന്നു എന്റെ മമ്മയ്ക്ക് ജോലി. പപ്പയ്ക്ക് മീൻപിടിത്തം. എന്റെ 15 വയസ്സിൽ, അതായത് നിന്റെ പ്രായത്തിൽ എന്റെ ദ്വീപിൽ ഞാനൊരു വെള്ളക്കാരനെ കണ്ടു. പിന്നീടൊരു ദിവസം, അയാൾ പട്ടാളവേഷത്തിൽ തോക്കുമായി, മറ്റു നാലഞ്ചു പേരുമായി ഞങ്ങളുടെ കോളനിയിലെത്തി പറഞ്ഞു:

''ഞങ്ങൾ ബ്രിട്ടിഷുകാർ നിങ്ങളുടെ ദ്വീപു വിലയ്ക്കു വാങ്ങി. നിങ്ങളെല്ലാം ഇവിടുന്ന് പോകേണ്ടി വരും.''

ഞങ്ങൾ എതിർത്തു. അവരെ ചീത്ത പറഞ്ഞു. അവർ തിരിച്ചുപോയി. ദ്വീപിന്റെ ഒരു വശത്ത് ടെന്റടിച്ചു. പട്ടാളക്കാരുടെ എണ്ണം കൂടി വന്നു.

ഒരിക്കൽ, എന്റെ പപ്പ ഞങ്ങളുടെ ദ്വീപീന്ന് പത്തിരുനൂറ് കിലോമീറ്റർ അപ്പുറത്തുള്ള സലോമൻ ദ്വീപിൽ മീൻപിടിക്കാൻ പോയി. തിരിച്ചുവന്നില്ല. കുറച്ചു ദിവസം കഴിഞ്ഞ് പപ്പ ഫോണിൽ വിളിച്ചുപറഞ്ഞു. തിരികെ വരാൻ പട്ടാളം സമ്മതിക്കുന്നില്ല. കൊപ്രാക്കളങ്ങളിലെ പണിയും നിന്നു. തെങ്ങുകൾ എമ്പാടും മുറിച്ചു കളഞ്ഞുതുടങ്ങി. ഞങ്ങൾ പട്ടിണിയിലായി. പട്ടാളക്കാർ തരുന്ന റേഷൻ മാത്രമായി ആശ്രയം.

പിന്നെ ഞങ്ങൾ സത്യവുമായി പൊരുത്തപ്പെട്ടു. ആ ദ്വീപ് ബ്രിട്ടിഷുകാർ വിലയ്ക്കു വാങ്ങി. തോട്ടമുടമകളെയെല്ലാം പറഞ്ഞുവിട്ടു. അമേരിക്കയ്ക്ക് പട്ടാളകേന്ദ്രമുണ്ടാക്കാൻ വാടകയ്ക്ക് കൊടുത്തിരിക്കുകയാണ്. ഞങ്ങളെ ഒഴിപ്പിക്കാൻ പല ശ്രമം നടത്തി. അതിന്റെ ഭാഗമായിരുന്നു ദ്വീപു വിട്ടവരെ തിരിച്ചു കൊണ്ടുവരാതിരിക്കാനുള്ള അടവ്. മരിച്ചാലും അവിടം വിടില്ലെന്ന് മമ്മ വാശി പിടിച്ചു. എനിക്ക് വിശപ്പു കൂടി വന്നു.

ഒരുരാത്രി ഞാൻ തീരുമാനിച്ചു. പപ്പയെപ്പോയി കാണണം. ഞങ്ങളുടെ ദ്വീപിന്റെ പരിസരത്ത് തങ്ങുന്ന മീൻപിടിത്തക്കാരുടെ ബോട്ടിലേക്ക് ഞാൻ നീന്തിച്ചെന്നു. അവർ സലോമൻ ദ്വീപിന്റെ പരിസരത്ത് എന്നെ ഇറക്കി. അവിടെച്ചെന്നപ്പോ അറിഞ്ഞു. പിടിയിലായ ഡിയഗോ ഗാർഷ്യ ദ്വീപുകാരെയെല്ലാം സമീപത്തെ സെയ്ഷെൽ ദ്വീപിലേക്കും മൗറീഷ്യസ് ദ്വീപിലേക്കും ബ്രിട്ടൻ മറിച്ചുവിറ്റുവെന്ന്. അതായത് ഞങ്ങളെ പൗരന്മാരായി സ്വീകരിക്കുന്നതിന് ബ്രിട്ടിഷുകാർ, ഈ സർക്കാരുകൾക്ക് കാശു കൊടുക്കും.

മൗറീഷ്യസിലേക്ക് ഏതെങ്കിലുമൊരു മീൻപിടിത്തബോട്ടിൽ ഒളിച്ചുകടക്കാൻ ഞാൻ തീരുമാനിച്ചു. പപ്പയെ കണ്ടേ പറ്റൂ. പക്ഷേ ഇതിനിടയിൽ ബ്രിട്ടിഷുകാരുടെ കണ്ണുവെട്ടിച്ചു നടന്ന ഒരു വയസ്സൻ മീൻപിടിത്തക്കാരനെ കണ്ടു. ഞങ്ങളുടെ നാട്ടുകാരൻ. അയാൾ പറഞ്ഞു:

''കുഞ്ഞേ, നീ വിഷമിക്കരുത്. നിന്റെ പപ്പ മരിച്ചു. ഞങ്ങളൊരുമിച്ച് മീൻപിടിക്കാൻ വന്നതാണ്. നെഞ്ചുവേദന വന്നതാണ്. മരിക്കും മുൻപ് അവൻ പറഞ്ഞു. എന്റെ സ്വന്തം നാട്ടിൽ അടക്കണം. അവന്റെ ജഡം ബ്രിട്ടിഷുകാർ തിരികെ നാട്ടിലേക്കു കൊണ്ടുപോയി. അന്നേരം നീയവിടുന്ന് പുറപ്പെട്ടു കാണും. അതാണ് നീ അറിയാത്തത്.''

ഞാൻ കരഞ്ഞു: ''എനിക്ക് നാട്ടിൽ തിരിച്ചുപോണം. എന്റെ പപ്പയെ അടക്കിയ സ്ഥലം എനിക്കു കാണണം.''

വയസ്സൻ പറഞ്ഞു: ''ജീവനുള്ള ഡിയഗോ ഗാർഷ്യക്കാരെ ആരെയും മടക്കിക്കൊണ്ടു പോകാൻ പട്ടാളക്കാർക്ക് ഉത്ത

**ഒരുരാത്രി ഞാൻ തീരുമാനിച്ചു. പപ്പയെപ്പോയി കാണണം. ഞങ്ങളുടെ ദ്വീപിന്റെ പരിസരത്ത് തങ്ങുന്ന മീൻപിടിത്തക്കാരുടെ ബോട്ടിലേക്ക് ഞാൻ നീന്തിച്ചെന്നു. അവർ സലോമൻ ദ്വീപിന്റെ പരിസരത്ത് എന്നെ ഇറക്കി. അവിടെ ച്ചെന്നപ്പോ അറിഞ്ഞു. പിടിയിലായ ഡിയഗോ ഗാർഷ്യ ദ്വീപുകാരെയെല്ലാം സമീപത്തെ സെയ്ഷെൽ ദ്വീപിലേക്കും മൗറീഷ്യസ് ദ്വീപിലേക്കും ബ്രിട്ടൻ മറിച്ചുവിറ്റുവെന്ന്.**

രവില്ല. അതുകൊണ്ടു മാത്രമാണ് നിന്റപ്പന് തിരികെപ്പോകാൻ കഴിഞ്ഞത്. നീ എന്റെ കൂടെ വാ മൗറീഷ്യസിലേക്ക്. നിന്റെ അമ്മയ്ക്കും സഹോദരങ്ങൾക്കും എന്നെങ്കിലും അങ്ങോട്ടു വന്നേ മതിയാകൂ. അവിടെ വച്ച് നിനക്ക് എല്ലാവരെയും കാണാം.''

ഞാൻ കൂട്ടാക്കിയില്ല. നിന്റേതു പോലെ പിടിവാശിയുടെ പ്രായമല്ലേ? ഞാൻ ഏതെങ്കിലും മീൻപിടിത്തബോട്ടിൽ ഡിയഗോ ഗാർഷ്യയിലേക്ക് ഒളിച്ചു കടക്കാൻ അവസരം നോക്കി കാത്തിരുന്നു.

ഒരുദിവസം ഒരു ബോട്ട് ഒത്തുകിട്ടി. ഏതോ ഒരു തരം ഭാഷ സംസാരിക്കുന്ന മനുഷ്യർ. അവരോടു ഞാൻ മുറി ഇംഗ്ലിഷിലും മറ്റും തട്ടിവിട്ടു: ''എനിക്ക് ഡിയഗോയിൽ പോകണം. അതിന്റെ പരിസരത്തിറക്കിയാൽ ഞാൻ നീന്തിപ്പൊയ്ക്കോളാം.''

അവർ സമ്മതിച്ചു. പക്ഷേ ഡിയഗോയുടെ അടുത്തു ചെന്നപ്പോ, നടുക്കടലിൽ വീണ്ടും കഷ്ടകാലം. ബ്രിട്ടിഷുകാരുടെ പട്രോൾ ബോട്ട് ഞങ്ങളെ തടഞ്ഞു. ദ്വീപിനടുത്തേക്കു വന്നാൽ വെടിവയ്ക്കുമെന്ന് പറഞ്ഞു. ഞാൻ തകർന്നുപോയി. പക്ഷേ നിവൃത്തിയില്ല. ഒരാഴ്ചത്തെ സഞ്ചാരം.

അങ്ങനെയാണ് ഞാൻ കേരളത്തിൽ കൊച്ചി മുനമ്പത്തുന്നത്. എനിക്കൊപ്പമുള്ളത് തിരുവനന്തപുരത്തു നിന്ന് 40 കിലോമീറ്റർ തെക്ക്, കുളച്ചൽ തൂത്തൂരിലുള്ള മീൻപിടിത്തക്കാരാണെന്നറിഞ്ഞു. ഒറ്റയ്ക്ക്, ചൂണ്ടയും വടവും കപ്പിയും മാത്രം വച്ച് സ്രാവിനെപ്പിടിക്കുന്ന ലോകത്തെ ഏറ്റവും സാഹസികരായ മീൻപിടിത്തക്കാർ. പിന്നെ അവർക്കൊപ്പം കൂടി. വലിയ സ്രാവുപിടിത്തക്കാരനായി.

കുളച്ചലിൽ നിന്ന് ഞങ്ങൾ കൊച്ചി മുനമ്പത്തു ചെല്ലും. അവിടുന്ന് ബോട്ടിൽ രണ്ടായിരം കിലോമീറ്റർ അഞ്ചു ദിവസം കൊണ്ട് ഓടി, ഡിയഗോ ഗാർഷ്യയുടെ പരിസരത്തു ചെന്ന് സ്രാവിനെ പിടിച്ചു മടങ്ങും. അപ്പോഴെല്ലാം! ഞാൻ ദൂരെ പൊട്ടു പോലെ കാണുന്ന ദ്വീപിലേക്ക് നോക്കും. എന്റെ പപ്പ ഉറങ്ങുന്ന മണ്ണ്. പക്ഷേ ശക്തമായ ബന്തവസ്സാണ്. അമേരിക്ക അവിടെ വിമാനത്താവളം ഉണ്ടാക്കി. ഗൾഫ് യുദ്ധത്തിന് വിമാനങ്ങൾ പറന്നത് അവിടുന്നാണ്.

കാലം കുറേ കടന്നുപോയി. പള്ളിയിലെ അനാഥമന്ദിരത്തിലെ അന്തേവാസിയായിരുന്നു എന്ന സർട്ടിഫിക്കറ്റ് വച്ച് ഞാനൊരു ഇന്ത്യൻ പൗരനായി മാറിക്കഴിഞ്ഞിരുന്നു.

ഇടയ്ക്ക് കടലിൽ ഞാൻ ബോട്ടോടിക്കാൻ കൂടും. ഡിയഗോ ഗാർഷ്യയിലേക്ക് അതിക്രമിച്ചു കടക്കണം. എന്റെ ഉള്ളിലിരുപ്പിനെക്കുറിച്ച് കൂടെയുള്ളവർക്കു പോലും അറിയില്ലായിരുന്നു.

കാലം തൊണ്ണൂറുകളുടെ പകുതി. ഒരുരാത്രി. ദൂരെ ദ്വീപിൽ വെളിച്ചം കണ്ടു. എന്റെ പപ്പ എന്നെ വിളിക്കുന്നതു പോലെ തോന്നി. പിന്നൊന്നും ആലോചിച്ചില്ല. ഡിയഗോ ഗാർഷ്യയുടെ ദ്വീപിനു സമീപത്തേക്ക് ബോട്ടോടിച്ചു കയറ്റി. പിന്നെ കേട്ടത് വെടിയൊച്ചകളാണ്. പല പട്രോൾ ബോട്ടുകൾ പാഞ്ഞു വന്നു; പട്ടാളക്കാരും. ആദ്യമായിട്ടാണ് ഇത്രയും യന്ത്രത്തോക്കുകൾ ഞാൻ ആദ്യമായി കാണുന്നത്. അത് നമ്മുടെ നേർക്ക് നീട്ടിപ്പിടിച്ചിരിക്കുന്നതു കാണുമ്പോ രസമുണ്ട്. കൂടെയുള്ളവരെല്ലാം വിറച്ചു. ഞാൻ പക്ഷേ സന്തോഷത്തിലായിരുന്നു. എന്റെ പപ്പ എന്നെ ക്ഷണിക്കുകയാണ്. വാ... മോനേ...വാ... ഞാനിവിടുണ്ട്. 25 കൊല്ലത്തിനു ശേഷം ഞാൻ എന്റെ പപ്പ ഉറങ്ങിക്കിടക്കുന്ന മണ്ണിൽ കാലുകുത്തുകയാണ്.

ഞങ്ങൾ, 14 മീൻപിടിത്തക്കാരെയും അമേരിക്കക്കാർ ഒരു മൂലയ്ക്കിരുത്തി. ഇന്ത്യയുടെ കോസ്റ്റ് ഗാർഡിനെ വിവരമറിയിച്ചു. അവർ ഞങ്ങളുടെ ഇടവകയിൽ നിന്ന് വിവരമെടുത്ത് അമേരിക്കക്കാരെ അറിയിച്ചു: ഞങ്ങളുടെ മീൻപിടിത്തക്കാർ തന്നെ പേരും വിവരവും കൊടുത്തു. അവരുടെ സംശയം മാറി. ഞങ്ങൾക്ക് പട്ടാളക്കാരുടെ കണ്ണുവട്ടത്ത് കുറച്ചൊക്കെ കറങ്ങി നടക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചു. ഞാൻ ജാഗ്രതയിലായിരുന്നു. ദ്വീപിന്റെ കിഴക്കുഭാഗത്തേക്ക് ഇവരുടെ കണ്ണുവെട്ടിച്ച് ഓടി രക്ഷപെടണം. പക്ഷേ എളുപ്പമല്ലായിരുന്നു.

പിറ്റേന്ന് രാവിലെ പട്ടാളത്തിലെ ഒരു ഉയർന്ന ഉദ്യോ

**ഒരുരാത്രി. ദൂരെ ദ്വീപിൽ വെളിച്ചം കണ്ടു. എന്റെ പപ്പ എന്നെ വിളിക്കുന്നതു പോലെ തോന്നി. പിന്നൊന്നും ആലോചിച്ചില്ല. ഡിയഗോ ഗാർഷ്യയുടെ ദ്വീപിനു സമീപത്തേക്ക് ബോട്ടോടിച്ചു കയറ്റി. പിന്നെ കേട്ടത് വെടിയൊച്ചകളാണ്. പല പട്രോൾ ബോട്ടുകൾ പാഞ്ഞു വന്നു; പട്ടാളക്കാരും. ആദ്യമായിട്ടാണ് ഇത്രയും യന്ത്രത്തോക്കുകൾ ഞാൻ ആദ്യമായി കാണുന്നത്.**

ഗസ്ഥൻ ഞങ്ങളെ വിളിച്ചിട്ടു പറഞ്ഞു: ''നിങ്ങളെ വിടുന്ന കാര്യം ഞാനാണ് തീരുമാനി ക്കുന്നത്. ഓക്കെ. പക്ഷേ...''

ഞങ്ങൾ അയാളുടെ മുഖ ത്തേക്ക് നോക്കി. അപ്പോൾ അയാൾ പറഞ്ഞു:

''ഇന്നു വൈകിട്ട് നിങ്ങളു മായി ഞങ്ങൾ ഫുട്ബോൾ കളിക്കും. ഞങ്ങളെ തോൽപ്പി ച്ചാൽ വള്ളവും വലയും തരും. ഇല്ലെങ്കിൽ വെറുംകയ്യോടെ പോകേണ്ടിവരും.''

ഞങ്ങളെല്ലാം വിരണ്ടു നിൽ ക്കുമ്പോ ഞാൻ ധൈര്യം വിടാതെ, ഓഫീസറോട് പറഞ്ഞു: ''ഐ വാൻടു ടോക്ക് യൂ, പേഴ് സനലി.''

അയാളെന്നെ മുറിയിലേക്ക് വിളിപ്പിച്ചു. ഞാൻ കിഴക്കോട്ട് വിരൽ ചൂണ്ടി പറഞ്ഞൊപ്പിച്ചു:

''എനിക്ക് പള്ളീലൊന്നു പോണം.''

''പള്ളി അങ്ങോട്ടാണെന്ന് നിനക്കെങ്ങനെ മനസ്സിലായി?'' ഞാൻ ചൂണ്ടിയ ദിശയിലേക്കു നോക്കി ഓഫീസർ ചോദിച്ചു.

ഞാനൊന്നും പറയാതെ നിന്നു. ഞാനയാളുടെ മുഖ ത്തേക്ക് നോക്കിയപ്പോ എന്റെ കണ്ണു നിറഞ്ഞോ? അറിയില്ല.

പക്ഷേ അടുത്തതായി അയാൾ ചോദിച്ച ചോദ്യം കേട്ട് ഞാൻ നടുങ്ങിപ്പോയി.

''ആർ യു നാനൗൺ ലൂയ?''

ഞാൻ ഞെട്ടിപ്പോയി. എന്റെ കണ്ണീര് വറ്റി. ഞാൻ അയാളെ നോക്കിക്കൊണ്ട് കൈ കൂപ്പി പറഞ്ഞു:

''എനിക്കെന്റെ അപ്പന്റെ കുഴിമാടമൊന്നു കണ്ടാ മതി.''

ഓഫീസർ കുറച്ചുനേരം നിശ്ശബ്ദമായി നിന്നിട്ടു പറഞ്ഞു:

''ഓക്കെ. പക്ഷേ ഇന്നു വൈകിട്ടത്തെ കളിയിൽ നീയൊരു ഗോളെങ്കിലും അടിക്കണം. എങ്കിൽ ഓക്കെ. ഞാനൊരു സോക്കർ(ഫുട് ബോൾ) ഭ്രാന്തനാണ്.''



''എന്നിട്ട് ഗോളടിച്ചോ?'' തീവണ്ടിയിൽ സിദ്ദു ആകാം ക്ഷയോടെ ചോദിച്ചു.

അയാൾ തലയാട്ടി.

''ഇല്ല. ഞാൻ പരമാവധി ശ്രമിച്ചു. എന്റെ ജീവനെ ടുത്തു കളിച്ചു. രണ്ട് അറ്റംപ്ട് നടത്തി. ഒരെണ്ണം പോസ്റ്റിൽ തട്ടിപ്പോയി. ഒന്ന് ഗോളി പിടിച്ചു. കടപ്പുറത്തെ മണ്ണിൽ തൂത്തൂരു കാർ ഫുട്ബോളിൽ ഭയങ്കരന്മാ രാണ്. പക്ഷേ അതൊരു പെർഫക്ട് ഫുട്ബോൾ ഗ്രൗ ണ്ടാണ്. ഞങ്ങൾക്ക് പുതയുന്ന മണ്ണില്ലാതെ പറ്റില്ല.

കളി തീരുമ്പോൾ 2-0 ത്തിന് ഞങ്ങൾ തോറ്റു. ഞങ്ങൾ തളർന്നുപോയി. വല പോകുമെ ന്നോർത്ത് ബോട്ടിന്റെ ക്യാപ്ടൻ മരിയ അർപുതം മാമൻ മലർന്നു മണ്ണിലേക്ക് വീണുപോയി. കരയാൻ പോലുമാകാതെ ഞാൻ തകർന്നിരുന്നു. എന്റെ പപ്പ...

അപ്പോൾ ആരോ എന്നോടു പറഞ്ഞു.

‘‘നിന്നെ വിളിക്കുന്നു.’’

നോക്കുമ്പോ ഓഫീസർ. അയാൾ പറഞ്ഞു:

‘‘നീ നന്നായി കളിച്ചു. സന്ധ്യയാകുന്നു. ചെല്ല്.’’

അവിശ്വസനീയതോടെ ഞാൻ ഓഫീസറെ നോക്കി. എന്റെ ഒപ്പമുള്ള ആളിന്റെ കൂടെ ഞാൻ നടന്നു. ‘പപ്പാ ഞാൻ വരുന്നു.’ എന്റെ മനസ്സ് വിളിച്ചുപറഞ്ഞു.

**ഓഫീസർ പറഞ്ഞു: “ഇനി വന്നാൽ ബുള്ളറ്റാണ് മറുപടി. മനസ്സിലായോ.”**

**പലരുടെ നേർക്കു ചൂണ്ടിയ അയാളുടെ വിരൽ എന്റെ നേർക്കെത്തി. ഞങ്ങളുടെ കണ്ണുകൾ കൂട്ടിമുട്ടി. ചൂണ്ടുവിരൽ താഴ്ത്തുമ്പോ അയാളുടെ മുഖത്തൊരു പുഞ്ചിരി വിരിഞ്ഞു. ഒരു മനുഷ്യന്റെ ചിരി.**

പട്ടാളക്കാർക്കായി പള്ളി പുതുക്കിയിരുന്നു. ശ്മശാനവും വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു. ഞാൻ മെല്ലെ നടന്നു. പക്ഷേ എവിടെയാണെന്റെ പപ്പയെ അടക്കിയിരിക്കുന്നത്? പട്ടാളക്കാരൻ എല്ലാമറിയുന്നവനെപോലെ കൈചൂണ്ടി. ഞാൻ അങ്ങോട്ടു ചെന്നു. അവിടെ ഒരു തടിപ്പലകയിൽ സ്പ്രേ പെയിന്റ് കൊണ്ട് എന്തോ എഴുതിയിരുന്നു. എനിക്ക് ഇംഗ്ലിഷ് വായിക്കാനറിയില്ല.

പട്ടാളക്കാരൻ വിശദീകരിച്ചു:

‘‘നാനൗൺ ലൂയ. എന്റെ മകൻ. അവൻ വരും; എന്നെങ്കിലുമൊരിക്കൽ; അവന്റെ പപ്പയെ കാണാൻ. അതു വരെ ഈ ഫലകം ആരുമെടുത്തു മാറ്റരുത്. അത് മങ്ങിപ്പോകാൻ അനുവദിക്കുകയുമരുത്– അവന്റെ അമ്മ.’’

പപ്പായുടെ ശവകുടീരത്തിൽ അടയാളമായി ഒരു കല്ലു മാത്രമാണ് ഉണ്ടായിരുന്നത്.

ഞാൻ മുട്ടുകുത്തി. തല കുമ്പിട്ടു. കരഞ്ഞു. വശത്ത് നോക്കിയപ്പോൾ ഒരു ചെമ്പരത്തിച്ചെടി ആദ്യമായി, എനിക്കായി വിരിഞ്ഞെന്ന വിധം ഒരു ചെഞ്ചോര പൂവുമായി നിൽക്കുന്നു. ഞാനത് പറിച്ചെടുത്തു. എന്റെ അപ്പന്റെ ശവക്കല്ലിന്മേൽ വച്ചു. എഴുന്നേറ്റു.

തിരിച്ചുചെന്നപ്പോൾ കൂട്ടുകാർ എന്നെ കാത്തുനിൽക്കുകയായിരുന്നു. മരിയ അർപുതം മാമൻ പറഞ്ഞു:

‘‘ബോട്ടും വലയും തന്നെടാ.’’

ഓഫീസർ പറഞ്ഞു: ‘‘ഇനി വന്നാൽ ബുള്ളറ്റാണ് മറുപടി. മനസ്സിലായോ.’’

പലരുടെ നേർക്കു ചൂണ്ടിയ അയാളുടെ വിരൽ എന്റെ നേർക്കെത്തി. ഞങ്ങളുടെ കണ്ണുകൾ കൂട്ടിമുട്ടി. ചൂണ്ടുവിരൽ താഴ്ത്തുമ്പോ അയാളുടെ മുഖത്തൊരു പുഞ്ചിരി വിരിഞ്ഞു. ഒരു മനുഷ്യന്റെ ചിരി.

ബോട്ടിൽ വച്ച് മരിയഅർപുതം മാമൻ പറഞ്ഞു:

‘‘എന്നാലും അവന്മാർ നമ്മളെ തോൽപ്പിച്ചല്ലോടാ.’’

ഞാനപ്പോ പറഞ്ഞു:

‘‘ജീവിതത്തിൽ എന്നേലും നമ്മളവരെ തോൽപ്പിക്കും മാമാ... നോക്കിക്കോ.’’

പിന്നെ അയാൾ ജനലിനു പുറത്തേക്ക് നോക്കിയിരുന്നു. സിദ്ദുവിന് എന്തോ ചോദിക്കണമെന്നുണ്ടായിരുന്നു. അയാൾ ഓർമകളിൽ നിന്ന് മടങ്ങിവരുന്നതും കാത്ത് അവനിരുന്നു.



# സ്നേഹഗീതം

അഞ്ചൽ ദേവരാജൻ



വര: ആശ ആർ

പൂമ്പാറ്റപോലെ
കുളിർകാറ്റുപോലെ
അമ്മ മനസ്സിൽ
ഒഴുകുവോർ നാം.

പുതുമഴപോലെ
മധുകണംപോലെ
മൃദുമന്ദഹാസം
തൂകുവോർ നാം


മാന്തളിർപോലെ
പൂന്തിങ്കൾപോലെ
ഈ പുണ്യതീരം
പൂകുവോർ നാം.

കൗതുകംപോലെ
കൺകെട്ടുപോലെ
ഈ കളിത്തട്ടിൽ
ചേരുവോർ നാം.

സൂര്യനെപ്പോലെ
ചന്ദ്രനെപ്പോലെ
ഈ വിൺവിളക്കിൽ
തെളിയുവോർ നാം.

സൗഹൃദംപോലെ
സംഗീതംപോലെ
ഈ സ്നേഹഗീതം
പാടുവോർ നാം.


(പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 1985 ൽ മൊട്ടക്കുന്നായിരുന്ന വനപ്രദേശം കൃഷ്ണവനം എന്ന മാതൃകാവനമായി തീർന്ന സംഭവം.)
കൃഷ്ണവനം
രചന : സനിദ് ആസിഫ് അലി
വര : സുധീർ പി വൈ
1985. കവിയും പരിസ്ഥിതിപ്രവർത്തകയുമായ സുഗതകുമാരി ഏതാനും സുഹൃത്തുക്കളുമായി കേരളത്തിലെ ആദിവാസിഗ്രാമമായ അട്ടപ്പാടി സന്ദർശിച്ചു.
"അട്ടപ്പാടി ഒരു മരുഭൂമിയായി മാറിയിരിക്കുന്നു. നിയമവിരുദ്ധമായി വനം കൊള്ളയടിച്ച് എത്ര മരങ്ങളാണ് അപ്രത്യക്ഷമായിരിക്കുന്നത്!"
"ചൂടുകാറ്റും പൊടിയും. കൊടും ദാരിദ്ര്യത്തിലായ ആദിവാസിസമൂഹം. എന്തെങ്കിലും ചെയ്തേ പറ്റൂ..."
"കുന്നുകളെയും കാടുകളെയും കുറിച്ച് നാം എത്ര പാടിയിരിക്കുന്നു. അട്ടപ്പാടിക്കു ജീവൻ നൽകാൻ നമുക്കെന്തെങ്കിലും വഴി കാണണം."


''ഇവിടെ പച്ചപ്പുണ്ടാകണം. ഒരു കുന്നെങ്കിലും നമുക്ക് ഉണ്ടാക്കണം.''
ഉണങ്ങിവരണ്ട അരുവിക്കടുത്ത് ആദിവാസികൾ ചെളികൊണ്ട് കുടിൽ കെട്ടി. അങ്ങനെ അത് ഞങ്ങളുടെ ഓഫീസായി. CAPART എന്ന ഗവൺമെന്റ് ഏജൻസി ഫണ്ട് നൽകി.
"അമ്മാ... ഞങ്ങൾക്കിപ്പോൾ വിഷമമില്ല. എല്ലാം ശരിയാകും." ആദിവാസികൾ ഞങ്ങളെ കണ്ണുമടച്ച് വിശ്വസിച്ചു.
അതൊരു സുഗമമായ ജോലി ആയിരുന്നില്ല. ആദ്യം ഞങ്ങൾ അവിടെ ഒരു നഴ്സറി ഉണ്ടാക്കി.
നീർച്ചാലുകൾ കല്ലും പുല്ലും കൊണ്ട് നിറച്ച് മണ്ണൊലിപ്പു തടഞ്ഞു.
സ്ത്രീകൾ വെള്ളം ശേഖരിച്ചു. ജോലിക്കിടയിൽ അവർ ആവേശത്തോടെ പാട്ടുകൾ പാടി.


മഴവെള്ളം സംഭരിക്കാനായി ഞങ്ങൾ വലിയ കുഴികൾ ഉണ്ടാക്കി. അവിടവിടെ വൃക്ഷത്തൈകളും വിത്തുകളും നട്ടു.
എല്ലാറ്റിനും പ്രകൃതി ഞങ്ങളോടൊപ്പം കൂടി. സാവധാനം ഭൂമിക്കുണ്ടായ മുറിവ് ഉണങ്ങിത്തുടങ്ങി. ഞങ്ങൾ 100 തൈകൾ നട്ടപ്പോൾ പ്രകൃതി 500 എണ്ണം നട്ടു. വൈകാതെ അവിടെ പച്ചപ്പുണ്ടായി. കിളികൾ പറന്നെത്തി. തേനീച്ചകൾ കൂടുകൂട്ടി. പക്ഷികൾ അവിടമാകെ വിത്തുകൾ പാകി. നിർജീവമായി കിടന്ന കാടിന്റെ ഉയിർത്തെഴുന്നേൽപ്പായിരുന്നു പിന്നീട്.
ഒരുദിവസം ആദിവാസി ഗുമ്മൻ ഓടിവന്നു പറഞ്ഞു, “അമ്മാ... ഒരു കേഴമാൻ നമ്മുടെ കാട്ടിൽ വന്നിരിക്കുന്നു.”
മറ്റേതോ കാട്ടിൽ നിന്നും അഭയാർഥിയായി വന്നതാവും അവൾ. താമസിയാതെ അവൾ പ്രസവിച്ചു. ഇപ്പോൾ അവിടെ നിറയെ മാൻക്കൂട്ടങ്ങളാണ്.
6-7 വർഷംകൊണ്ട് അവിടെ 100 ഹെക്ടർ വനഭൂമിയുണ്ടായി. ഞങ്ങൾ അതിന് ‘കൃഷ്ണവനം’ എന്നു പേരിട്ടു...


ഒരുദിവസം ആദിവാസികൾ ഞങ്ങളെ കുന്നിന്റെ ഏറ്റവും മുകൾഭാഗത്തു കൊണ്ടുപോയി. ഒരു തടിക്കഷണം കൊണ്ട് അവർ അവിടം കുഴിച്ചു. മണ്ണിനടിയിൽ നിന്നു ശക്തമായി വെള്ളം ചീറ്റി. “എന്താണിത്? മഴവെള്ളമോ?”
“അമ്മാ... ഇതൊരു ഉറവയാണ്. നമ്മുടെ കാടിന് ജീവൻ വച്ചു. ഈ ഉറവ ഒരുനാൾ നദിയായി മാറും.”
“ഞാൻ ജീവിച്ചിരിക്കുമ്പോൾ അതു കാണാനാകുമോ?”
*25 വർഷങ്ങൾക്കുശേഷം...*
ഞങ്ങൾ വീണ്ടും കൃഷ്ണവനത്തിലെത്തി. അന്ന വിടെ കണ്ട ഉറവ ഒരു നദിയായ് ഒഴുകി ഭവാനിന ദിയിൽ ചേരുന്ന ആ മനോഹര കാഴ്ച ഞങ്ങൾ കണ്ടു.
അതിൽ നിന്നും ഒരു കൈക്കുമ്പിൾ വെള്ളം കോരിയെടുത്ത് ഞങ്ങൾ കുടിച്ചു. മുഖവും മുടിയിഴകളും കഴുകി. എന്റെ കണ്ണുനീർ ആ വെള്ളത്തിൽ അലിഞ്ഞുചേർന്നു. ജീവസുറ്റ ഒരു നദിയായ് അവൾ ഇന്നും അങ്ങനെ ഒഴു കിക്കൊണ്ടേയിരിക്കുന്നു.

# ഡോ. ഭീംറാവു അംബേദ്കർ :
# ചെളിക്കട്ട രത്നമായി മാറിയ വിസ്മയകഥ

ജോസഫ് പനയ്ക്കൽ

ഡോ. അംബേദ്കർ, ഇന്ത്യൻ ഭരണഘടനയുടെ ശില്പി. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ നിയമകാര്യമന്ത്രി. ഇന്ത്യയിലെ അധഃസ്ഥിത ജനവിഭാഗങ്ങളെ അയിത്തമുക്തമാക്കുകയും അവരിൽ അവകാശബോധവും ആത്മാഭിമാനബോധവും ആത്മവിശ്വാസവും ഉണ്ടാക്കുകയും ചെയ്ത നേതാവ്. വെറുക്കപ്പെട്ട ഒരു ചെളിക്കട്ട ഉജ്ജ്വലശോഭയുള്ള ഒരു രത്നമായി രൂപാന്തരപ്പെട്ട അത്ഭുതകഥയാണ് ഡോ. ഭീംറാവു അംബേദ്കറുടേത്.



വലതുകൈയിൽ അടക്കിപ്പിടിച്ച പുസ്തകങ്ങൾ. ഇടതുകൈയിൽ ഉച്ചയ്ക്കു കഴിക്കാനുള്ള ചപ്പാത്തി പ്പൊതി. തോളത്ത് ഒരു ചാക്ക്. അങ്ങനെ ഭീംറാവു സ്കൂളിലേക്കു പോകുകയാണ്. കാലിൽ ചെരിപ്പില്ല. കല്ലും മണ്ണുമായ വീതി കുറഞ്ഞ വഴി. ഇരുവശവും കുറ്റിച്ചെടികളും മുൾപ്പടർപ്പും. വെയിലേറ്റ് ഏറെ നടന്നുവേണം സത്താറ സർക്കാർ സ്കൂളിലെത്താൻ. എങ്കിലും ഉത്സാഹത്തോടെ അവൻ നടന്നു. രണ്ടുമൂന്നു സഹപാഠികൾ ഒരുമിച്ച് വർത്തമാനം പറഞ്ഞ് മുന്നിൽ നടന്നുപോകുന്നുണ്ട്. അവർ മേൽജാതിക്കാരായതുകൊണ്ട് ഭീംറാവുവിന് അവരുടെ കൂടെ നടക്കാനാവില്ല. കുറച്ചകലം പാലിച്ച് അവൻ തനിയെ നടന്നു. വീടിനു പുറത്ത് എവിടെയും അവൻ ഒറ്റപ്പെട്ടവനാണ്.

മേൽജാതിക്കാരായ സഹപാഠികൾ ബഞ്ചിലിരുന്നാണ് പഠിക്കുന്നത്. ഭീംറാവുവിന് ബഞ്ചിലിരിക്കാൻ അവകാശമില്ല. അവൻ മഹർ എന്ന അയിത്തജാതിയിൽപ്പെട്ടവനാണ്. മേൽജാതിക്കാരായ കുട്ടികളെ തൊടാനോ അവരുമായി കൂട്ടുകൂടാനോ കളിക്കാനോ പാടില്ല. ക്ലാസിൽ അവരിൽ നിന്നു കുറച്ചകന്ന് ഒരു മൂലയിൽ നിലത്തു വിരിച്ച ചാക്കിലിരുന്നുവേണം അവനു പഠിക്കാൻ.



ഡോ. അംബേദ്കർ

ഒരു മൺകലത്തിൽ കുടിവെള്ളം വച്ചിട്ടുണ്ട്. ദാഹിക്കുമ്പോൾ കുട്ടികൾ കപ്പുകൊണ്ടു വെള്ളമെടുത്തു കുടിക്കും. എന്നാൽ ഭീംറാവുവിന് വെള്ളമെടുത്തു കുടിക്കാൻ പാടില്ല.



ഡോ. അംബേദ്കർ ഇന്ത്യൻ ഭരണഘടനയുടെ ഫൈനൽ ഡ്രാഫ്റ്റ്, പ്രസിഡന്റ് ഡോ. രാജേന്ദ്ര പ്രസാദിനു നൽകുന്നു.

അവൻ തൊട്ടാൽ വെള്ളം അശുദ്ധമാകുമെത്രെ. വെള്ളം വേണമെന്നു പറഞ്ഞാൽ ശിപായി വെള്ള മെടുത്തു നീക്കിനിർത്തി അവന്റെ കൈക്കുമ്പിളിലേക്കു വെള്ളം ഒഴിച്ചുകൊടുക്കും. അതു മൊത്തിക്കുടിച്ചുകൊള്ളണം. ശിപായിയില്ലെങ്കിൽ കഷ്ടം തന്നെ.

കുളിച്ച് വൃത്തിയുള്ള ഉടുപ്പു ധരിച്ചാണ് അവൻ ക്ലാസിലെത്തുന്നത്. എങ്കിലും ആ കറുത്ത കുട്ടിയെ വെറുപ്പോടും പുച്ഛത്തോടും കൂടിയാണ് മറ്റുകുട്ടികൾ കാണുന്നത്. സ്കൂളിലും പുറത്തും അനുഭവിക്കേണ്ടിവരുന്ന ഈ അവഹേളനവും അവഗണനയും ഒറ്റപ്പെടലും അവന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. ഈ വിവേചനവും വെറുപ്പും അനുഭവിക്കാൻ എന്തു തെറ്റാണു താൻ ചെയ്തത്? ആ നീറുന്ന ചോദ്യം അവന്റെ മനസ്സിൽ ഉയർന്നുകൊണ്ടിരുന്നു. മഹർജാതിക്കാരായ മാതാപിതാക്കളുടെ മകനായത് തന്റെ തെറ്റാണോ?

ഒക്കെ ജാതി നിയമങ്ങളാണത്രെ! ഇതൊന്നും ശരിയല്ല എന്ന് അവനു തോന്നാതിരുന്നില്ല. പക്ഷേ, ചോദിക്കാനും പറയാനും അവൻ ഒന്നുമല്ലല്ലോ. എങ്കിലും ഇങ്ങനെയെങ്കിലും പഠിക്കാൻ അവസരം ലഭിച്ചല്ലോ! അതിൽ അവനു സന്തോഷം തോന്നി. പ്രത്യേകിച്ച് അംബേദ്കർ മാഷ്ക്കു തന്നെ ഇഷ്ടമാണെന്നോർക്കുമ്പോൾ...

എല്ലാം ക്ഷമിച്ചും സഹിച്ചും ഭീംറാവു പഠനത്തിൽ കൂടുതൽ ശ്രദ്ധചെലുത്തി. മെച്ചപ്പെട്ട ഒരു ജീവിതമുണ്ടാകണമെങ്കിൽ വിദ്യാഭ്യാസം നേടിയേ പറ്റൂ എന്ന് അവന്റെ അച്ഛൻ പറയാറുണ്ട്. സാഹചര്യങ്ങൾ ഇങ്ങനെയായിട്ടും പഠനത്തിൽ മിടുക്കനായ ഭീംറാവുവിനോട് ക്ലാസ് ടീച്ചറായ അംബേദ്കർ മാഷ്ക്ക് ഏറെ ഇഷ്ടം തോന്നി. കറുത്തതെങ്കിലും ഒരു ലക്ഷണമുള്ള മുഖം. വിടർന്നു തിളക്കമുള്ള കണ്ണുകൾ. ബ്രാഹ്മണനായ അദ്ദേഹം അയിത്തം അവഗണിച്ച് അവനോട് അടുത്തുപെരുമാറി. സ്നേഹമുള്ള പുഞ്ചിരിയും നല്ല വാക്കുകളും നൽകി സന്തോഷിപ്പിച്ചു. ഉച്ചയ്ക്കു ഭക്ഷണമില്ലാതെ വിശന്നു തളർന്നിരുന്ന ചില ദിവസങ്ങളിൽ അദ്ദേഹം തന്റെ ഭക്ഷണത്തിൽ നിന്ന് ഒരു പങ്കു നൽകി അവനെ ആശ്വസിപ്പിച്ചു. അദ്ദേഹം അവന് ആത്മവിശ്വാസവും പ്രതീക്ഷയും നൽകി.

അങ്ങനെ അവന്റെ മനസ്സിലെ ദൈവമായി മാറി അംബേദ്കർ മാഷ്. ഭീംറാവു ഭാവിയിൽ കഴിവുറ്റ ഒരുന്നത വ്യക്തിയായിത്തീരാനുള്ള ലക്ഷണങ്ങൾ ആ നല്ല ഗുരുനാഥന് ദീർഘദർശനം ചെയ്യാൻ കഴിഞ്ഞിരിക്കണം. അത് പിൽക്കാലത്ത് സഫലമാകയും ചെയ്തത് ചരിത്രമാണ്.

അയിത്തജാതിക്കാരനെന്ന നിലയിൽ പലവിധത്തിലും പീഡിപ്പിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്തു. ആ ഭീംറാവു

പിന്നീട് ആരായിത്തീർന്നു?

ഭാരതരത്നം ഡോ. അംബേദ്കർ! ഇന്ത്യൻ ഭരണഘടനയുടെ ശില്പി. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ നിയമകാര്യമന്ത്രി. ഇന്ത്യയിലെ അധഃസ്ഥിത ജനവിഭാഗങ്ങളെ അയിത്തമുക്തമാക്കുകയും അവരിൽ അവകാശബോധവും ആത്മാഭിമാനബോധവും ആത്മവിശ്വാസവും ഉണ്ടാക്കുകയും ചെയ്ത നേതാവ്.

വെറുക്കപ്പെട്ട ഒരു ചെളിക്കട്ട ഉജ്ജ്വലശോഭയുള്ള ഒരു രത്നമായി രൂപാന്തരപ്പെട്ട അത്ഭുതകഥയാണ് ഡോ. ഭീംറാവു അംബേദ്കറുടേത്. അതറിയുന്നത് ഏതൊരു ദുർബലനും ആത്മവിശ്വാസവും ആവേശവും നൽകുകതന്നെ ചെയ്യും.

1891 ഏപ്രിൽ 14 നാണ് അദ്ദേഹം ജനിച്ചത്. മഹാരാഷ്ട്രയിലെ രത്നഗിരി ജില്ലയിൽ മോവ് ഗ്രാമത്തിൽ. സൈനിക ജോലിക്കാരൻ രാംജി സക്പാൽ അച്ഛനും ഭീമാബായി അമ്മയും. അവരുടെ പതിനാലാമത്തെ പുത്രനാണ് ഭീംറാവു. പക്ഷേ സഹോദരങ്ങളിൽ ഒമ്പതുപേരും നേരത്തേ മരിച്ചുപോയിരുന്നു. ബലറാം, ആനന്ദറാം എന്നീ സഹോദരന്മാരും മഞ്ജുള, തുളസി എന്നീ സഹോദരിമാരുമാണ് ശേഷിച്ചത്. ഭീമിന് ആറുവയസ്സുള്ളപ്പോൾ അമ്മയും മരിച്ചു. പിന്നീട് ഒരമ്മായിയുടെ സ്നേഹത്തിന്റെ തണലിലാണു വളർന്നത്.

മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു വൈകുന്നേരം നടന്നുതളർന്ന് വഴിയരികിൽ കണ്ട ഒരു കിണറ്റിൽ നിന്നു കുറച്ചു വെള്ളം കോരിയപ്പോഴേക്കും അവന്റെ മേൽ കനത്ത അടി വീണു. ''നീ ഞങ്ങളുടെ വെള്ളം തൊട്ട് അശുദ്ധമാക്കി അല്ലേടാ പന്നീ!'' എന്ന് ആക്രോശിച്ചുകൊണ്ടായിരുന്നു അടിച്ചുചതച്ചത്.

ആ സംഭവം അവനിൽ ഭയവും രോഷവും പ്രതിഷേധവും ഉണ്ടാക്കി. റാംജി സക്പാലിനു ബോംബെയിൽ ജോലിയായപ്പോൾ ഭീംറാവുവിനു സത്താറ സ്കൂൾ വിടേണ്ടിവന്നു. ബോംബെയിലെ എൽഫിൻസ്റ്റൺ ഹൈസ്കൂളിലാണു പഠനം തുടർന്നത്. അപ്പോഴും സത്താറ സ്കൂളിലെ അംബേദ്കർ മാഷ്ടെ സ്നേഹം ഒരു ഗുരുത്വമായി നിലനിന്നു. പ്രിയശിഷ്യനോടുള്ള സ്നേഹസൂചകമായി ഗുരുനാഥൻ തന്റെ കുടുംബപ്പേരായ 'അംബേദ്കർ' ഭീംറാവുവിന് നൽകി. അങ്ങനെയാണ് ഭീംറാവു അംബേദ്കറായത്.

ബോംബെയിൽ പാവപ്പെട്ടവരുടെ കോളനിയിലെ ചെറിയൊരു കുടിലിലായിരുന്നു താമസം. പഠനകാര്യങ്ങളിൽ അത്യധികം ശ്രദ്ധചെലുത്തി. വായന ഏറെ ഇഷ്ടമായെങ്കിലും പുസ്തകപ്പുഴുവായി ഒതുങ്ങിക്കഴിഞ്ഞില്ല. പൂച്ചെടികൾ നട്ടുവളർത്തുന്നതിലും ആടുകളെ മേയ്ക്കാനും ക്രിക്കറ്റ് കളിക്കാനും ഇടയ്ക്കു സമയം കണ്ടെത്തി.



ഡോ. അംബേദ്കറും പത്നി
ഡോ. സവിതാ അംബേദ്കറും

എൽഫിൻസ്റ്റൺ കോളജിന്റെ ചരിത്രത്തിൽ ആദ്യമായി ദളിത് വിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർഥി മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചത് ഭീംറാവു അംബേദ്കറിലൂടെയാണ്. 1907 ൽ ആയിരുന്നു അത്. സാംസ്കാരികസംഘടന അംബേദ്കറുടെ വിജയത്തെ അനുമോദിക്കാൻ ഒരു യോഗം നടത്തി. ആ സമ്മേളനത്തിൽ വച്ച് അവിടത്തെ പ്രൊഫസർ കെലൂസ്കർ അംബേദ്കർക്കു സമ്മാനമായി നൽകിയത് ബുദ്ധന്റെ ജീവചരിത്രഗ്രന്ഥമാണ്. ആ പുസ്തകം അദ്ദേഹത്തിന്റെ ജീവിതത്തെ പിന്നീട് ഏറെ സ്വാധീനിക്കുകയും ചെയ്തു.

പഠനത്തിലുള്ള അംബേദ്കറുടെ കഴിവിൽ സന്തുഷ്ടനായ ബറോഡ മഹാരാജാവ് തുടർന്നുള്ള പഠനത്തിനു വേണ്ട സ്കോളർഷിപ്പ് നൽകി. അമേരിക്കയിലെ കൊളംബിയ സർവകലാശാലയിൽ നിന്ന് രാഷ്ട്രമീമാംസയിലും തത്വശാസ്ത്രത്തിലും ഉന്നതബിരുദം നേടി. അതിനുശേഷം അദ്ദേഹം ജർമനിയിൽ നിന്നു നിയമബിരുദവും കരസ്ഥമാക്കി. പഠനച്ചെലവിനും ജീവിതച്ചെലവിനും മതിയായ പണം കണ്ടെത്താൻ വിഷമിച്ച് അദ്ദേഹത്തിന് പഠനത്തിനിടയ്ക്കു പല ജോലികളും ചെയ്യേണ്ടിവന്നു.

വിദേശത്തുനിന്നു തിരിച്ചെത്തിയ അംബേദ്കർ ബറോഡ രാജാവിന്റെ സൈനിക സെക്രട്ടറിയായും അതിനുശേഷം സിഡൻഹാം കോളജിൽ അധ്യാപകനായും നിയമിക്കപ്പെട്ടു. എന്നാൽ, ഇത്ര ഉയർന്ന വിദ്യാഭ്യാസയോഗ്യതയുണ്ടായിട്ടും അയിത്തജാതിക്കാരനായതിനാൽ മേൽജാതിക്കാരായ ഉദ്യോഗസ്ഥരുടെ നിസ്സഹകരണവും അവഗണനയും മൂലം മനംനൊന്ത്

അദ്ദേഹത്തിന് ജോലി ഉപേക്ഷിക്കേണ്ടിവന്നു.

അതിനുശേഷം അദ്ദേഹം ജീർണിച്ച ജാതി വ്യവസ്ഥയും അയിത്തവും ഇല്ലാതാക്കാനുള്ള സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങൾ ആരംഭിച്ചു. 1924 ൽ അയിത്തജാതിക്കാരെ സംഘടിപ്പിച്ചുകൊണ്ട് 'ബഹിഷ്കൃത ഹിതകാരിണി സഭ' എന്ന സംഘടനയുണ്ടാക്കി. അവരുടെ ജീവിതാവകാശങ്ങൾക്കും നീതിക്കും വേണ്ടിയുള്ള സമരങ്ങൾക്കു നേതൃത്വം നൽകി. സംഘടനയുടെ ആശയപ്രചാരണത്തിനായി 'മൂകനായക്' എന്ന പ്രസിദ്ധീകരണം തുടങ്ങി.

പൊതു കിണറുകൾ, കുളങ്ങൾ, ക്ഷേത്രങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, ധർമശാലകൾ തുടങ്ങിയവയെല്ലാം അയിത്തജാതിക്കാർക്ക് അന്യമായിരുന്നു. അവിടെയെല്ലാം പ്രവേശിക്കാനുള്ള അവകാശസമരങ്ങൾ ആരംഭിച്ചു. ബോംബെയിലെ 'ചൗദാർകുളം' എല്ലാവർക്കും ഉപയോഗിക്കാനുള്ള അവകാശത്തിനായി അംബേദ്കർ ഒരു വലിയ സംഘവുമായി ച്ചെന്നു. കുളത്തിലിറങ്ങി നിരോധനം ലംഘിച്ചു സമരം ചെയ്തു.

കേരളത്തിൽ നടന്ന ക്ഷേത്രപ്രവേശനസമരം പോലെ നാസിക്കിലെ കലാറാം ക്ഷേത്രത്തിൽ അയിത്തജാതിക്കാർക്കും പ്രവേശനം ആവശ്യപ്പെട്ട് വലിയൊരു സമരം നടത്തി. നീണ്ടകാലത്തെ



അംബേദ്കർ ബാരിസ്റ്റർ വേഷത്തിൽ

സമരത്തിനുശേഷം ക്ഷേത്രപ്രവേശന സ്വാതന്ത്ര്യം അംഗീകരിക്കപ്പെട്ടു.

തുടർന്ന് ദളിത് സമൂഹത്തിന്റെ സാമൂഹിക പുരോഗതിക്കു ഭരണപങ്കാളിത്തവും വിദ്യാഭ്യാസം, ഉദ്യോഗം എന്നിവയ്ക്കു പ്രത്യേകസംവരണവും ആവശ്യപ്പെട്ടുകൊണ്ടുള്ള പോരാട്ടം നടത്തി. അങ്ങനെ അടിച്ചമർത്തപ്പെട്ട അധഃസ്ഥിതസമൂഹത്തിന്റെ മോചനത്തിനും സാമൂഹികസമത്വം, അഭിമാനസംരക്ഷണം, സ്വാതന്ത്ര്യം, പൗരാവകാശങ്ങൾ എന്നിവയ്ക്കുവേണ്ടിയും ത്യാഗപൂർവം ജീവിതം സമർപ്പിച്ച ധീരനായ നേതാവായി ഡോ. അംബേദ്കർ.

1952 മുതൽ 4 വർഷത്തോളം അദ്ദേഹം രാജ്യസഭാംഗവുമായിരുന്നു. വിജ്ഞാനദാഹിയായിരുന്ന അംബേദ്കർ പുസ്തകങ്ങളുടെ കാമുകനായിരുന്നു. ഏതു വിഷമാവസ്ഥയിലും ആശ്വാസത്തിനും പ്രശ്നപരിഹാരത്തിനും ആശ്രയിച്ചത് പുസ്തകങ്ങളെയാണ്. വായനയായിരുന്നു സന്തോഷവും ശക്തിയും. ബോംബെയിലെ അദ്ദേഹത്തിന്റെ ഭവനം ഒരു വലിയ ലൈബ്രറി തന്നെയായിരുന്നു.

മികവുറ്റ ഒരെഴുത്തുകാരൻ കൂടിയായിരുന്നു അംബേദ്കർ. സാമൂഹിക ചരിത്രപഠനങ്ങളാണേറെയും. *അയിത്തക്കാർ, ആരാണു ശൂദ്രർ, ജാതി ഉന്മൂലനം, ബുദ്ധനും കാറൽമാർക്സും, ബുദ്ധധർമം* തുടങ്ങിയ നിരവധി കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്.

അയിത്തജാതിക്കാരൻ എന്ന നിലയിൽ യാഥാസ്ഥിതിക മേൽജാതിക്കാരുടെ പീഡനങ്ങളും തിരസ്കാരങ്ങളും ഒറ്റപ്പെടലുമൊക്കെ ഏറെ അനുഭവിക്കേണ്ടിവന്നു. എങ്കിലും അദ്ദേഹത്തിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും കൈത്താങ്ങായി നിലകൊള്ളാനും സവർണരായ ചിലരുണ്ടായിരുന്നു എന്നതു മറന്നുകൂടാ. ബ്രാഹ്മണനായ അംബേദ്കർ മാഷ്, വിദേശപഠനത്തിനു സഹായിച്ച ബറോഡ മഹാരാജാവ്, രാജാവിനെ പരിചയപ്പെടുത്തി സ്കോളർഷിപ്പിനു ശുപാർശ ചെയ്ത പ്രൊഫ. കെലൂസ്കർ, ബാരിസ്റ്ററായി സന്നതെടുക്കാൻ പണം നൽകി സഹായിച്ച ബതേന - അവരെല്ലാം അംബേദ്കറുടെ അസാമാന്യമായ കഴിവുകളെയാണ് കണ്ടതും മാനിച്ചതും, ജാതിയെയല്ല. രാജ്യത്തെ നന്മയിലൂടെ പുരോഗതിയിലേക്കു നയിക്കുന്നത് അത്തരം മഹദ്വ്യക്തികളാണ്.

1956 ഡിസംബർ 6 ന് മഹാനായ ആ നേതാവ് അന്തരിച്ചു. 1990 ൽ ഇന്ത്യാഗവൺമെന്റ് 'ഭാരതരത്ന' എന്ന അത്യുന്നത ദേശീയ ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചു.



വര: ആശ ആർ

# രുചിമോഹം

ഹരീഷ് ആർ നമ്പൂതിരിപ്പാട്

താളും, തകര, പിണ്ടി, കുടപ്പൻ
ചേനത്തണ്ടും വൻ പയറും
കപ്പങ്ങായും ചേമ്പും കാച്ചിലു-
മൊക്കേയുമുണ്ടേ തൊടിതന്നിൽ
വിഷമില്ലാത്തവയൊക്കെക്കൂടി
സഞ്ചിയിലാക്കിപ്പോകുന്നു
അങ്ങാടിയിലവയൊക്കെക്കൂടി-
ത്തുച്ഛം കാശിനു വിൽക്കുന്നു.

വേണ്ടാ, ചീര, മുരിങ്ങയുമതുപോൽ
വീട്ടിൽ വളർന്നിടുമിലയൊന്നും
രുചിയുടെ പുറകേ പോയിട്ടനവധി
വിഷവും വാങ്ങി മടങ്ങുന്നൂ
ഉള്ളി, സവാള, യുരുളൻ, ക്യാബേജ്
കോളിഫ്ളവറും ക്യാപ്സിക്കം
കുത്തിനിറച്ചൊരു സഞ്ചിയുമായി-
ട്ടെത്തുകയാണേൽ ബഹുകേമം.

കഥ

# പൂവിന്റെ നോവ്

**സ്മിത എസ് നായർ, ഉമർഗാവ്**

സ്കൂളിലേക്കുള്ള യാത്രയിൽ അമ്മുവിന്റെ പ്രിയവിനോദമായിരുന്നു റോഡിനിരുവശത്തും വളർന്നുനിൽക്കുന്ന പൂക്കളോടും ചെടികളോടും കിന്നാരം പറയുക. സ്കൂളിൽ പോന്ന വഴിക്കു കുടിക്കാൻ അമ്മ തന്നുവിടുന്ന കുറച്ചു വെള്ളം എന്നും മറക്കാതെ ഒഴിച്ചു കൊടുക്കും. സ്കൂൾ വിട്ടുപോവുമ്പോഴും കുറച്ചു വെള്ളം ബാക്കിവയക്കാനും അമ്മുക്കുട്ടി മറക്കാറില്ല. മറുനാട്ടിൽ ഒറ്റമുറി ഫ്ളാറ്റിൽ ആണ് അമ്മുക്കുട്ടിയും അച്ഛനും അമ്മയും താമസം. പരിമിതമായ സ്ഥലത്ത് ഒരു പൂന്തോട്ടം ഒരുക്കുക അസാധ്യമായിരുന്നു. അമ്മയ്ക്കു പൂജ ചെയ്യാൻ ഒരു തുളസി ചട്ടിക്കുള്ള സ്ഥലം മാത്രമേ ബാൽക്കണിയിൽ ഉണ്ടായിരുന്നുള്ളൂ. അമ്മുക്കുട്ടിക്ക് ഒരുപാട് ചെടികളും പൂക്കളും നട്ടുനനച്ചു വളർത്താൻ വലിയ ആഗ്രഹമാണ്. അപ്പോഴൊക്കെ അമ്മ പറയും നാട്ടിൽ പോയിട്ട് ഒരു കുഞ്ഞുവീടു വച്ച് അതിനുചുറ്റും നിറയെ പൂക്കളും ചെടികളും വച്ചുപിടിപ്പിക്കാമെന്ന്... പക്ഷേ അത് എപ്പോഴെന്ന് അമ്മയ്ക്കുമറിയില്ല. അതുകൊണ്ട് സ്കൂൾ മതിലിനോടു ചേർന്നുള്ള വഴിയരികിൽ കാണുന്ന ചെടികളെ അമ്മുക്കുട്ടി സ്വന്തമായി കരുതി എന്നും വെള്ളം ഒഴിക്കും. വളരെ സ്നേഹത്തോടെ ചെടികളെ തൊട്ടുതലോടിയും പൂക്കളെ ഓമനിച്ചുമായിരുന്നു സ്കൂളിലേക്കുള്ള യാത്ര. ചെടി വളരുന്നതും മൊട്ട് ഇടുന്നതും പൂവ് വിരിയുന്നതും സാകൂതം നോക്കിനിൽക്കും. അങ്ങനെ ഒരു



വര : സചീന്ദ്രൻ കാറഡുക്ക

ദിവസം സ്കൂൾ വിട്ടുവരുമ്പോൾ കണ്ട കാഴ്ച അമ്മുക്കുട്ടിയെ അതീവ ദുഃഖത്തിലാഴ്ത്തി. സ്കൂളിലേക്കു പോകുന്ന റോഡിന് രണ്ടുവശവുമുള്ള ചെടികൾ മുഴുവൻ വേരോടെ പിഴുതെറിഞ്ഞിരിക്കുന്നു. അമ്മുക്കുട്ടി പണിക്കാരുടെ അടുത്തേക്ക് ഓടിച്ചെന്നു ചോദിച്ചു... "എന്തിനാ ആ ചെടികൾ പിഴുതുമാറ്റിയത്? നിറയെ മൊട്ടിട്ടു നിന്നതു കണ്ടില്ലായിരുന്നോ?"

"അത് തനിയെ മുളച്ച കാട്ടുചെടികൾ. നന്നല്ലാത്ത പൂക്കളാണ്. സ്കൂളിലേക്കുള്ള വഴി മുഴുവൻ കാടുപിടിക്കുന്നു." പണിക്കാർ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു.

"കാട്ടുചെടികൾ പിഴുതുമാറ്റുവാൻ ഉള്ളതാണോ? പൂക്കൾക്കു നല്ലതും ചീത്തയും ആരാ നിശ്ചയിക്കുന്നത്?" അമ്മുക്കുട്ടിക്ക് ദേഷ്യവും സങ്കടവും വന്നു.

കാട്ടുചെടികൾക്കും നന്നല്ലാ പൂക്കൾക്കുമൊന്നും ഈ മണ്ണിൽ വളരാൻ അവകാശമില്ലേ? അമ്മുക്കുട്ടി സ്വയം ചോദിച്ചു. ഉണ്ട് തീർച്ചയായും ഉണ്ട്. അവകാശമുണ്ട്. പിഴുതെറിഞ്ഞ ചെടികൾ ദൂരെമാറി സ്കൂൾ കെട്ടിടത്തിനരികെ വച്ചുപിടിപ്പിച്ചു. ഇതൊക്കെ കണ്ടുനിന്ന അവളുടെ ക്ലാസ്ടീച്ചർ അവളെ വാത്സല്യത്തോടെ ചേർത്തുപിടിച്ചു. അമ്മുക്കുട്ടിയെ പോലുള്ള പ്രകൃതിസ്നേഹികൾ വളർന്നുവരണം. മരിച്ചുകൊണ്ടിരിക്കുന്ന ഭൂമിദേവിക്ക്, പ്രകൃതിക്ക് കാവലാളായി.

## എഴുത്ത്

**എം സേതുമാധവൻ,**
**മലയാളം മിഷൻ**



വര : ബോബി എം പ്രഭ

അതൊരു
വിശപ്പായി തോന്നണം!
ദാഹമായി മാറണം!
ശ്വാസമായിത്തീരണം!

ഒലിച്ചിറങ്ങിയൊഴുകണം,
കണ്ണീരായി,
നീർച്ചാലുകളായി,
തോടായി...
പുഴയായി.
തീരത്തണയണം
തിരമാലയായി...

ഉണ്ടാകണം കൂടെ
ഊണിലും,
ഉറക്കത്തിലും,
ചിന്തകളായി...
കുളിരായി
പ്രണയമായി
പ്രേമമായി


വഴിനീളെ പാകുക
അക്ഷരവിത്തുകൾ,
മുളക്കട്ടെ, വളരട്ടെ,
പടർന്നുപന്തലിക്കട്ടെ,
തണൽ തരും
തണുപ്പേകും,
അക്ഷരപ്പൂമരങ്ങൾ.


എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

# തുമ്പിക്കല്യാണം

**റീന വാക്കയിൽ, ന്യൂ ഡൽഹി**

കാക്കപ്പൂ പൂത്തൊരു നേരം
കാർത്തുമ്പി വിരുന്നിനെത്തി
നീലക്കടലല പോലെ പൂക്കൾ
ചേലോടെ വരവേൽപ്പേകി
പൂവാംകുരുന്നില തളിരിൽ
പൂവാലൻ തുമ്പിയുമെത്തി
കണ്ണാന്തളി പൂക്കൾ ചേർന്നൊരു
കല്യാണപ്പന്തലൊരുക്കി
തുമ്പിപ്പെണ്ണിനൊരുങ്ങാനായി
തുമ്പപ്പൂക്കൾ തണലുവിരിച്ചു
കുഞ്ഞിക്കണ്ണിൽ മഷിയെഴുതീടാൻ
കുന്നിക്കുരു തരി കരി നൽകി
ചെഞ്ചായം ചുണ്ടിൽ തേക്കാൻ
മഞ്ചാടി ചോപ്പും നൽകി
തങ്കത്തരിവള തുമ്പിക്കേകാൻ
തെങ്കാശിപ്പൂക്കൾ വന്നേ
മൂക്കുത്തി ചേലൊടു ചാർത്താൻ
മുക്കുറ്റിപ്പൂക്കളുമെത്തി
ചുറ്റിയുടുക്കാൻ കോടിയുമായി
ചിറ്റാടപ്പൂവുകൾ വന്നേ
കാലിൽ തളകൾ ചാർത്തീടാൻ
കായാമ്പു പൂക്കളുമെത്തി
പൊൻമാലകൾ ചാർത്താനായി
പൊന്നരളിപ്പൂക്കളുമെത്തി
പൂമാലകൾ മുടിയിൽ ചാർത്താൻ
പൂമുല്ലകൾ മാലയൊരുക്കി
ചെമ്മേ കാതിലണിഞ്ഞീടാനായ്
കമ്മലു നൽകീ വേലിപ്പൂ
വേളിക്കുള്ളൊരു നേരമണഞ്ഞേ
വേളിപ്പന്തലിൽ കുരവയുയർന്നേ
തുള്ളിത്തുള്ളി തുമ്പികൾ രണ്ടും
വെള്ളില കാട്ടിൽ പാറിവരുന്നേ.





വര : സചീന്ദ്രൻ കാറഡുക്ക

മലയാളം മിഷൻ

# കൊട്ടും പാട്ടും

ശ്രീജ സരസ്വതി, ഫ്രാൻസ്



വര : സചീന്ദ്രൻ കാറഡുക്ക

കുട്ടിക്കൊരു പാട്ടുണ്ടേ
പാട്ടിന്നൊരു കൊട്ടുണ്ടേ
കൊട്ടുമ്പോൾ കൂടുന്നേ
കുട്ടിക്കൂട്ടം

തട്ടല്ലേ മുട്ടല്ലേ
തട്ട്യാലും വീഴല്ലേ
മുട്ട്യാലും കുട്ടിത്തം
പൊട്ടിക്കല്ലേ

കൊട്ടട്ടേ പാടട്ടേ
കട്ടയ്ക്കിരുട്ടല്ലേ
കൊട്ടിക്കയറുമ്പോൾ
വെട്ടമല്ലേ.





എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

# റസ്സലിന്റെ മറുപടി

**പള്ളിയറ ശ്രീധരൻ**


ബർട്രാൻഡ് റസ്സൽ

ഊർജ്ജതന്ത്രം, രസതന്ത്രം, വൈദ്യശാസ്ത്രം എന്നിങ്ങനെയുള്ള ശാസ്ത്ര വിഷയങ്ങൾക്കൊക്കെ നോബൽ സമ്മാനം നൽകുന്നുണ്ടെങ്കിലും ശാസ്ത്ര ങ്ങളുടെ ശാസ്ത്രമായ ഗണിതശാസ്ത്രത്തിന് നോബൽ സമ്മാനം ഏർപ്പെടുത്തിയി ട്ടില്ല. തന്റെ ശത്രുവായ മേഗ്നസ് ഗുസ്തവ് മിട്ടാഗ് ലഫ്ളർ (Megnus Gustav Mittag Leffler)ക്ക് ഒരിക്കലും താൻ ഏർപ്പെടുത്തുന്ന പുരസ്കാരം ലഭിക്കരുത് എന്ന ചിന്ത ആൽഫ്രഡ് നോബലിന് ഉണ്ടായതുകൊണ്ടാണ് നോബൽ സമ്മാന വിഷയത്തിൽ നിന്ന് ഗണിതശാസ്ത്രം ഒഴിവാക്കപ്പെട്ടതെന്ന് പറയപ്പെടുന്നു.

പക്ഷെ, ഗണിതശാസ്ത്രജ്ഞന്മാർക്കും നോബൽ സമ്മാനം കിട്ടിയിട്ടുണ്ട്. ഉദാഹരണം ആർതർ വില്യം ബർട്രാൻഡ് റസ്സൽ (Arther William Bertrand Russel). ഗണിതശാസ്ത്ര ത്തിലല്ല സാഹിത്യത്തിനാണ് അദ്ദേഹത്തിന് നോബൽ സമ്മാനം ലഭിച്ചത്. അദ്ദേഹവും വൈറ്റ് ഹെഡും ചേർന്നെഴുതിയ *പ്രിൻസിപ്പിയ മാത്തമറ്റിക്ക* ഗണിതശാസ്ത്രത്തിലെ ഒരു അടിസ്ഥാന ഗ്രന്ഥമാണ് (സർ ഐസക്ക് ന്യൂട്ടനും ഇതേപേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

ഒരിക്കൽ റസ്സൽ ഒരു ലോഡ്ജിൽ താമസിക്കാനിടയായി. അദ്ദേഹം താമസിച്ചി രുന്ന മുറിയുടെ നമ്പർ 1414 ആയിരുന്നു. റസ്സലിന്റെ സുഹൃത്തുക്കളിലൊരാൾ ഈ സംഖ്യക്ക് യാതൊരു പ്രത്യേകതയുമില്ലല്ലോ, ഓർക്കാൻ വലിയ പ്രയാസം എന്ന് പരാതിപ്പെടുകയുണ്ടായി. അപ്രതീക്ഷിതമായ ഈ ചോദ്യത്തിന് റസ്സലിന്റെ മറുപടി അഥവാ ചോദ്യം ഇതായിരുന്നു ''2 ന്റെ വർഗ്ഗമൂലത്തിന്റെ ഏകദേശവിലയല്ലേ 1.414?''

palliyarasreedharan@gmail.com

കവിത

# ആന

**വിനോദ് വൈശാഖി**

*(മീതിമലയിലെ കുട്ടികളും സുഗതകുമാരി ടീച്ചറും)*

**ടീച്ചർ :**
'ഇതെന്താണ്
വരച്ച പടങ്ങളിൽ
ഇലയെക്കാൾ
വലിയ മുള്ളുകൾ'

**കുട്ടികൾ :**
'മീതിമലയ്ക്ക്
നീതി വേണം
വല്യ മുള്ളുകൾ
മഞ്ഞ യക്ഷിയെ
കുത്തിക്കൊല്ലും.'

**ടീച്ചർ :**
'മഞ്ഞയെക്ഷി
ഓ! ജെ സി ബി'




വര: എൻ ടി രാജീവ്

**ടീച്ചർ:**
'കരയിലെ
ഏറ്റവും വലിയ ജീവി
ഏതാണ്?'

**കുട്ടികൾ:**
'ആന'

**ടീച്ചർ:**
'നിങ്ങൾക്ക്
പത്തിന് പത്ത്.'

**ഒരു കുട്ടി:**
'ജെ സി ബി'

**ടീച്ചർ:**
'നിനക്ക് പൂജ്യം.'

**കുട്ടി:**
(പൂജ്യം മാർക്ക് ഉയർത്തി)

'ഇന്നലെ പാലം
കടക്കുമ്പോൾ
ഈ ജീവിയെ
ടീച്ചർ എനിക്ക്
കാണിച്ചു തന്നതല്ലേ!
അതിന്റെ
കാലുകൾ മണ്ണിൽ
ഉരുണ്ടുനീങ്ങുന്ന
തുകണ്ട് നമ്മൾ
ഒന്നിച്ചന്തംവിട്ടില്ലേ!

അതിന്റെ
തുമ്പിക്കൈ മണ്ണിൽ
താഴ്ന്നുയർന്നപ്പോൾ
ഒന്നാമത്തെ വിരലിൽ
പിടയ്ക്കും പാമ്പിനെ
ടീച്ചറെനിക്കു കാണിച്ചു
തന്നതല്ലെ !

രണ്ടാമത്തെ വിരലിൽ
കൊരുത്ത്
ഒരു തവള ക്രോം ക്രോം
എന്ന് കരയുന്നത്
നമ്മൾ കണ്ടതല്ലേ !

മൂന്നാമത്തെ വിരലിൽ
ചതഞ്ഞു പോയ
പച്ചിലകൾ,
മരത്തിനോട്
പ്രാർത്ഥിക്കുന്നത്
ടീച്ചറെനിക്ക്
കാണിച്ചു തന്നതല്ലേ!

നാലാമത്തെ
വിരലിൽനിന്നും
മണ്ണിന്റെ രക്തം
തുള്ളികളായടർന്നു
വീഴുമ്പോൾ
'മണ്ണിനും ചോര
യുണ്ടോ ടീച്ചർ?'
എന്ന ചോദ്യത്തിനുത്തര
മില്ലാതെ ടീച്ചർ
വിങ്ങിയതോർമ്മയില്ലേ!

അഞ്ചാമത്തെ വിരലിൽ
ഒരു കുഞ്ഞുതൊട്ടിൽ
രാരീരം പാടുന്നതു കണ്ട്
കണ്ണുപൂട്ടാൻ
ടീച്ചറെന്നോട് പറഞ്ഞില്ലേ!
എന്നിട്ടും
എന്നിട്ടും
എനിക്കു മാത്രം പൂജ്യം!
എനിക്കു മാത്രം പൂജ്യം!
ഇനി
പറയൂ ടീച്ചർ
കരയിലെ
ഏറ്റവും വലിയ ജീവി
ഏതാണ്?'

**ടീച്ചർ**
ഞെട്ടി മുളച്ചു പറഞ്ഞു:

'ജെ സി ബി'



**സുഗതകുമാരി ടീച്ചർ മീതിമലയിലെത്തിയ കാലത്തിന്റെ ഓർമ്മ*

# അമ്മൂമ്മയുടെ ആനക്കുട്ടി


**പുനരാഖ്യാനം: റോസ്മേരി**

ഒരിടത്തൊരിടത്ത് ഒരു വലിയ പണക്കാരനുണ്ടായിരുന്നു. തൊട്ടടുത്തായി, പാവപ്പെട്ട ഒരമ്മൂമ്മയും വസിച്ചിരുന്നു. അയാൾ ഒരുനാൾ ഒരു ചെറിയ ആനക്കുട്ടിയെ അമ്മൂമ്മയ്ക്കു സമ്മാനിച്ചു.

ആരോരുമില്ലാതെ ഒറ്റയ്ക്കു കഴിയുന്ന ആ വൃദ്ധയ്ക്ക് ആനക്കുട്ടിയെ കൂട്ടു കിട്ടിയതിൽ വലിയ സന്തോഷമായി. കറുകറുത്ത ആ ആനക്കുഞ്ഞിനെ 'കുട്ടിക്കറുപ്പൻ' എന്നാണവർ പേർ ചൊല്ലി വിളിച്ചത്.

ഒരു മനുഷ്യക്കുഞ്ഞിനെ എന്നവണ്ണം വൃദ്ധ അവനെ ചോറൂട്ടി, കുളിപ്പിച്ചു, താലോലിച്ചു. കറുപ്പന് അമ്മൂമ്മയെയും അമ്മൂമ്മയ്ക്കു തന്റെ അരുമക്കുട്ടിയേയും വലിയ ഇഷ്ടമായിരുന്നു. വളർത്തമ്മ പോകുന്നിടത്തൊക്കെയും കുട്ടിക്കൊമ്പനും കൂടെയുണ്ടാവും.

ആ ഗ്രാമത്തിൽ ഒരുപാടു കുട്ടികളുണ്ട്. അവരുമായി



വര: സുരേഷ് പുല്ലങ്ങടി

കളിക്കുന്നത് നമ്മുടെ കറുപ്പന് വലിയ ഇഷ്ടമുള്ള കാര്യമാണ്. കുഞ്ഞുങ്ങളെ പുറത്തേറ്റി അവിടെങ്ങും ചുറ്റിത്തിരിയുക അവന്റെ പതിവാണ്. പകരം തങ്ങൾക്കു വീട്ടിൽ നിന്നു കിട്ടുന്ന മധുരപലഹാരങ്ങളൊക്കെ അവർ ആനച്ചങ്ങാതിയുമായി പങ്കിടും. അങ്ങനെ കളിയും നേരമ്പോക്കുകളുമായി ദിവസങ്ങൾ കടന്നുപോകുന്നു.

എല്ലാവരോടും വളരെ സ്നേഹമുള്ള കൂട്ടത്തിലാണ് നമ്മുടെ കറുപ്പൻ. ആളിനു പ്രായം കുറവാണെങ്കിലും നല്ല കരുത്തും ഉന്മേഷവുമുണ്ട്. പക്ഷേ, പറഞ്ഞിട്ടെന്തു ഫലം? കുട്ടിയാന കുഴിമടിയനാണ്. ഒരു പണിയും ചെയ്യൂല്ല.

അമ്മൂമ്മയുടെ പിന്നാലെ കൊഞ്ചിക്കുഴഞ്ഞും ഇഷ്ടമുള്ളതൊക്കെ തിന്നും കുടിച്ചും കുട്ടികളുടെ കൂടെ പകൽ മുഴുവൻ കളിച്ചും വിളയാടിയും അങ്ങനെ സമയം പോക്കുന്നു.

ഒരുദിവസം കറുപ്പൻ, അമ്മൂമ്മയോടു പറഞ്ഞു: ''മുത്തശ്ശീ, എന്നോടൊപ്പം വരൂ! നമുക്കു കാട്ടിൽപ്പോയി മധുരപ്പഴങ്ങൾ അടർത്തി തിന്നാം.''

''എന്റെ പൊന്നു മോനേ, ഞാനെങ്ങനെ വരാൻ? ഇക്കണ്ട പണികളത്രയും ഞാനൊറ്റയ്ക്കു ചെയ്തുതീർക്കണം. ജോലി തീരാതെ ഞാൻ എങ്ങോട്ടുമില്ല...'' അവർ ഒപ്പം പോകാൻ തയ്യാറായില്ല.

അപ്പോഴാണ് കുട്ടിക്കറുപ്പൻ ഒരു കാര്യം ശ്രദ്ധിച്ചത്. ''ഈശ്വരാ, ഒറ്റയ്ക്കു പണിയെടുത്തു പണിയെടുത്ത് തന്റെ പോറ്റമ്മ വല്ലാതെ ക്ഷീണിതയായിരിക്കുന്നു. അവരുടെ ആരോഗ്യം ക്ഷയിച്ചു. നടക്കാനും എടുക്കാനുമൊക്കെ എന്തൊരു ബുദ്ധിമുട്ട്...''

ഇത്രകാലവും താനതൊന്നും ശ്രദ്ധിച്ചില്ലല്ലോ എന്നോർത്ത് നമ്മുടെ കുട്ടിക്കൊമ്പനു വല്ലാത്ത സങ്കടം വന്നു. ''ഹോ, എന്തൊരു

**എല്ലാവരോടും വളരെ സ്നേഹമുള്ള കൂട്ടത്തിലാണ് നമ്മുടെ കറുപ്പൻ. ആളിനു പ്രായം കുറവാണെങ്കിലും നല്ല കരുത്തും ഉന്മേഷവുമുണ്ട്. പക്ഷേ, പറഞ്ഞിട്ടെന്തു ഫലം? കുട്ടിയാന കുഴിമടിയനാണ്. ഒരു പണിയും ചെയ്യൂല്ല. അമ്മൂമ്മയുടെ പിന്നാലെ കൊഞ്ചിക്കുഴഞ്ഞും ഇഷ്ടമുള്ളതൊക്കെ തിന്നും കുടിച്ചും കുട്ടികളുടെ കൂടെ കളിച്ചും സമയം പോക്കുന്നു.**

ചുമതലയില്ലാത്ത സന്തതിയാണു താൻ!'' അവന് അവനോടു തന്നെ ദേഷ്യം വന്നു.

''ഞാൻ എത്ര ചെറുപ്പം! നല്ല കരുത്തുമുണ്ട്. എന്തെങ്കിലും ഒരു പണി കിട്ടിയിരുന്നെങ്കിൽ കുറച്ചു കാശു സമ്പാദിക്കാമായിരുന്നു. കാശുണ്ടെങ്കിൽ പാവം എന്റെ അമ്മയ്ക്ക് ഇതുപോലെ കഷ്ടപ്പെടേണ്ടി വരില്ലായിരുന്നു.'' കറുപ്പൻ ചിന്തിച്ചു.

പിറ്റേന്നു പുലർച്ചെ ഇത്തരം പലവിധ ചിന്തകളുമായ് അവൻ പുഴക്കരയിലൂടെ നടക്കുകയായിരുന്നു. അപ്പോഴുണ്ട് അവനെ എതിരേൽക്കുന്ന ഒരു കാഴ്ച. നിരവധി കാളവണ്ടികൾ ഒന്നിനു പിന്നിൽ ഒന്നായങ്ങനെ കൊളുത്തിക്കൊളുത്തി ഇട്ടിരിക്കുന്നു.

വണ്ടികളിൽ നിറയെ ചരക്കുകൾ. മുന്നിൽ ഏതാനും കാളകളുമുണ്ട്. അവർ ആ ഭാരവണ്ടികളുമായ് പുഴ മുറിച്ചുകടക്കാൻ ശ്രമിക്കയാണ്. ആ പാവം കാളകൾ എത്ര വലിച്ചിട്ടും പിന്നിലെ വണ്ടികൾ തെല്ലുപോലും അനങ്ങുന്നില്ല. അത്രയ്ക്കുണ്ടു ഭാരം.

കാളകളുടെ ഉടമസ്ഥൻ ഒപ്പമുണ്ട്. അയാൾ ആകെ കുഴങ്ങി. കാളകളും ചരക്കുവണ്ടികളും നദിയുടെ ഒഴുക്കിൽ ഇറങ്ങിക്കഴിഞ്ഞു. അധികനേരം അങ്ങനെ നിൽക്കുക ആപത്താണ്. എന്തുണ്ട് ഒരു രക്ഷാമാർഗം?

പെട്ടെന്നാണ് നമ്മുടെ കറുപ്പൻ അയാളുടെ കണ്ണിൽപ്പെടുന്നത്. ആരുടേതാണ് ഈ ചുണക്കുട്ടൻ. ചരക്കുകൾ മറുകര എത്തിക്കാൻ എനിക്കവന്റെ സഹായം ആവശ്യമായിരിക്കുന്നു.

പുഴയോരത്തു നിന്നിരുന്ന കുട്ടികൾ വിളിച്ചുപറഞ്ഞു: ''ഇവൻ മുത്തശ്ശിയുടേതാണ്. പേര് കുട്ടിക്കറുപ്പനെന്നാ.''

''കൊള്ളാം! ഇവനെന്നെ തുണയ്ക്കുമെങ്കിൽ തക്ക സമ്മാനവും ഞാൻ കൊടുത്തിരിക്കും. ഓരോ വണ്ടി പുഴ കടത്തുന്നതിനും രണ്ടു വെള്ളിനാണയങ്ങൾ വീതം പ്രതിഫലം കൊടുക്കാമെന്ന് ഞാനിതാ വാക്കു നൽകുന്നു!'' ഉടമസ്ഥൻ ഉറക്കെ പ്രഖ്യാപിച്ചു.

നമ്മുടെ കറുപ്പൻ കുട്ടി ഇതു കേൾക്കേണ്ട താമസം സർവശക്തിയുമെടുത്ത് ആ വണ്ടികൾ വലിച്ചുതുടങ്ങി. കുറേ നേരത്തെ പരിശ്രമത്തിലൂടെ അവൻ സകല വണ്ടികളും മറുകരയെത്തിച്ചു.

ഉടമസ്ഥൻ പെട്ടെന്നു മനസ്സു മാറ്റി. അയാൾ വണ്ടിയൊന്നിന് ഒരു വെള്ളിനാണയം വച്ച് പ്രതിഫലം നേരെ പാതിയാക്കി. എന്നിട്ട് ആ നാണയങ്ങൾ ഒരു പണസഞ്ചിയിലാക്കി നമ്മുടെ കറുപ്പന്റെ നേർക്കു നീട്ടി.

അവൻ സമർഥനാണ്. അയാളുടെ വഞ്ചന തിരിച്ചറിഞ്ഞ നമ്മുടെ ആനക്കുട്ടി, ആ പണസഞ്ചി വാങ്ങാൻ കൂട്ടാക്കിയില്ല. അവൻ എന്തു ചെയ്തെന്നോ? റോഡിന്റെ ഒത്ത നടുക്കു കയറി വിലങ്ങനെ ഒരു നിൽപ്പ്!

അവനെ മറികടന്ന് ഒറ്റ വണ്ടിക്കും പോകാനാവില്ല. ഉടമസ്ഥൻ പല അഭ്യാസങ്ങളും പയറ്റിനോക്കിയിട്ടും രക്ഷയില്ല. കറുപ്പൻ ഒരിഞ്ചുപോലും മാറാൻ കൂട്ടാക്കുന്നില്ല.

ഒടുക്കം ആ കൗശലക്കാരൻ തോറ്റു തുന്നംപാടി. പണപ്പെട്ടി

**സമയം ഏതാണ്ടു സന്ധ്യ ആവാറായി. നേരം ഇരുട്ടിത്തുടങ്ങുന്നു. ആനക്കുട്ടി എവിടെപ്പോയോ എന്തോ? അമ്മൂമ്മയും കുട്ടികളും ആകാംക്ഷയോടെ വഴിക്കണ്ണും നട്ടു കാത്തിരിക്കയാണ്. ഇരുളെങ്ങും പരന്നതോടെ അവർക്കു പേടിയായി. ദൈവമേ കറുപ്പന് വല്ല ആപത്തും പിണഞ്ഞിരിക്കുമോ?**

തുറന്ന് ആൾ വീണ്ടും നാണയങ്ങൾ എണ്ണിത്തുടങ്ങി. നേരത്തെ പറഞ്ഞപ്രകാരം വണ്ടിയൊന്നിന് ഓരോ വെള്ളി നാണയം കൂടി എണ്ണി തിട്ടപ്പെടുത്തി. എന്നിട്ട് ഒക്കെയും ഒരു സഞ്ചിയിൽ നിറച്ച് ഭദ്രമാക്കി കറുപ്പന്റെ കഴുത്തിൽ തൂക്കിയിട്ടു.

ഇത്രനാൾ തന്റെ കണ്ണിലുണ്ണിപോൽ പോറ്റി വളർത്തിയ അമ്മൂമ്മയ്ക്ക് ജീവിതത്തിൽ ആദ്യമായ് താനിതാ ഒരു സമ്മാനം കൊടുക്കാൻ പോണു! അവന്റെ ഹൃദയം ആഹ്ലാദം കൊണ്ടുന്മത്തമായി. തല ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ അവൻ വീട്ടിലേക്കു മടങ്ങുകയാണ്.

സമയം ഏതാണ്ടു സന്ധ്യ ആവാറായി. നേരം ഇരുട്ടിത്തുടങ്ങുന്നു. ആനക്കുട്ടി എവിടെപ്പോയോ എന്തോ? അമ്മൂമ്മയും കുട്ടികളും ആകാംക്ഷയോടെ വഴിക്കണ്ണും നട്ടു കാത്തിരിക്കയാണ്. ഇരുളെങ്ങും പരന്നതോടെ അവർക്കു പേടിയായി. ദൈവമേ നമ്മുടെ പാവം കറുപ്പന് വല്ല ആപത്തും പിണഞ്ഞിരിക്കുമോ?

അപ്പോഴുണ്ട് അകലെ നിന്ന് ആൾ അടിവച്ചടിവച്ച് മെല്ലെ നടന്നടുക്കുന്നു. അവൻ നേരെ അമ്മൂമ്മയുടെ മുന്നിൽ ചെന്നു നിന്നു. അപ്പോഴാണ് ചരടിൽ തൂക്കിയിട്ട ആ പണസഞ്ചി ഏവരുടെയും കണ്ണിൽപ്പെട്ടത്.

അമ്മൂമ്മ ആകാംക്ഷയോടെ അതു തുറന്നുനോക്കി. അതിശയമേ! അതുനിറയെ വെള്ളി നാണയങ്ങൾ.

‘‘ഇതെല്ലാം മുത്തശ്ശിക്കുള്ളതാണ്. താൻ തന്നെ അധ്വാനിച്ചുണ്ടാക്കിയത്.’’ കുട്ടിക്കറുപ്പൻ മൊഴിഞ്ഞു.

അമ്മൂമ്മയ്ക്ക് അതുകേട്ടു വല്ലാത്ത സങ്കടം വന്നു. പാവം തന്റെ കുഞ്ഞ്. എത്രമാത്രം കഷ്ടപ്പെട്ടിട്ടാവും ഇത്രയേറെ പണം സമ്പാദിച്ചത്? അതൊന്നും തനിക്ക് ബുദ്ധിമുട്ടല്ലെന്നായി ആനക്കുട്ടി.

സന്തോഷവും അഭിമാനവും കൊണ്ട് അമ്മൂമ്മയുടെ ഹൃദയം നിറഞ്ഞു. അന്നുമുതൽ വൃദ്ധയെ വിശ്രമിക്കാൻ അനുവദിച്ചുകൊണ്ട് നമ്മുടെ ആനക്കുട്ടി അധ്വാനിക്കാനിറങ്ങി. പിന്നീടുള്ള അവരുടെ നാളുകൾ അതീവ സന്തോഷവും സമാധാനവും നിറഞ്ഞതായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ!



# ഗാന്ധിജി

**കുസുംഷലാൽ ചെറായി**

പറയരുതേ പൊളിവാക്കൊന്നും
അരുതേ ഹിംസകളൊന്നൊന്നും
എളിമ പുലർത്തണമെന്നെന്നും
ക്ഷമയൊടു ജീവിക്കണമെന്നും
ജീവിച്ചങ്ങനെ കാട്ടിത്തന്നൂ
നമ്മുടെ സ്വന്തം മുത്തച്ഛൻ
നന്മകൾ മാത്രം ചെയ്യാനായ്
നമ്മൾക്കെന്നും വഴികാട്ടാൻ
നമ്മുടെയുള്ളിൽ ജീവിക്കുന്നൂ
നമ്മുടെ ബാപ്പുജി മുത്തച്ഛൻ!!



വര : ബാബുരാജൻ







# ഒരുക്കം

**രാജഗോപാലൻ നാട്ടുകൽ**



വര: സുജിത് പി വി

അന്തിക്കതിരിൻ കൊന്നപ്പൂവുകൾ
ആകാശത്തു വിരിഞ്ഞല്ലോ!
പറയുക വയ്യാ, ആരോ കൂട്ടീ
കണിവെള്ളരിതൻ കൂമ്പാരം!
മറവിലിരുന്നിട്ടാരോ വീണ്ടും
മിനുമിനെയാക്കീ പൊന്നുരുളി!
പൊൻകസവേറും വേഷ്ടികളുണ്ടേ
പൊൻപണമുണ്ടേ കുന്നോളം!
വേണ്ടതു വേണ്ടതെടുത്തിട്ടമ്മേ
വിഷുവിനു പൊൻകണി വയ്ക്കാമോ!

# കൽക്കുടന്റെ കഥ

പുനരാഖ്യാനം: **പയ്യന്നൂർ കുഞ്ഞിരാമൻ**

ജൈനമതക്കാരുടെ ആരാധനാമൂർത്തിയാണ് ബാഹുബലി എന്നു വിളിക്കുന്ന ഗൊമ്മടേശ്വരൻ. കർണാടകത്തിലെ ശ്രാവണബളഗോളയിലാണ് ഏറ്റവും വലിയ ഗൊമ്മടേശ്വരപ്രതിമയുള്ളത്. പന്ത്രണ്ടുവർഷം കൂടുമ്പോഴാണ് ക്ഷേത്രത്തിൽ മഹോത്സവം നടക്കുന്നത്. മഹാമസ്തകാഭിഷേകം എന്നാണ് അതറിയപ്പെടുന്നത്. ഇന്ത്യയിലെങ്ങുമുള്ള ജൈനന്മാർ ഉത്സവത്തിൽ പങ്കെടുക്കാനെത്തിച്ചേരും.



കാർക്കളത്തെ കക്കോത്തികളാണത്രേ ഗൊമ്മടേശ്വരവിഗ്രഹം നിർമിച്ചത്. കരിങ്കല്ലിൽ ശില്പവേല ചെയ്യുന്നവരെയാണ് കക്കോത്തികൾ എന്നു പറയുന്നത്. കൽക്കുടൻ എന്നു പേരായ മഹാശില്പിയാണ് ആ ഒറ്റക്കൽ പ്രതിമ നിർമിച്ചത്. ഇതുമായി ബന്ധപ്പെട്ട വാമൊഴിചരിത്രം കർണാടകത്തിൽ പ്രചാരമുണ്ട്.

ശില്പിയായ ശംഭുകക്കോത്തിയുടെ ഇളയമകനാണ് കൽക്കുടൻ. കൽക്കുടനു ശേഷം ഒരു സഹോദരിയും പിറന്നു. അവളാണ് കല്ലുരുട്ടി. തുളുനാട്ടിൽ രണ്ടുപേരെയും തെയ്യങ്ങളായി കെട്ടിയാരാധിക്കുന്നു. ഭൈരവരാജാവ് നാടുഭരിച്ചിരുന്ന കാലമാണത്. ശ്രാവണബളഗോളയിൽ ഗൊമ്മടേശ്വരവിഗ്രഹം നിർമിക്കണമെന്ന് രാജാവ് ആഗ്രഹിച്ചു. അതിനുവേണ്ടി ശംഭുകക്കോത്തിയെ വിളിപ്പിച്ചു. ആയിരം സ്തംഭങ്ങളുള്ളതും അനേകം പ്രതിമകളുമുള്ളതുമായ മഹാക്ഷേത്രം നിർമിക്കണമെന്നും രാജാവ് കല്പിച്ചു. പല വിസ്മയങ്ങളും നിറഞ്ഞതായിരുന്നു ശില്പചാതുരി. ഗോപുരത്തിന്റെ ഒരു വാതിൽ തുറക്കുമ്പോൾ മറ്റെല്ലാ വാതിലുകളും അടയുന്ന



വര: ടി ആർ രാജേഷ്

തരത്തിലാണ് നിർമിച്ചിരുന്നത്. അതേപോലെ ഒരുവാതിൽ അടയുമ്പോൾ മറ്റെല്ലാം തുറക്കുകയും ചെയ്തിരുന്നു.

ശംഭുകക്കോത്തി കുലദൈവങ്ങളെ പ്രാർഥിച്ച് ശില്പവേല തുടങ്ങി. എന്നും സൂര്യനുദിക്കുന്നതിനുമുമ്പേ ഉളിയും ചുറ്റികയുമായി അദ്ദേഹം നിർമാണത്തിൽ മുഴുകും. സൂര്യൻ അസ്തമിക്കുന്നതുവരെ തുടരുമായിരുന്നു. ഇടയ്ക്കിടെ രാജാവും നാടുവാഴികളും സന്ദർശിച്ച് വേണ്ട നിർദേശങ്ങൾ നൽകുമായിരുന്നു.

ആഴ്ചകളും മാസങ്ങളും നീങ്ങിപ്പോയി. ശംഭുകക്കോത്തി വീട്ടിൽ നിന്നുവന്നിട്ട് വളരെക്കാലമായി. ഒന്നു വീട്ടിൽ ചെന്ന് ഭാര്യയേയും മക്കളെയും കണ്ടുവരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. വിവരം രാജാവിനെ അറിയിച്ചപ്പോൾ അനുമതി ലഭിച്ചു. വിശിഷ്ടസമ്മാനങ്ങൾ നൽകിയാണ് ശില്പിയെ വീട്ടിലേക്കു പറഞ്ഞയച്ചത്. വീട്ടിലെത്തിയ ശംഭുകക്കോത്തി അത്യധികം സന്തോഷിച്ചു. ഇളയമകൻ കൽക്കുടൻ വളർന്ന് യുവാവായിരിക്കുന്നു. ഇളയമകളും വളർന്നിരിക്കുന്നു. ഏതാനും ദിവസം മക്കളോടൊപ്പം തങ്ങിയശേഷം അദ്ദേഹം കൊട്ടാരത്തിലേക്കു തിരിച്ചുപോയി. തിരിച്ചുപോകുമ്പോൾ കൽക്കുടനും കൂടെപ്പോയിരുന്നു. അച്ഛന്റെ ശില്പവേലകൾ കാണണമെന്നാണവൻ ആഗ്രഹിച്ചത്. ഭൈരവരാജ്യത്ത് തിരിച്ചെത്തിയ അച്ഛനും മകനും ശില്പങ്ങൾ നടന്നുകണ്ടു. പിതാവിന്റെ അസാമാന്യ കരവിരുതിൽ കൽക്കുടൻ അത്ഭുതപ്പെട്ടുപോയി. കണ്ടുകണ്ട് നീങ്ങവേ ഒരിടത്തെത്തിയപ്പോൾ മകൻ പെട്ടെന്നു നിന്നു. അവിടെ ഒരു തവളയുടെ ശില്പം കൊത്തിയുണ്ടാക്കിയിരുന്നു. എന്നാൽ അതിന് വേണ്ടത്ര ഭംഗിയില്ലെന്ന് മകനു തോന്നി. ഉടനെ അച്ഛനോടിക്കാര്യം പറഞ്ഞു. ''അച്ഛാ, ആ തവളയുടെ രൂപം ശരിയായില്ല.''



**പിതാവിന്റെ അസാമാന്യ കരവിരുതിൽ കൽക്കുടൻ അത്ഭുതപ്പെട്ടുപോയി. കണ്ടുകണ്ട് നീങ്ങവേ ഒരിടത്തെത്തിയപ്പോൾ മകൻ പെട്ടെന്നുനിന്നു. അവിടെ ഒരു തവളയുടെ ശില്പം കൊത്തിയുണ്ടാക്കിയിരുന്നു. എന്നാൽ അതിന് വേണ്ടത്ര ഭംഗിയില്ലെന്ന് മകനുതോന്നി. ഉടനെ അച്ഛനോടിക്കാര്യം പറഞ്ഞു.**

മകന്റെ വാക്കുകേട്ട് അച്ഛൻ ഞെട്ടിപ്പോയി. മഹാശില്പിയായ തന്റെ ശില്പത്തിന് മകൻ കുറ്റം കണ്ടുപിടിക്കുകയോ? ഇതെങ്ങാൻ രാജാവിന്റെ ചെവിയിലെത്തിയാൽ തന്റെ കഥ കഴിഞ്ഞതുതന്നെ. ഇതിനകം പണ്ഡിതന്മാരെല്ലാം വന്ന് അഭിനന്ദിച്ചുപോയതാണ്. അവരാരും കണ്ടെത്താത്ത കുറ്റമാണ് മകൻ കണ്ടെത്തിയിരിക്കുന്നത്. ആലോചിക്കുന്തോറും ആ പിതാവിന്റെ മനസ്സിൽ അപമാനഭാരം കൂടിക്കൂടി വന്നു. മകന്റെ മുമ്പിൽ ചെറുതാകുന്നതുപോലെ ആ പിതാവിനു തോന്നി. അടുത്ത ക്ഷണത്തിൽ ഭയവും പിടികൂടി. ശില്പങ്ങളെല്ലാം കുറ്റമറ്റതാകണമെന്നാണ് രാജകല്പന. തവളയുടെ രൂപം ശരിയായില്ലെന്നറിഞ്ഞാൽ രാജാവ് കടുത്ത ശിക്ഷ നൽകും. അതിനിടയുണ്ടാക്കരുത്. അതിലും ഭേദം ജീവൻ നഷ്ടപ്പെടുത്തുകയാണ്. നിരാശ ബാധിച്ച ശംഭുകക്കോത്തി കണ്ഠനാളം മുറിച്ച് ജീവനൊടുക്കിയെന്നാണ് കഥ.

മകൻ തളർന്നുപോയി. ചെറിയൊരഭിപ്രായം പറഞ്ഞതിന് ഇത്ര കടുത്ത ശിക്ഷ അച്ഛൻ നൽകണമായിരുന്നോ? ഇങ്ങനെ സംഭവിക്കുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല.

അവൻ അച്ഛന്റെ കാൽക്കൽ വീണു മാപ്പിരന്നു. ഇതിനകം രാജാവും പരിവാരങ്ങളും വാർത്തയറിഞ്ഞു. അച്ഛന്റെ സ്ഥാനത്തിരുന്ന് ശില്പവിദ്യ പൂർത്തീകരിക്കണമെന്ന് രാജാവ് നിർദേശിച്ചു.

പിതാവിനെ മനസ്സിൽ ധ്യാനിച്ച് കൽക്കുടൻ ഉളി കൈയിലെടുത്തു. അച്ഛനേക്കാൾ വേഗത്തിലായിരുന്നു മകന്റെ നിർമാണം. ഏറ്റവും ഉയരം കൂടിയ ഗൊമ്മടേശ്വര പ്രതിമയും കൽക്കുടൻ ഒറ്റക്കല്ലിൽ നിർമിച്ചു. ജനങ്ങളെയാകെ അമ്പരപ്പിക്കുന്നതായിരുന്നു ആ ഒറ്റക്കൽ പ്രതിമ. ശയനാകാരത്തിൽ പണിത ആ വിഗ്രഹം നിവർത്തിനിർത്തുന്നതും ശ്രമകരമായിരുന്നു. രാജാവിന്റെ ഭടന്മാർക്കൊന്നും അതുയർത്താൻ കഴിഞ്ഞില്ല. ഒടുവിൽ കൽക്കുടൻ തന്നെ പ്രതിമ ഉയർത്തി നിർത്തിയെന്നാണ് പുരാവൃത്തം പറയുന്നത്. കാർക്കളത്തെ രാജാവ് ഈ വാർത്ത കേൾക്കാനിടയായി. അവിടെയും ഗൊമ്മടേശ്വര വിഗ്രഹം സ്ഥാപിക്കണമെന്ന് രാജാവ് കല്പിച്ചു. അതനുസരിച്ചാണ് രാമമുദ്രത്തിന്റെ കരയിൽ കാണുന്ന ഈ ഗൊമ്മടേശ്വര വിഗ്രഹം കൊത്തിയെടുത്തത്. 5000 ഭടന്മാർ ഇതുയർത്തിനിർത്താൻ ശ്രമിച്ചുവത്രെ. ഒടുവിൽ കൽക്കുടന്റെ നേതൃത്വത്തിൽ പ്രതിമ ഉയർത്തിനിർത്തിയെന്നാണ് പറയപ്പെടുന്നത്.

രാജാവ് അത്യധികം സന്തോഷിച്ചു. തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം സഫലമായിരിക്കുന്നു. പക്ഷേ ഓർത്തിരിക്കവേ രാജാവിന്റെ മനസ്സിൽ ആശങ്കകൾ ഉടലെടുക്കാൻ തുടങ്ങി. കൽക്കുടൻ ഇതുപോലുള്ള പ്രതിമകൾ വേറെ നാട്ടിലും സ്ഥാപിക്കില്ലേ. ഇതുപോലെയുള്ള മണ്ഡപങ്ങളും നൃത്തശാലകളും അന്യദേശത്തും പണികഴിപ്പിക്കില്ലേ. രാജാവ് ഒരു തീരുമാനത്തിലെത്തിച്ചേർന്നു. ശില്പിക്ക് പ്രധാനം അയാളുടെ ഇടതുകൈയാണ്.



ആ കൈ നഷ്ടപ്പെട്ടാൽ പിന്നെ ശില്പങ്ങൾ നിർമിക്കാനാകില്ല.

കൽക്കുടൻ സമ്മാനങ്ങൾ സ്വീകരിക്കുവാൻ കാത്തുനിൽക്കുകയായിരുന്നു. സമ്മാനം നൽകുന്നതിനുപകരം ഭടന്മാർ കൽക്കുടന്റെ ഇടതുകരം ഛേദിച്ചു. വലതുകാലും ഛേദിച്ചെന്നാണ് കഥയിൽ പറയുന്നത്. കോപവും സങ്കടവും കൊണ്ട് കൽക്കുടൻ പൊട്ടിക്കരഞ്ഞു. ഒറ്റക്കാലിൽ തുഴഞ്ഞ് ഒരുതരത്തിൽ അദ്ദേഹം വേണൂരിൽ എത്തിച്ചേർന്നെന്നാണ് കഥ. അവിടത്തെ രാജാവിന് കൽക്കുടനോട് ദയ തോന്നിയത്രെ. രാജാവ് കൽക്കുടനെ സ്വന്തം കൊട്ടാരത്തിൽ താമസിപ്പിച്ചു. സ്വന്തം നാട്ടിലും ക്ഷേത്രവും വിഗ്രഹവും നിർമിച്ചുതരണമെന്നാവശ്യപ്പെട്ടു. ഒരു കൈയില്ലാത്ത തനിക്ക് ശില്പവിദ്യ സാധ്യമല്ലെന്ന് കൽക്കുടൻ അറിയിച്ചു. എന്നാൽ ബന്ധുക്കളായ മറ്റു ശില്പികളുടെ സഹായത്തോടെ ആഗ്രഹം സഫലമാക്കിത്തരണമെന്ന് രാജാവ് നിർബന്ധിച്ചു. കൽക്കുടൻ രാജാവിന്റെ ആഗ്രഹം സാധിച്ചുകൊടുത്തു എന്നാണ് പുരാവൃത്തത്തിൽ പറയുന്നത്.

അച്ഛന്റെ കൂടെ പോയ ആങ്ങളയെക്കാണാഞ്ഞ് പെങ്ങൾ കല്ലുരുട്ടി ആശങ്കാകുലയായി. ഒരുദിവസം അവൾ ആങ്ങളയെ അന്വേഷിച്ചിറങ്ങി. കൈയും കാലും നഷ്ടപ്പെട്ട ആങ്ങളയെ കണ്ടപ്പോൾ ആ പെങ്ങൾക്കു സഹിക്കാനായില്ല. അവൾ ഉള്ളുരുകി ഭൈരവരാജാവിനെ ശപിച്ചു. കോപംകൊണ്ട് തന്നത്താൻ മറന്ന് അവൾ മായാരൂപം പ്രാപിച്ചു എന്നാണ് വിശ്വസിക്കപ്പെടുന്നത്. കൽക്കുടനും മായാരൂപിയായി തീർന്നുവത്രെ. ഇതേത്തുടർന്ന് ഭൈരവരാജ്യത്ത് അനിഷ്ടസംഭവങ്ങളുണ്ടായി. കൊട്ടാരത്തിന് തീ പിടിച്ചു. അങ്ങാടികൾ കത്തിച്ചാമ്പലായി. കാർക്കളപട്ടണം കരിക്കളമായിത്തീർന്നു. ഒടുവിൽ രാജാവ് പ്രായശ്ചിത്തത്തിന് തയ്യാറായി. കൽക്കുടനെയും കല്ലുരുട്ടിയെയും തെയ്യക്കോലങ്ങളായി കെട്ടിയാടിക്കാൻ ഏർപ്പാടുണ്ടാക്കി.

# ഞങ്ങൾ പകർത്തിയത്



ഫോട്ടോ : അഖിൽ ഗോകുൽ, സെന്റ് ജൂഡ് ഹയർസെക്കന്ററി സ്കൂൾ, മുഖത്തല, ആലുമ്മൂട് പി ഒ, കൊല്ലം 691577





ഫോട്ടോ : ഗായത്രി വി, ക്ലാസ്സ് 4, വിജയമാതാ ഇ എം എച്ച് എസ്, പൊന്നാനി

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**

ടോം ഒരു ഉറച്ച തീരുമാനം എടുത്തു. ഉറ്റവരും ഉടയവരും ഇല്ലാത്ത എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഒരു കുട്ടിയാണ് താൻ എന്ന് ടോം കരുതി. ആരും തന്നെ സ്നേഹിക്കുന്നില്ല. തന്റേതായ രീതിയിൽ ശരിയായ കാര്യങ്ങളും നല്ല കാര്യങ്ങളും ചെയ്യാൻ ശ്രമിച്ചപ്പോഴെല്ലാം കുറ്റവാളിയാക്കി. എല്ലാവർക്കും തന്നെ ഒഴിവാക്കാനാണ് താത്പര്യം. അതേ, സ്നേഹമില്ലാത്ത ബന്ധുക്കളും സ്നേഹിതരുമാണ് തന്നെ ഈ തീരുമാനത്തിലേക്ക് നയിച്ചത്. ഇനി ഒരു കുറ്റവാളിയായി ജീവിക്കാം. അതാണ് നല്ലത്.

മെഡോ ലെയ്നിലൂടെ കുറേദൂരം നടന്നപ്പോൾ അങ്ങ് വിദൂരതയിലെന്നപോലെ സ്കൂളിലെ മണി അടിക്കുന്ന ശബ്ദം കേട്ടു. ഇനി ഒരിക്കലും സുപരിചിതമായ ആ മണിയൊച്ച കേൾക്കില്ലെന്ന് ഓർത്തപ്പോൾ ടോം തേങ്ങി. ക്രൂരമായ ഈ ലോകം ആണ് തന്നെ ഇങ്ങനെ ഒരു തീരുമാനത്തിലെത്തിച്ചത്. അതുകൊണ്ട് അതനുസരിച്ച് നീങ്ങും. എന്നാലും അവൻ അവരോടെല്ലാം ക്ഷമിച്ചു.

അപ്പോൾ ടോം തന്റെ ഉറ്റ സുഹൃത്തായ ജോയ് ഹാർപ്പറെ അവിടെ കണ്ടുമുട്ടി. കലങ്ങിയ കണ്ണുകളും ഹൃദയം നിറയെ ദുഃഖഭാരവും മനസ്സിൽ എന്തോ തീരുമാനിച്ചുറപ്പിച്ച ഭാവവുമായി നിൽക്കുന്ന ജോയ് ഹാർപ്പർ. ഒരേ ചിന്തയാൽ ബന്ധിക്കപ്പെട്ട രണ്ട് അനാഥ ആത്മാക്കൾ. ടോം തന്റെ കുപ്പായ കൈകളിൽ കണ്ണീർ തുടച്ചു. ദയയും സ്നേഹവും ഇല്ലാത്ത വീട്ടിൽ നിന്ന് രക്ഷപ്പെട്ട് ചുറ്റിത്തിരിഞ്ഞ് നടന്നു ലോകം കാണുകയും പിന്നീട് ഒരിക്കലും തിരികെ വരാതിരിക്കുകയും ചെയ്യുന്നതിന്റെ സുഖത്തെപ്പറ്റി ജോയോട് പറഞ്ഞു. ജോയ് ഒരിക്കലും തന്നെ മറക്കില്ലെന്നു പ്രതീക്ഷിക്കുന്നു എന്നും പറഞ്ഞു.

അത്തരമൊരു അപേക്ഷ സമർപ്പിക്കാനായി ടോമിനെ അന്വേഷിച്ചു വന്നതാണെന്ന് ജോയും പറഞ്ഞു. അവൻ അന്നുവരെ കണ്ടിട്ടില്ലാത്തതും രുചിച്ച് നോക്കിയിട്ടില്ലാത്തതുമായ ഒരു ക്രീം കുടിച്ചതിന് അവന്റെ അമ്മ അവനെ അടിച്ചു. അമ്മയ്ക്ക് തന്നെ ഇനി വേണ്ടെന്ന് വ്യക്തമായി എന്നും അതുകൊണ്ട് താനും വീട് ഉപേക്ഷിച്ചു പോകയാ





വര: റോണി ദേവസ്യ

ഭയാനകമാം വിധം വീതിയും നീളവും ആഴവുമുള്ള മിസ്സിസ്സിപ്പി നദി, നിലാവിൽ കുളിച്ച് തിര ഒടുങ്ങി ശാന്തമായി കിടക്കുന്ന ഒരു സമുദ്രം പോലെ കാണപ്പെട്ടു. പാതിരാത്രിയോട് അടുത്ത് ടോം, കട്ടെടുത്ത മാംസാഹാരവും മറ്റുചില സാധനങ്ങളുമായി നദീതീരത്ത് എത്തി. അവൻ ചെറിയ ശബ്ദത്തിൽ ഒന്ന് ചൂളംവിളിച്ചു. അതിന് മറുപടിയായി ഒരു ശബ്ദവും പിന്നാലെ അടക്കിപ്പിടിച്ച സ്വരത്തിൽ 'ആരാ അവിടെ' എന്നൊരു ചോദ്യവും.

ണെന്നും അപ്പോൾ അമ്മയ്ക്കു സന്തോഷമാകുമെന്നും ജോയ് പറഞ്ഞു.

അവർ ഒരുമിച്ച് ദുഃഖങ്ങൾ പങ്കിട്ട് നടക്കുകയും എന്നും ഒന്നിച്ച് നിൽക്കാമെന്നും മരണം വരെ പിരിയാത്ത സഹോദരന്മാരായി ജീവിക്കാമെന്നും തീരുമാനിച്ചുറപ്പിച്ചു. ഒരു സന്ന്യാസിയായി ഒരു ഗുഹയിൽ അല്പം ഭക്ഷണം മാത്രം കഴിച്ച് തണുപ്പും ദാരിദ്ര്യവും ദുഃഖവും സഹിച്ച് അവസാനം മരിക്കുന്ന ഒരു ജീവിതമാണ് ജോയ് തനിക്കുവേണ്ടി മനസ്സിൽ കുറിച്ചിട്ടത്. പക്ഷേ ടോമിന്റെ വിശദീകരണങ്ങൾക്കുശേഷം കുറ്റകൃത്യങ്ങളുടെ ജീവിതത്തിന് ഒരു പ്രത്യേക ആസ്വാദ്യതയുണ്ടെന്നും അതുകൊണ്ട് ടോമിനൊപ്പം ഒരു കടൽക്കൊള്ളക്കാരന്റെ ജീവിതം സ്വീകരിക്കാമെന്നും അവൻ സമ്മതിച്ചു.

സെന്റ് പീറ്റേഴ്സ് ബെർഗ് നഗരത്തിൽ നിന്ന് മൂന്ന് മൈലുകൾ താഴോട്ട് യാത്ര ചെയ്താൽ അവിടെ മിസ്സിസ്സിപ്പി നദിക്ക് ഒരു മൈൽ വീതി മാത്രമാണുള്ളത്. അതിന്റെ എതിർവശത്തായി കാടുകൾ നിറഞ്ഞ ഇടുങ്ങിയ ഒരു ദ്വീപ് ഉണ്ട്. അതിന്റെ അവസാനഭാഗത്ത് നദിക്ക് ആഴം കുറവാണ്. അതുകൊണ്ട് ജാക്സൺ ദ്വീപ് എന്നറിയപ്പെടുന്ന ആൾത്താമസമില്ലാത്ത ആ ഒഴിഞ്ഞസ്ഥലം അവരുടെ ഒളിസങ്കേതമായി തിരഞ്ഞെടുക്കപ്പെട്ടു. ആരെയാണ് കൊള്ളയടിക്കേണ്ടതെന്ന് പിന്നീട് തീരുമാനിക്കാം. ഹക്കിൾബെറിഫിന്നിനെ കണ്ടുപിടിച്ച് വിവരങ്ങൾ പറഞ്ഞപ്പോൾ അവനും പൂർണസമ്മതം.

അന്നുവൈകുന്നേരം- പാതിരാത്രിയിൽ ഗ്രാമത്തിൽ നിന്ന് ഏകദേശം രണ്ടുമൈൽദൂരെ നദീതീരത്ത് ഒരു ഒഴിഞ്ഞ സ്ഥലത്ത് കൂടിച്ചേരാൻ അവർ പറഞ്ഞുറപ്പിച്ചു. അവിടെ ഉണ്ടായിരുന്ന ഒരു തടിച്ചങ്ങാടം മോഷ്ടിച്ച് സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാം. ഓരോരുത്തരും കുറേ ഭക്ഷണസാധനങ്ങളും മീൻപിടിക്കാനുള്ള ചൂണ്ടകളും കൊണ്ടുവരണം. പക്ഷേ അവയെല്ലാം കുറ്റവാളികൾക്ക് ചേരുന്ന രീതിയിൽ മോഷ്ടിച്ചവ ആയിരിക്കണം. മധ്യാഹ്നത്തിന് മുൻപായി സ്കൂളിൽ ഒരു വാർത്ത പ്രചരിപ്പിച്ചതിന്റെ സുഖവും അവർ അനുഭവിച്ചു. 'അധികം വൈകാതെ നഗരം ഒരു ഞെട്ടിപ്പിക്കുന്ന വാർത്ത അറിയാനിടയാകുമെന്നും അതുവരെ സഹപാഠികൾ ഒന്നും പറയരുതെന്നുള്ള താക്കീതും നൽകി.'

ഭയാനകമാം വിധം വീതിയും നീളവും ആഴവുമുള്ള മിസ്സിസ്സിപ്പി നദി, നിലാവിൽ കുളിച്ച് തിര ഒടുങ്ങി ശാന്തമായി കിടക്കുന്ന ഒരു സമുദ്രംപോലെ കാണപ്പെട്ടു. പാതിരാത്രിയോട് അടുത്ത് ടോം, കട്ടെടുത്ത മാംസാഹാരവും മറ്റുചില സാധനങ്ങളുമായി നദീതീരത്ത് എത്തി. അവൻ ചെറിയ ശബ്ദത്തിൽ ഒന്ന് ചൂളംവിളിച്ചു. അതിന് മറുപടിയായി ഒരു ശബ്ദവും പിന്നാലെ അടക്കിപ്പിടിച്ച സ്വരത്തിൽ 'ആരാ അവിടെ' എന്നൊരു ചോദ്യവും.

''ടോം സോയർ, സ്പാനിഷ് മെയ്നിലെ ബ്ലാക്ക് അവഞ്ചർ. നിങ്ങളുടെ പേരുകൾ പറയൂ.''

''റെഡ് ഹാൻഡിഡ് ഹക്ക് ഫിന്നും സീ ടെറർ ജോയ് ഹാർപ്പറും''

''ശരി, ഇനി നമ്മുടെ രഹസ്യചിഹ്നം പറയൂ.''

രണ്ട് പരുക്കൻ ശബ്ദങ്ങൾ ഒന്നിച്ച് പറഞ്ഞു:

''രക്തം.''

സീ ടെറർ ഒരു വലിയ കഷണം മാംസം കൊണ്ടുവന്ന ക്ഷീണത്തിലായിരുന്നു. റെഡ് ഹാൻഡിഡ് ഹക്ക്, പാചകം ചെയ്യാനുള്ള ഒരു പാത്രവും കുറച്ച് പുകയിലയും കുറെ ചോള തണ്ടുകളും കൊണ്ടുവന്നു. പക്ഷേ, മറ്റുരണ്ട് കടൽക്കൊള്ളക്കാർ പുകവലിക്കാറില്ല.

ടോം അമരത്ത് നിന്നും ഹക്കും ജോയ്ക്കും തുഴക്കാരായി. ചങ്ങാടം നീങ്ങി. കപ്പൽ നയിക്കാനുള്ള ഉത്തരവുകൾ ടോം ഉറച്ച ശബ്ദത്തിൽ നൽകി. അവരുടെ ചങ്ങാടക്കപ്പൽ ഒഴുക്കിൽ നദിയുടെ മധ്യഭാഗത്ത് എത്തി. അടുത്ത മുക്കാൽ മണിക്കൂർ നേരം അവർ ഒന്നും മിണ്ടിയില്ല. ചങ്ങാടം അങ്ങു ദൂരെ ഉറങ്ങിക്കിടക്കുന്ന നഗരത്തിൽ നിന്ന് അകലങ്ങളിലേക്ക് നീങ്ങി. നഗരത്തിൽ അങ്ങിങ്ങായി തെളിഞ്ഞു നിൽക്കുന്ന ദീപങ്ങളും ഉറങ്ങിക്കിടക്കുന്ന മനുഷ്യരും അപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഭീതിജനകമായ നീക്കങ്ങളൊന്നും അറിഞ്ഞില്ല. പുലർച്ചെ രണ്ടുമണിയോടുകൂടി ചങ്ങാടം ദ്വീപിന്റെ ആഴംകുറഞ്ഞ തീരത്ത് ഉറച്ചു. അവരുടെ സാധനസാമഗ്രികളെല്ലാം സുരക്ഷിതമായി കരയിൽ എത്തിക്കുന്നതുവരെ അവർ നിരവധി തവണ മുട്ടോളം വെള്ളത്തിലൂടെ നടന്നു. ചങ്ങാടത്തിൽ ഉണ്ടായിരുന്ന ഒരു പഴയ കപ്പൽപായ് എടുത്ത് അവർ തങ്ങളുടെ സാധനങ്ങൾ സൂക്ഷിച്ചിരുന്ന കുറ്റിക്കാടിന് മുകളിൽ വിരിച്ചിട്ടു. എന്നിട്ട് കുറ്റവാളികൾക്ക് യോജിക്കുന്ന രീതിയിൽ അവർ പ്രകൃതിയുടെ തുറസ്സായ സ്ഥലത്ത് ശുദ്ധവായു ശ്വസിച്ച് കിടന്നുറങ്ങും.

കാടിന്റെ അതിരുകളിൽ നിന്ന് ഏകദേശം മുപ്പതു ചുവടുകൾ അകലെ കിടന്നിരുന്ന ഒരു വലിയ തടിയുടെ അടുത്തായി അവർ തീ കൂട്ടി. പന്നിയിറച്ചി ചൂടാക്കി ഭക്ഷിച്ചു. സുന്ദരമായ ആ കാടിന്റെ അടുത്ത് സർവസ്വതന്ത്രരായി, പരിഷ്കൃത ലോകത്തിന്റെ ഉപദ്രവം ഇല്ലാതെ

**കാടിന്റെ അതിരുകളിൽ നിന്ന് ഏകദേശം മുപ്പതു ചുവടുകൾ അകലെ കിടന്നിരുന്ന ഒരു വലിയ തടിയുടെ അടുത്തായി അവർ തീ കൂട്ടി. പന്നിയിറച്ചി ചൂടാക്കി ഭക്ഷിച്ചു. സുന്ദരമായ ആ കാടിന്റെ അടുത്ത് സർവസ്വതന്ത്രരായി, പരിഷ്കൃത ലോകത്തിന്റെ ഉപദ്രവം ഇല്ലാതെ ഭക്ഷണം കഴിച്ചപ്പോൾ അത്രയും രുചികരമായ ഭക്ഷണം അന്നുവരെ കഴിച്ചിട്ടില്ലെന്നും ഇനി ഒരിക്കലും തങ്ങളെ ഉപദ്രവിച്ച ആ ലോകത്തിലേക്കു മടങ്ങിപ്പോകേണ്ടതില്ലെന്നും അവർ തീരുമാനിച്ചു.**

ഭക്ഷണം കഴിച്ചപ്പോൾ അത്രയും രുചികരമായ ഭക്ഷണം അന്നു വരെ കഴിച്ചിട്ടില്ലെന്നും ഇനി ഒരിക്കലും തങ്ങളെ ഉപദ്രവിച്ച ആ ലോകത്തിലേക്കു മടങ്ങിപ്പോകേണ്ടതില്ലെന്നും അവർ തീരുമാനിച്ചു. ഭക്ഷണത്തിനു ശേഷം അവർ പുല്ലിൽ കിടന്ന് വിശ്രമിച്ചു.

''കൊള്ളാം അല്ലേ.'' ജോയ് അഭിപ്രായപ്പെട്ടു.

''നമ്മുടെ കൂട്ടുകാർ ഇപ്പോൾ നമ്മളെ കണ്ടാൽ എന്ത് പറയും? ടോം ചോദിച്ചു.

''ഇവിടെ എത്താൻ അവരും കൊതിക്കും. ഹക്കീ നീ എന്തു പറയുന്നു?''

''എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഇതിലും നല്ല ഒരു ജീവിതം ചിന്തിക്കാൻ പോലുമാകില്ല. എനിക്ക് ഒരിക്കലും വയറുനിറയെ ഭക്ഷിക്കാൻ ഒന്നും കിട്ടാറില്ലായിരുന്നു. ഇവിടെ ആരും ആട്ടി ഓടിക്കാനും വരില്ല.''

''ഇതാണ് എനിക്കും ഇഷ്ടപ്പെട്ട ജീവിതം, രാവിലെ എഴുന്നേൽക്കണ്ട, സ്കൂളിൽ പോകണ്ട, കുളിക്കുക, ഒരുങ്ങുക തുടങ്ങിയ മണ്ടത്തരങ്ങൾ ഒന്നും വേണ്ട. ഒരു കടൽകൊള്ളക്കാരന് ഒന്നും ചെയ്യാതെ ഇഷ്ടംപോലെ ജീവിക്കാം. പക്ഷേ ഒരു സന്ന്യാസി എപ്പോഴും പ്രാർഥിക്കണം .പിന്നെ കൂട്ടുകാർ ഇല്ലാത്ത ഏകാന്ത ജീവിതമായതിനാൽ രസകരമായ അനുഭവങ്ങൾ ഒന്നും ഉണ്ടാകില്ല. ടോം കാര്യങ്ങൾ വിശദീകരിച്ചു.

''ശരിയാണ് ടോം... ഞാൻ അങ്ങനെയൊന്നും ചിന്തിച്ചില്ല. പക്ഷേ ഈ ജീവിതം രുചിച്ചു കഴിഞ്ഞപ്പോൾ എനിക്കും ഇതാണ് ഇഷ്ടം'' ജോയ് പറഞ്ഞു.

റെഡ് ഹാൻഡിഡ് ഹക്ക്, ചോളത്തണ്ടിൽ നിന്ന് പുകവലിക്കാനുള്ള ഒരു കുഴൽ ഉണ്ടാക്കുന്ന തിരക്കിലായിരുന്നു. അതിൽ പുകയില നിറച്ച്, അവൻ പുകവലിച്ച് സുഖിക്കുന്നത് കണ്ടപ്പോൾ മറ്റുരണ്ട് കടൽക്കൊള്ളക്കാർ ഒരിക്കൽ അതൊന്ന് പരീക്ഷിക്കണമെന്ന് തീരുമാനിച്ചു.

''കടൽകൊള്ളക്കാർ എന്തൊക്കെയാണ് ചെയ്യുന്നത്?'' ഹക്ക് ചോദിച്ചു

''അവർക്ക് തിരക്കിട്ട പണികളാണ്. കപ്പലുകൾ പിടിച്ചെടുത്ത് ചുട്ടുകളയും. പണം മോഷ്ടിച്ച് ഏറ്റവും നിഗൂഢമായ സ്ഥലത്ത് ഒളിപ്പിച്ചു വയ്ക്കും. അവിടെ അതു സൂക്ഷിക്കാൻ പ്രേതങ്ങളും ചെകുത്താനും ഉണ്ടായിരിക്കും. പിന്നെ കപ്പലിലുള്ളവരെയെല്ലാം കൊല്ലും.''

''അവർ സ്ത്രീകളെ ദ്വീപിലേക്ക് കൊണ്ടുവരും. കടൽകൊള്ളക്കാർ സ്ത്രീകളെ കൊല്ലില്ല.'' ജോയ് തന്റെ അറിവ് പ്രകടിപ്പിച്ചു.

''ഇല്ല. കൊല്ലില്ല.'' ടോമും അതു സമ്മതിച്ചു.

''കൊള്ളക്കാർ വളരെ മാന്യതയുള്ളവരാണ്. കൂടാതെ സ്ത്രീകൾ സുന്ദരികളല്ലേ?''

''അവർ മനോഹരങ്ങളായ വസ്ത്രങ്ങൾ ധരിക്കും. സ്വർണവും വെള്ളിയും രത്നങ്ങളും പതിച്ച വസ്ത്രങ്ങളായിരിക്കും അവർ ധരിക്കുന്നത്. ജോയ് ആവേശത്തോടെ പറഞ്ഞു.

''ആര്?'' ഹക്കിന് ആകാംക്ഷ അടക്കാനായില്ല.

''ആരാ... കടൽകൊള്ളക്കാർ.''

ഹക്ക് സ്വന്തം വസ്ത്രങ്ങളിലേക്ക് ലജ്ജയോടെ നോക്കി.

''ഒരു കടൽകൊള്ളക്കാരന് ചേരാത്ത വസ്ത്രമാണ് ഇത്. എനിക്ക് വേറെ ഒന്നുമില്ല.'' ഹക്ക് ദുഃഖത്തോടെ പറഞ്ഞു.

തുടക്കത്തിൽ അവ മതിയെന്നും പിന്നീട് വിലകൂടിയ വസ്ത്രങ്ങൾ വാങ്ങാമെന്നും പറഞ്ഞ് മറ്റ് രണ്ട് കടൽകൊള്ളക്കാർ അവനെ ആശ്വസിപ്പിച്ചു.

(തുടരും)



# അക്ഷരമുറ്റം

വിനയകുമാർ തുറവൂർ



വര : ആശ ആർ

അക്ഷരമുറ്റത്തൊരാൽത്തറയിൽ
ആയിരം പൂക്കൾ വിരിഞ്ഞു
അക്ഷരപ്പൂക്കൾ വിരിഞ്ഞു
അവർ അക്ഷര ദീപങ്ങളായി
ആവണിപ്പാട്ടുകൾ പാടി
ആകാശക്കാഴ്ചകൾ കണ്ടു
ആലിലത്താളങ്ങൾ കേട്ടു
ആനന്ദനൃത്തം ചവിട്ടി
ആരോ കിളിപ്പാട്ടുപാടി
അതിലും മകരന്ദമുണ്ടേ
അക്ഷരത്തേനുണ്ട ചുണ്ടിൽ
ആ കിളിപ്പാട്ടുകൾ തങ്ങി.



**Form I (See Rule 8)**

| | | |
|---|---|---|
| Place of Publication | : | Thiruvananthapuram |
| Periodicity of Publication | : | Monthly |
| Printer's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | Director,<br>Kerala State Institute of Children's Literature,<br>Thiruvananthapuram - 34 |
| Publisher's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | As above |
| Editor's Name | : | Palliyara Sreedharan |
| Address | : | As above |

Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital:

Kerala State Institute of Children's Literature,
Thiruvanathapuram - 34

I hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Date: 29-6-2020

Palliyara Sreedharan
Director




# പഴന്തുണിപ്പന്ത് തട്ടി തുടക്കമിട്ട പെലെ


**സനിൽ പി തോമസ്**


**ലോകം കണ്ട ഏറ്റവും മികച്ച ഫുട്ബോൾ കളിക്കാരിൽ ഒരാളാണ് പെലെ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന എഡ്സൻ അരാഞ്ചസ് ദൊ നാസിമെന്റോ. 'കറുത്ത മുത്ത്' എന്നാണ് ലോകം അദ്ദേഹത്തെ വിളിക്കുന്നത്. ആയിരത്തിലേറെ ഗോളുകൾ സ്വന്തം പേരിൽ നേടിയ പെലെ, മൂന്നുതവണ ബ്രസീലിന് ലോകകപ്പ് നേടിക്കൊടുത്തു.**

ഫുട്ബോൾ രാജാവ് ആരെന്നു ചോദിച്ചാൽ കൊച്ചുകുട്ടികൾപോലും പറയും 'പെലെ'. പക്ഷേ ബ്രസീലിന്റെയും ഫുട്ബോൾ ലോകത്തിന്റെയും 'കറുത്തമുത്ത്' ഒരിക്കലും സ്വയം രാജാവായി വിശേഷിപ്പിച്ചിട്ടില്ല. ഒരിക്കൽ ഒരു സ്പോർട്സ് ലേഖകൻ പെലെയോടു ചോദിച്ചു. ''ലോകത്തിലെ ഏറ്റവും മികച്ച ഫുട്ബോൾ കളിക്കാരൻ ആരാണ്?'' പെലെ വളരെപ്പെട്ടെന്നു മറുപടി പറഞ്ഞു. ''ജർമനിയുടെ ബെക്കൻ ബോവർ.''

രണ്ടാമത്തെ മികച്ച ഫുട്ബോൾതാരം? ''ഇംഗ്ലണ്ടിന്റെ ബോബി ചാൾട്ടൺ'' പിന്നെ ''ഇറ്റലിയുടെ ല്യൂ ഗിരീവ,'' ''അയർലൻഡിന്റെ ജോർജ് ബെസ്റ്റ്'', ''നെതർലൻഡ്സിന്റെ യോഹാൻ ക്രൈഫ്''

പെലെ മികച്ച കളിക്കാരെ ഓരോരുത്തരെയായി അവതരിപ്പിച്ചപ്പോൾ ലേഖകൻ എടുത്തു ചോദിച്ചു, ''അപ്പോൾ പെലെയോ?''

''ഓ... ഞാനോ... ഞാനൊരു സാധാരണ ഫുട്ബോൾ കളിക്കാരൻ.''

കളിക്കളത്തിൽ ഇതിഹാസം രചിച്ച എഡ്സൻ അരാന്റസ് ദൊ നാസിമെന്റോ എന്ന പെലെ കളത്തിനു പുറത്ത് എന്നും വിനയാന്വിതനായിരുന്നു. കൊടിയ ദാരിദ്ര്യത്തിൽ വളർന്ന പല കായികതാരങ്ങളും പേരും പ്രശസ്തിയും സമ്പത്തും കൈവന്നപ്പോൾ വന്നവഴി മറന്ന് അഹങ്കരിക്കുമ്പോൾ പെലെ ഒരിക്കലും പിന്നിട്ടവഴികൾ മറന്നില്ല.

ബ്രസീലിലെ സാവോ പോളോ സംസ്ഥാനത്തെ കൊറോക്കോ എന്ന കൊച്ചുഗ്രാമത്തിൽ ഒരു പാവപ്പെട്ട കുടുംബത്തിൽ 1940 ഒക്ടോബർ 23 നായിരുന്നു പെലെയുടെ ജനനം. അച്ഛൻ ജോവോ റാമോസ് ദൊ നാസിമെന്റോ. അമ്മ സെലെസ്റ്റെ അരാന്തെസ്. ചെറിയ ലീഗ് ഫുട്ബോൾ കളിക്കാരനായിരുന്നു അച്ഛൻ. ദൊദീഞ്ഞോ എന്നാണ് അറിയപ്പെട്ടത്. ബ്രസീലിൽ ഫുട്ബോൾ കളിക്കാർക്കെല്ലാം വിളിപ്പേരുണ്ട്. ഇതിനു പ്രത്യേക അർഥമൊന്നുമുണ്ടാകില്ല. പെലെ എന്ന പേരു വീണതിനെക്കുറിച്ച് അദ്ദേഹത്തിനും അറിയില്ലെന്ന് പെലെയുടെ ജീവചരിത്രകാരിൽ പലരും എഴുതി.

തികഞ്ഞ ദാരിദ്ര്യത്തിലാണു പെലെ വളർന്നത്. ഫുട്ബോൾ



കളിച്ച് കുടുംബം പോറ്റാൻ പാടുപെട്ടപ്പോഴും മൂത്ത മകനെ ഫുട്ബോൾ പരിശീലിപ്പിക്കാൻ ദൊദീഞ്ഞോ മറന്നില്ല. പെലെയുടെ ആദ്യ പേരിലെ എഡ്സൻ, തോമസ് ആൽവാ എഡിസനെ ഓർത്തിട്ടതാണെന്നു പറയുന്നു. പെലെക്ക് ഒരു അനുജനും (സിക്കോ- ഫുട്ബോൾ താരമല്ല) അനുജത്തിയും (മരിയ ലൂസിയ) ഉണ്ട്. അന്നൊക്കെ



പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുടെ ഏക ആശ്വാസം കാൽപ്പന്തു കളിയായിരുന്നു.

ഓടിനടക്കാൻ തുടങ്ങിയപ്പോൾ പെലെ പഴന്തുണി കെട്ടിയുണ്ടാക്കിയ പന്തുതട്ടി രസിച്ചു. എട്ടു വയസ്സായപ്പോൾ ഗുഡ്സ് ട്രെയിനിയിൽ നിന്നു വീണു കിട്ടുന്ന കപ്പലണ്ടി പെറുക്കി വിറ്റു കിട്ടിയ പണത്തിനു പന്തും ബൂട്സും വാങ്ങി. ഇതോടെ, ഗ്രാമത്തിലെ മറ്റു കുട്ടികളോടൊപ്പം പകൽ മുഴുവൻ പന്തു കളിച്ചുനടന്നു. അച്ഛൻ തന്നെയായിരുന്നു ആദ്യ പരിശീലകൻ. പെലെയുടെ കളി കണ്ട വാൾദമർ ദി ബ്രിട്ടോ സാവോ പോളോ ക്ലബിൽ കൊണ്ടുപോയെങ്കിലും തഴയപ്പെട്ടു. തുടർന്ന് സാന്റോസിൽ എത്തിച്ചു. പെലെ എന്ന ഇതിഹാസതാരത്തിലേക്കുള്ള ചുവടുവയ്പ്പായി അത്. പതിനാറാം വയസ്സിൽ പെലെ സാന്റോസിന്റെ ഒന്നാം ഇലവനിൽ സ്ഥാനം നേടി. ആ വർഷം സെപ്റ്റംബറിൽ സാന്റോസിനു വേണ്ടി ആദ്യ ഗോളും നേടി.

പ്രതിമാസം 60 ഡോളർ പ്രതിഫലത്തിന് പ്രൊഫഷണൽ ഫുട്ബോൾ കളി തുടങ്ങിയ പെലെയെ 1966 ൽ ബ്രസീൽ ദേശീയ സ്വത്തായി പ്രഖ്യാപിച്ചു. പതിനേഴാം വയസ്സിൽ 1958 ൽ ആദ്യ ലോകകപ്പ് കളിച്ച പെലെ 62 ലും 66 ലും 70 ലും ബ്രസീൽ ലോകകപ്പ് ടീമിൽ കളിച്ചു. മൂന്നു വർഷത്തോളം ബ്രസീലിൽ മന്ത്രിയുമായിരുന്നു.

കഴിഞ്ഞ നൂറ്റാണ്ടിലെ മികച്ച കായികതാരമായി രാജ്യാന്തര ഒളിംപിക് കമ്മിറ്റി പെലെയെ തിരഞ്ഞെടുത്തു. നാലു ലോകകപ്പിൽ നിന്ന് ഒരു ഡസൻ ഗോൾ നേടിയ പെലെയുടെ ഫുട്ബോൾ ജീവിതത്തിൽ ആയിരം ഗോൾ തികഞ്ഞത് 1969 ൽ ആണ്. ഇതിന്റെ ഓർമയ്ക്കായി 20 ലക്ഷം തപാൽ സ്റ്റാമ്പുകൾ പുറത്തിറക്കി. സ്വർണപ്പന്തും സ്വർണക്കിരീടവുമാണ് രാജ്യം സമ്മാനമായി നൽകിയത്.

# ഇന്ദ്രജാലം

എം കൃഷ്ണദാസ്

രാവിലെ ഓഫീസിലേക്ക് ഒപ്പിടാൻ കയറുന്നവരെല്ലാം വാതിൽക്കൽ ഒരു മുഷിഞ്ഞഭാണ്ഡവുമായി നിന്ന ആ വൃദ്ധനെ കണ്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ, അയാൾ വാതിലിനോടു ചേർന്നുള്ള, കേടുവന്ന് ഒഴിച്ചിട്ട കസേരയിൽ ഇത്തിരി ഭയത്തോടെ ഇരുന്നുവെന്നു മാത്രം. ഹെഡ്ടീച്ചറെ കാണാൻ ഇങ്ങനെയൊരാൾ, ഇത്ര രാവിലെയെന്തിനു വന്നെന്ന് അയാളെ കണ്ടവർ സ്വയം ചോദിക്കുകയോ, ഒപ്പമുള്ളവരോട് പറയുകയോ ചെയ്ത്, ഒപ്പിട്ടു പോവുക മാത്രമാണ് ചെയ്തത്. ചോദ്യം നിമിത്തം അയാൾ ചുമലിലാവുമോ എന്ന പേടി നിമിത്തം അയാളെ കണ്ടില്ലെന്നു നടിച്ച് എല്ലാരും പടികളിറങ്ങിപ്പോയി.

സ്റ്റാഫ് റൂമിലെ കൊച്ചുവർത്താനവും കുട്ടികളുടെ പ്രാർഥനയും കഴിഞ്ഞ്, ഹാജറുപുസ്തകവും ചോക്കും ചൂരലും മറ്റു അധ്യാപനസഹായികളുമായി ഓരോരുത്തരായി പുറത്തിറങ്ങുമ്പോഴേക്കും ഒരപശകുനം പോലെ ആ വൃദ്ധൻ വാതിൽക്കലെത്തിയിരുന്നു.

‘‘എന്താ കാർന്നോരേ, രാവിലെ...... ?’’ഫസ്റ്റ് പീര്യേഡ് ഒഴിവുള്ള അഷറഫ് മാഷ്.

‘‘കുട്ടികളെ മാജിക്ക് കാണിക്കാനൊരവസരം തരണം...’’ അയാൾ ദയനീയമായി പറഞ്ഞു.

‘‘എന്തു മാജിക്കാ...?’’ സീനിയർ സരള ടീച്ചർ.

‘‘കൊറേ ഐറ്റംസ്ണ്ട് ടീച്ചറേ...’’ അയാളുടെ കണ്ണിൽ തിളക്കമുണ്ടായി.

‘‘മുഴുവൻ കാണിക്കാൻ എത്ര നേരം വേണ്ടിവരും...’’ വേണു മാഷ്.

അയാൾ, തന്റെ ഭാണ്ഡം മാവിനു ചുവട്ടിലെ സിമന്റുതറയിൽവെച്ച്, അതിൽ തലവെച്ചു കിടന്നു. അപ്പോഴേക്കും ക്ലാസ്മുറിയിൽ നിന്നും ജനാലയിലൂടെ കുഞ്ഞിക്കണ്ണുകളൊന്നാകെ വന്ന് അയാളെ പൊതിഞ്ഞു. ക്ലാസിൽ നടക്കുന്നതൊന്നും കണക്കാക്കാതെ ആ കണ്ണുകൾ ആദ്യ പീര്യേഡു മുഴുവൻ മാവിൻ ചുവട്ടിൽ ചുറ്റിക്കറങ്ങുമ്പോൾ മണിയടിച്ചു.

‘‘സമയത്തിനനുസരിച്ച് എത്ര വേണങ്കിലും കുറയ്ക്കാം കൂട്ടാം ചെയ്യാം സാറേ...’’ കാർന്നോരുടെ തളർച്ച പമ്പകടന്നു.

‘‘ഇന്റർവെല്ലുവരെ, ആ മാവിന്റെ ചോട്ടിലിരുന്നോളിൻ, അതിനു ശേഷം സമയം തരാം...’’ സരള ടീച്ചർ കനിഞ്ഞു.

അയാൾ, തന്റെ ഭാണ്ഡം മാവിനു ചുവട്ടിലെ സിമന്റുതറയിൽവെച്ച്, അതിൽ തലവെച്ചു കിടന്നു. അപ്പോഴേക്കും ക്ലാസ് മുറിയിൽ നിന്നും ജനാലയിലൂടെ കുഞ്ഞിക്കണ്ണുകളൊന്നാകെ വന്ന് അയാളെ പൊതിഞ്ഞു. ക്ലാസിൽ നടക്കുന്നതൊന്നും കണക്കാക്കാതെ ആ കണ്ണുകൾ ആദ്യ പീര്യേഡു മുഴുവൻ മാവിൻ ചുവട്ടിൽ ചുറ്റിക്കറങ്ങുമ്പോൾ മണിയടിച്ചു.

അതുകേട്ട്, ആ വൃദ്ധൻ പതുക്കെയെഴുന്നേറ്റു ഭാണ്ഡത്തിന്റെ കെട്ടഴിച്ചു.ആദ്യമൊരു കറുത്ത തൊപ്പി, പിന്നെ മുഷിഞ്ഞു കീറിയ ഒരു കോട്ട് എന്നിവ പുറത്തെടുത്തു. ഇരുതലയും കെട്ടിയ മാജിക് സ്റ്റിക്ക്, ഒരു കളർ കൂജ, സ്റ്റീൽ ഗ്ലാസുകൾ, ചീട്ടുകൾ, കളർ കർച്ചീഫുകൾ, ചിത്രത്തുന്നലുള്ള ഒരു തുണിസഞ്ചി, പല നിറത്തിലും വലുപ്പത്തിലുമുള്ള പെട്ടികൾ, കടലാസു സഞ്ചി, തിളങ്ങുന്ന ഒരു വാൾ അങ്ങനെ, ഒരു മാജിക്കു സഞ്ചിയിൽ നിന്നെന്ന പോലെ എത്രയെടുത്താലും തീരാത്തത്ര സാധനങ്ങൾ ആ മനുഷ്യൻ, ആ ഭാണ്ഡത്തിൽ നിന്നെടുത്ത് ആ മാവിൻ തറയിൽ നിരത്തി. മുഴുവൻ വെക്കാൻ ഇടമില്ലാത്തതിനാൽ ഭാണ്ഡത്തിൽ കുറേ ബാക്കിവെച്ച് അയാൾ, തന്റെ മുഷിഞ്ഞ കുപ്പായത്തിനു മുകളിൽ, ദ്രവിച്ചു കീറിത്തുടങ്ങിയ കോട്ട്, മാവിന്റെ മറവിലേക്ക് അല്പം നീങ്ങിനിന്ന് അണിഞ്ഞു. തലയിൽ തൊപ്പി വെച്ചു. അതെല്ലാം കണ്ട് ആകാംക്ഷക്കണ്ണുകൾ വിടർന്നു വികസിച്ചു.



വര: സുരേഷ് പുല്ലങ്ങാടി

ആ സമയം വേണുമാഷ്ടെ മൈക്ക് അനൗൺസ്മെന്റ് ഉണ്ടായി.

''പ്രിയമുള്ള കുട്ടികളേ,

ഇന്ന് ഇൻറർവെല്ലിന് നിങ്ങൾക്കു കാണാൻ രസകരമായ മാജിക് തയ്യാറായിട്ടുണ്ട്, കുട്ടികളെല്ലാം ബെല്ലടിക്കുമ്പോൾ വരിവരിയായി സ്കൂൾ മുറ്റത്ത് വരിക. നിങ്ങൾ വരുമ്പോൾ മിഠായിവാങ്ങാൻ കൊണ്ടുവന്ന ചില്ലറ പൈസ കൈയിൽ പിടിക്കുക. മാജിക്കിനു ശേഷം അത് മാജിക്കുകാരന് കൊടുക്കണം.''

അനൗൺസ്മെന്റ് കഴിഞ്ഞതും ഇൻറർവെല്ലിനുള്ള ബെല്ലടിച്ചതും ഒപ്പമായിരുന്നു. ക്ലാസിലതുവരെ തടഞ്ഞുനിർത്തിയ ആകാംക്ഷയൊന്നാകെ മുറ്റത്തേക്ക് പൊട്ടിയൊഴുകി. വേണുമാഷു പറഞ്ഞതുപോലെ വരിയും ചിട്ടയുമൊന്നുമില്ലാതെ കുട്ടികളെല്ലാം ചിതറിവന്ന് മാവിൻതറയ്ക്കു ചുറ്റും തിക്കിത്തിരക്കി.

മാജിക്കുമുത്തശ്ശന് കാര്യങ്ങൾ ചിട്ടയായി ഒരുക്കിവെക്കാനോ, തറയിൽ കേറിനിന്ന് തയ്യാറാവാനോ സമ്മതിക്കാതെ കുട്ടികൾ കളിപ്പാട്ടങ്ങളിലെന്നപോലെ, ആ മാജിക്കുപകരണങ്ങളിൽ തൊട്ടും പിടിച്ചും നിന്നു. അഷറഫ് മാഷ് ചൂരലുമായി വന്നപ്പോൾ കുട്ടികൾ തെല്ലൊന്ന് ഒതുങ്ങിയെങ്കിലും മാഷ്, തറയുടെ ഒരു ഭാഗത്തുനിന്ന് മറ്റൊരു ഭാഗത്തേക്കു നീങ്ങിയ തക്കംനോക്കി, കുട്ടികൾ വീണ്ടും ശല്യം തുടങ്ങി.

കാർന്നോരുടെ ദുർബലമായ ശബ്ദവും തടയലും കുട്ടികളെ നിയന്ത്രിക്കാനാവുന്നതായിരുന്നില്ല. അതറിഞ്ഞിട്ടെന്നപോലെ, സാധാരണ അസംബ്ലി സമയത്തുപയോഗിക്കുന്ന ബാറ്ററിമൈക്ക് വേണു മാഷ്, മാവിൻതറയിൽ കൊണ്ടുവന്നു വെച്ചു.

**കാണികളുടെ കണ്ണുകൾ ഭയം കൊണ്ടും ആകാംക്ഷ കൊണ്ടും വികസിച്ചു. മാജിക്കു മുത്തശ്ശൻ തൊപ്പി ശരിയാക്കി, കോട്ട് ഒന്നുകൂടി അഴിച്ച് ബട്ടനിട്ട്, മാജിക് സ്റ്റിക്കെടുത്ത് കാണികളുടെ കണ്ണുകൾക്ക് മുകളിലൂടെ ഒന്ന് വട്ടംവീശി അത് നിലത്തുവെച്ച്, വീണ്ടും വാളെടുത്തു.**

''കുട്ടികൾ ദയവുചെയ്ത് കുറച്ചകലത്തേക്ക് മാറിനിൽക്കണം, എന്നാലേ മാജിക്കുകാരന് പരിപാടികൾ അവതരിപ്പിക്കാനാവൂ...''

അതുവരെ ഒരു പിച്ചക്കാരനെ നോക്കുന്നതു പോലെ അവഗണിച്ചിരുന്ന, ആ വൃദ്ധൻ കോട്ടും തൊപ്പിയുമിട്ടപ്പോൾ, വേണു മാഷ്‌ക്ക് മാജിക്കുകാരനായി.

ആ വൃദ്ധന്റെ ദയനീയമായ മുഖത്ത് ആ അനൗൺസ്മെന്റ് കേട്ടപ്പോൾ, ഒരു തെളിച്ചം വന്നു. അദ്ദേഹം, മാവിൻതറയിലേക്ക് പണിപ്പെട്ടു കയറി, മാഷ്ടെ പക്കൽ നിന്നും മൈക്കു വാങ്ങി ഇങ്ങനെ വിളിച്ചു: ''മക്കളേ''

പണ്ട് ഇങ്ങനെയുള്ള വിളികൾക്കെല്ലാം ''എന്തോ'' എന്ന് മറുപടി കിട്ടിയിരുന്നിടത്ത് ''ഓ...'' എന്ന കളിയാക്കൽ മറുപടി വന്നു. അതൊന്നും കാര്യമാക്കാതെ അദ്ദേഹം ഇടതുകൈയിൽ മൈക്കും പിടിച്ച് തറയിൽ നിന്ന് ഒരു പുസ്തകമെടുത്ത് പറഞ്ഞു: ''ഈ നോട്ടുപുസ്തകത്തിനുള്ളിൽ എന്താണെന്നറിയാമോ?''

''അറിയില്ലേ...'' കോറസ്.

മൈക്ക് താഴെവെച്ച് അദ്ദേഹം, പുസ്തകത്തിന്റെ ഏടുകൾ വിടർത്തി... ''അതിലൊന്നുമില്ലേ...'' കുട്ടികൾ.

അദ്ദേഹം മാജിക് സ്റ്റിക്കെടുത്ത് പുസ്തകത്തിനു മുകളിൽ എഴുതുന്ന പോലെ കാട്ടി. എന്നിട്ട്, വീണ്ടും ഏടുകൾ വേഗം മറിച്ചു. അപ്പോൾ, ആ ഏടുകളിൽ രേഖാചിത്രങ്ങളുണ്ടായിരുന്നു. അതോടെ കളിയാക്കി നിന്ന കുട്ടികളെല്ലാം കൈയടിച്ചു. അതോടെ, അദ്ദേഹത്തിന്റെ മുഖത്ത് പ്രകാശം പരന്നു. വീണ്ടും, അദ്ദേഹം പുസ്തകത്തിനു മുകളിൽ നിറം കൊടുക്കുന്നതു പോലെ കാട്ടി, ഏടുകൾ വിടർത്തിയപ്പോൾ, ആ രേഖാചിത്രങ്ങളിലെല്ലാം നിറം കൊടുത്തതായി കണ്ടു. അതോടെ, കുട്ടികൾക്ക് രസം പിടിച്ചു. അവർ കൗതുകത്തോടെ, മാവിൻതറയിൽ താടിവെച്ച്, അദ്ദേഹത്തിന്റെ കൈകളിലേക്ക് നക്ഷത്രക്കണ്ണുകൾ പായിച്ചു. അതോടെ, അവശനായ ആ മാജിക്കുകാരന്റെ കൈകൾക്ക് മാന്ത്രിക ശക്തി കിട്ടി. പിന്നെ, മാജിക് ഐറ്റങ്ങളുടെ മലവെള്ളപ്പാച്ചിലായിരുന്നു. ഒഴിഞ്ഞ കവറിൽ കോഴിമുട്ട വരുത്തി, പാലു കുടിച്ചവന്റെ ട്രൗസറിന്റവിടെ വെറും കാളൻ പിടിച്ച് മൂത്രം വരുത്തി, വർണ്ണക്കടലാസ് കീറിപ്പറിച്ചുതിന്ന് തീരാത്തത്ര കടലാസുനാട വായിൽ നിന്നും നിർത്താതെ വലിച്ചെടുത്തു.

അങ്ങനെ, മാന്ത്രികതയുടെ പെരുമഴ തുടർന്നുകൊണ്ടിരുന്നു, കുട്ടികൾ അതിൽ ലയിച്ചുനിൽക്കുമ്പോൾ, അദ്ദേഹം പറഞ്ഞു:

''ഇനി ഏറ്റവും അപകടം പിടിച്ച, ഒടുവിലത്തെ ഐറ്റമാണ്, ഏറ്റവും ധൈര്യമുള്ള ഒരാൾ, ഈ തറയിൽ കയറി നിൽക്കൂ...''

അതുകേട്ടതും പലരും ചാടിക്കയറാൻ നോക്കിയെങ്കിലും ആദ്യം കയറിയ നൗഷാദിനെ പിടിച്ച് അദ്ദേഹം, കറുത്ത തുണികൊണ്ട് അവന്റെ കണ്ണുകൾ കെട്ടി. എന്നിട്ട്, ഇതുവരെ എന്തിനാണെന്ന് ചിലർ സംശയിച്ചിരുന്ന തിളങ്ങുന്ന വാളെടുത്ത് അദ്ദേഹം, എല്ലാരേയും കാണിച്ചു ഞെട്ടിച്ചു കൊണ്ട് പറഞ്ഞു:

''ഈ വാൾ ഞാൻ, നൗഷാദിന്റെ കഴുത്തിലൂടെ കുത്തി അപ്പുറത്തേക്ക് വരുത്താൻ പോവുകയാണ്...''

കാണികളുടെ കണ്ണുകൾ ഭയം കൊണ്ടും ആകാംക്ഷ കൊണ്ടും വികസിച്ചു. മാജിക്കു മുത്തശ്ശൻ തൊപ്പി ശരിയാക്കി, കോട്ട് ഒന്നുകൂടി അഴിച്ച് ബട്ടനിട്ട്, മാജിക് സ്റ്റിക്കെടുത്ത് കാണികളുടെ കണ്ണുകൾക്ക് മുകളിലൂടെ ഒന്ന് വട്ടംവീശി അത് നിലത്തുവെച്ച്, വീണ്ടും വാളെടുത്തു.

കുട്ടികളുടെ ദീർഘനിശ്വാസം കൊണ്ട് മുറ്റം നിറഞ്ഞു. വയസ്സനായ ആ മാജിക്കുകാരന്റെ കൈ പാളുമോ എന്നോർത്ത് വരാന്തയിൽ നിന്ന അധ്യാപകർക്ക് ആ ഐറ്റം ഉപേക്ഷിക്കണമെന്ന് അയാളോട് പറയണമെന്നുണ്ടായിരുന്നു.

പക്ഷേ, അതിനുമുമ്പ് അദ്ദേഹം നൗഷാദിന്റെ കഴുത്തിൽ വാൾ കയറ്റിക്കഴിഞ്ഞു. അതിന്റെ തല കഴുത്തുകടന്ന് അപ്പുറത്തെത്തിയപ്പോൾ, മാവിനു മുകളിൽ നിന്നും ഒരു ശബ്ദം: ''എടാ, വാൾ കുത്തിയിറക്കുന്നില്ല, അത് പറ്റിക്കലാ.''

അതുവരെ, അകാംക്ഷയുടെ മുൾമുനയിൽ നിന്ന കുട്ടികളെല്ലാം കൊടുക്കാൻ കൈയിൽ കരുതിയ ചില്ലറക്കാശുമായി പലപാട് ചിതറിയോടി. അതുവരെ, സ്വന്തം മാന്ത്രികതകൊണ്ട് ജ്വലിച്ചുനിന്ന ആ വൃദ്ധരൂപം അതോടെ, ആ മാവിൻ തറയിൽ ഒരു കരിക്കട്ട കണക്കേ തളർന്നിരുന്നു!



ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച **Tackling covid 19 - Kerala ahead of the World** (രചന – മാസ്റ്റർ ഗൗതം ആർ നായർ) എന്ന പുസ്തകത്തിന്റെ പ്രകാശനം ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ബഹു. വ്യവസായ വകുപ്പുമന്ത്രി ശ്രീ ഇ പി ജയരാജന് നൽകി നിർവഹിക്കുന്നു.





സംസ്ഥാനത്ത് കൃഷി വ്യാപിപ്പിക്കുന്നതിനായുള്ള 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസ് പരിസരത്ത് തുടങ്ങുന്ന കൃഷിയുടെ ഉദ്ഘാടനം കെ ടി ഡി സി ചെയർമാനും മുൻ സ്പീക്കറുമായ ശ്രീ എം വിജയകുമാർ നിർവ്വഹിക്കുന്നു.

# മഹാഭാരതം

സുഗതകുമാരി



## പാർഥപ്രതിജ്ഞ (തുടർച്ച)

കുരുശ്രേഷ്ഠന്മാർ കൂട്ടമായി എതിർക്കുവാൻ ചെന്നെങ്കിലും അവരോട് പൊരുതാതെ രഥം അതിവേഗം വ്യൂഹത്തിനുള്ളിലേക്ക് വിടുന്ന കൃഷ്ണാർജുനന്മാരെക്കണ്ട് കൗരവന്മാർ ഭയാതുരരായി. കൂട്ടത്തോടെ അവർ വീണ്ടും അർജുനനെ വളഞ്ഞു. ദുര്യോധനൻ കാറ്റത്താടുന്ന കൊടിയുമായി പായുന്ന പാർഥരഥത്തിനുപിമ്പേ തന്റെ തേരിൽ പാഞ്ഞുചെന്നു. വലപൊട്ടിച്ചു ചാടുന്ന മത്സ്യത്തെപ്പോലെ കൃഷ്ണരഥം വ്യൂഹം പിളർന്നു കയറുകയാണ്. ദ്രോണാസ്ത്രങ്ങളിൽ നിന്ന് അക്കരെ കടന്ന് ഇടിയും മിന്നലും വരുന്നപോലെ സ്യന്ദനഘോഷവും ഞാണൊലിയും മുഴക്കികൊണ്ട് കൃഷ്ണാർജുനന്മാർ മുന്നേറുന്നതു കണ്ട ദുര്യോധനൻ അവരെ മറുഭാഗത്തുകൂടെ കയറി തടഞ്ഞു.

ശ്രീകൃഷ്ണൻ പറഞ്ഞു. ''പാർഥ, നോക്കൂ, ദുര്യോധനൻ കടന്നുകയറി നമ്മെ തടയുന്നു. ഇവൻ നിന്റെ ഏറ്റവും വലിയ ശത്രു. കുലാധമനായ ഇവനെ വധിക്കുക.''

ദുര്യോധനൻ അവരുടെ കോപം കണ്ട് ആർത്തുചിരിച്ചുകൊണ്ട് ''വാ, വന്നു പടവെട്ട്!'' എന്ന് നിന്ദയോടെ വെല്ലുവിളിച്ചു. മറുപടി കൃഷ്ണാർജുനന്മാരുടെ ശംഖനാദവും സിംഹനാദവുമായിരുന്നു. ഭീതരായ സേനകളെ നോക്കി വീരനായ ദുര്യോധനൻ പറഞ്ഞു. ''നിങ്ങൾ എന്തിന് ഭയപ്പെടുന്നു? ഈ കൃഷ്ണനെയും പാർഥനെയും ഞാൻ കൊല്ലുന്നതുണ്ട്. ഹേ, അർജുന, നീ അമാനുഷകർമങ്ങൾ ചെയ്തവനെന്നു കേൾക്കുന്നു. അവയൊന്നു കാണിക്ക്. നീ പാണ്ഡുവിന് പിറന്നവനെങ്കിൽ വന്നു പടവെട്ട്!''

ദുര്യോധനൻ കൂർത്തുമൂർത്ത ശരങ്ങളാൽ പാർഥനെ എയ്തു, പാർഥസാരഥിയുടെ ചമ്മട്ടി മുറിച്ചെറിഞ്ഞു. പാർഥൻ ക്രോധത്തോടെ ഒന്നിച്ചയച്ച പതിനാലമ്പും അവന്റെ ദിവ്യമായ ചട്ടയിൽത്തട്ടി ഒടിഞ്ഞുവീണു. പാർഥനും ദുര്യോധനനും ഏറ്റുമുട്ടുന്നതു കണ്ട കുരുമുഖ്യർ കർണന്റെ നേതൃത്വത്തിൽ തേരുകളോടിച്ച് പാർഥരഥത്തെ വളഞ്ഞു. പൊന്നണിഞ്ഞു പുലിത്തോലിട്ട രഥങ്ങൾ കുതിക്കുന്ന വാജികളുമൊത്തു വന്നു ചുഴന്നു ശരവർഷം ചെയ്തപ്പോൾ പാർഥൻ ദേവദത്തവും കൃഷ്ണൻ പാഞ്ചജന്യവുമെടുത്തു രോമഹർഷണമാം വിധം ഊതി. ആ ധ്വനിയിൽ ദുർബലചിത്തർ പലരും മോഹിച്ചുവീണു. ശല്യരും ഭൂരിശ്രവസ്സും കർണനും വികർണനും അശ്വഥാമാവുമെല്ലാം ചേർന്ന് തടഞ്ഞുനിർത്തിയ അർജുനൻ അവരെ ഓരോരുത്തരെയായി ശരങ്ങൾ തൂകി ക്ഷീണിപ്പിച്ചു.

അതിനിടയ്ക്ക് യുധിഷ്ഠിരനും പടയും ദ്രോണാസ്ത്രങ്ങളേറ്റ് അവശരാവുകയായിരുന്നു. ഭീമനും ആർശ്യശൃംഗിയും തമ്മിൽ ഉഗ്രയുദ്ധം നടന്നു. അസ്ത്രവർഷംകൊണ്ട് യുധിഷ്ഠിരൻ മൂടിയപ്പോൾ ആ പ്രഥമപാണ്ഡവന്റെ വില്ലറുത്തിട്ടു ദ്രോണർ. കോപത്താൽ കണ്ണുചുവന്നുകൊണ്ട് മറ്റൊരു വില്ലെടുത്ത് ധർമജൻ മുന്നേറി. മലയും പിളരുന്ന ഒരു ഭയങ്കരമായ വേൽ ഉയർത്തിപ്പിടിച്ച് അട്ടഹസിച്ചുകൊണ്ട് യുധിഷ്ഠിരൻ ആചാര്യന്റെ നേർക്ക് ചാടി. ഉഗ്രസർപ്പം പോലുള്ള ആ വേലിന്റെ വരവുകണ്ട് ദ്രോണർ ബ്രഹ്മാസ്ത്രത്താൽ അതു മുറിച്ചെറിഞ്ഞു.

യുധിഷ്ഠിരൻ ഭീമമായൊരു ഗദ ആചാര്യന്റെ നേർക്ക് പ്രയോഗിച്ചതും ദ്രോണരുടെ ഗദയേറ്റ് തീ ചിതറിച്ചുകൊണ്ടു വീണുടഞ്ഞു. ദ്രോണർ യുധിഷ്ഠിരന്റെ സൂതനെ കൊന്നു, കുതിരകളെ കൊന്നു. തേരുടച്ചു. തേരിൽനിന്നുചാടിയ നിരായുധനായ ധർമപുത്രരെ പിടിച്ചുകെട്ടുവാൻ ദ്രോണർ പാഞ്ഞടുത്തപ്പോൾ, സൈന്യം മുഴുവൻ 'ഹാ ഹാ' എന്ന് നിലവിളിച്ചപ്പോൾ പാഞ്ഞെത്തിയ സഹദേവന്റെ രഥത്തിൽ ചാടിക്കയറി ധർമപുത്രർ പിൻമടങ്ങി.

സാത്യകിയും ദ്രോണരും തമ്മിലേറ്റു. അലംബുഷരാക്ഷസനും ഭീമനും തമ്മിലേറ്റു. സേനകൾ തമ്മിൽ തുമുലാരവത്തോടെ യുദ്ധം ചെയ്യുന്നതിനിടയിൽ ദ്രോണർ പാഞ്ചാലകുമാരന്മാരായ മൂന്നുപേരെ വധിച്ചു. അതുകണ്ട് ക്രോധാന്ധനായ ധൃഷ്ടദ്യുമ്നൻ ദ്രോണരഥത്തിൽ ചാടിക്കയറിയെങ്കിലും ദ്രോണാസ്ത്രങ്ങളേറ്റ് പിൻമാറി. ആകെ അമ്പുതറച്ച് പാണ്ഡവപക്ഷം തളരുന്നതുകണ്ട് ഹർഷിച്ചുകൊണ്ട് ദ്രോണർ യുദ്ധം

തുടർന്നു. കൃഷ്ണരഥം പിൻതുടർന്ന് പാർഥന് തുണ ചെയ്യാൻ കർണനെ ഒഴിച്ചുപോകാൻ തുടങ്ങിയ ഭീമനെ കർണൻ തടഞ്ഞുനിർത്തി. ''എന്തെടോ, എന്നെ ഒഴിവാക്കി ഓടിപ്പോകുന്നത്?'' എന്നു പരുഷവാക്കുകൾ ചൊരിഞ്ഞു. അസ്ത്രങ്ങൾ തമ്മിൽ തൊടുത്തയയ്ക്കുന്നതിനിടയിൽ തന്നെനോക്കി ചിരിച്ച കർണന്റെ പരിഹാസം പൊറുക്കാതെ ഭീമൻ കഠോരബാണങ്ങളെയ്തു കർണന്റെ പടച്ചട്ട പിളർന്നു. കർണനാകട്ടെ ഭീമനെ അസ്ത്രവലകൊണ്ടു മൂടി. അത് തകർത്ത് ഭീമൻ കഠിനമായി പൊരുതുകയാണ്. കർണനാകട്ടെ മൃദുയുദ്ധമാണ് ചെയ്യുന്നത്! ഇത് അപമാനമെന്നു കരുതി ഭീമൻ കർണനെ ഉഗ്രശരങ്ങളാൽ പൊതിഞ്ഞു. ഭീമന്റെ ശരീരമാകെ കർണന്റെ അമ്പുകൾ തറച്ചു മുള്ളൻപന്നിയെപ്പോലെ കാണായി. ഭീമൻ അട്ടഹസിച്ചുകൊണ്ടു കർണന്റെ വില്ലറുത്തു. സൂതനെ കൊന്നു, കുതിരകളെ കൊന്നു. ഏറെക്കാലമായി തങ്ങളോട് പറഞ്ഞതും കാട്ടിയതുമായ നൂറപരാധങ്ങൾ ഓർത്തും പ്രത്യേകിച്ച് പാഞ്ചാലിയെ നിന്ദിച്ചതോർത്തും കോപാന്ധനായ ഭീമൻ സൂര്യരശ്മികൾപോലെ ബാണങ്ങൾ ചൊരിഞ്ഞു. കർണൻ അവയെല്ലാം തന്റെ തീക്ഷ്ണാസ്ത്രങ്ങളാൽ തടഞ്ഞുമുറിച്ചു.

വര: ജയേന്ദ്രൻ



മഴപെയ്യുന്ന മേഘങ്ങളെപ്പോലെ ആ വീരന്മാർ ശോഭിച്ചു. ചുറ്റും തേരാനയശ്വങ്ങൾ വീണുചിതറി. വീണ്ടും ഭീമൻ കർണസൂതനെ കൊന്നു. കുതിരകളെ കൊന്നു. ക്രുദ്ധനായ കർണൻ ചാട്ടിയ തീജ്വാലപോലെ കത്തുന്നവേൽ പാഞ്ഞുചെല്ലുന്നതുകണ്ട് കൗരവന്മാർ ആർത്തുവിളിച്ചു. എന്നാൽ അടുത്തമാത്രയിൽ ആ വേൽ ഭീമബാണങ്ങളേറ്റു മുറിഞ്ഞുവീഴുന്ന കാഴ്ച കാണായി. യുദ്ധം ശക്തിയിൽ തുടരുന്നതും കർണൻ അമ്പുകളേറ്റു ക്ഷീണിതനാവുന്നതും കണ്ട് ദുര്യോധനൻ വീരനായ സഹോദരൻ ദുർജയനോടു പറഞ്ഞു. ''ചെല്ലൂ ഉണ്ണീ, അവനെ കൊല്ലൂ'' ദുർജയൻ ശരങ്ങൾ തൂകിക്കൊണ്ടു തേരേറി പാഞ്ഞടുക്കുന്നതുകണ്ട ഭീമൻ അവന്റെ നേരെ തിരിഞ്ഞു യുദ്ധം തുടർന്നു. തന്റെ മെയ്യിലും കുതിരകളുടെമേലും ബാണങ്ങൾ തറയ്ക്കുന്നതുകണ്ടു ചൊടിച്ച ഭീമൻ മർമഭേദിയായ ശരം പ്രയോഗിച്ച് ദുർജയനെ കൊന്നു.

ദുർജയൻ വീണതുകണ്ട് ദു:ഖിതനായ കർണൻ പോരിനടുത്തപ്പോൾ ഭീമൻ വീണ്ടും ആ തേരും കുതിരകളും സൂതനെയും പൊടിച്ചെടുത്തുകളഞ്ഞു. ഇതുകണ്ട ദുര്യോധനാനുജൻ ദുർമുഖൻ കർണന് തുണയായെത്തി. ആ വരവു കണ്ട് സന്തുഷ്ടനായി ചുണ്ടുകൾ നക്കിത്തുടച്ചുകൊണ്ട് ഭീമൻ ദുർമുഖനോടേറ്റു. അതിവേഗം ദുർമുഖനും ഭീമാസ്ത്രമേറ്റു വീണുമരിച്ചു. മരിച്ചു കിടക്കുന്ന ദുർമുഖനെ കർണൻ തേരേറി വലംവെച്ച് മിണ്ടാതെ നിന്നുപോയി. വീണ്ടും അവർ ഘോരയുദ്ധമാരംഭിച്ചു. ഭീമന്റെ ഭയങ്കരമായ കൂരമ്പുകളേറ്റ് കർണന്റെ മെയ്യ് പിളർന്നു ചോരചാടി. വിവശനായ കർണൻ തേരുതിരിച്ച് പോർക്കളം വിട്ടുമാറി. ഇതുകണ്ട ദുര്യോധനാനുജന്മാർ ദുർമർഷണൻ, ദുസ്സഹൻ, ദുർമദൻ, ദുർധരൻ, ജയൻ എന്നിവർ ഒത്തൊരുമിച്ച് ആയുധപാണികളായി ഭീമനോടേറ്റു.

(തുടരും)

# ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## ഗ്രാമഭംഗി

ഡി ബി അയനക്കുറുപ്പ്, ക്ലാസ് 6 സി,
എൻ വി യു പി സ്കൂൾ, വയല.

മീനുവിന് അവളുടെ അച്ഛനേയും അമ്മയേക്കാളും ഒത്തിരി ഇഷ്ടം മുത്തച്ഛനെയും മുത്തശ്ശിയേയും ഗ്രാമത്തേയും ഒക്കെ ആയിരുന്നു. എന്തെന്നാൽ അച്ഛനും അമ്മയും രാവിലെ ജോലിക്കായി ഇറങ്ങിപ്പോകും. മാതാപിതാക്കൾ മീനുവിനു വേണ്ടി സമയം ചെലവഴിച്ചിരുന്നില്ല. അവൾക്ക് കൂട്ടിരിക്കാനോ, സ്കൂളിലെ വിശേഷങ്ങൾ ചോദിച്ചറിയാനോ, കഥകൾ പറഞ്ഞുകൊടുക്കാനോ ഒന്നിനും ആരും ഇല്ല. മീനുവും മാതാപിതാക്കളും പട്ടണത്തിലാണ് താമസിക്കുന്നത്. അവൾ ടാബിലും ഫോണിലും ലാപ്ടോപ്പിലും ഒക്കെ കളിച്ച് സമയം പോക്കി. ഇതൊന്നും നല്ല ശീലമല്ല എന്ന് മീനുവിന് അറിയാമായിരുന്നു. എങ്കിലും അവൾ ഇത് തുടർന്നു. ഒരുദിവസം മീനു തന്റെ അച്ഛനോട് പറഞ്ഞു. ''എന്നെ എന്റെ മുത്തശ്ശിയുടെയും മുത്തച്ഛന്റെയും വീട്ടിൽ കൊണ്ടുപോയി നിർത്തണം'' എന്ന്. അങ്ങനെ അച്ഛൻ അവളെ മനസ്സില്ലാമനസ്സോടെ ഗ്രാമത്തിൽ കൊണ്ടുപോയി നിർത്തി. മീനുവിനെ കണ്ടപ്പോൾ മുത്തച്ഛനും മുത്തശ്ശിക്കും സന്തോഷമായി. അവിടെ അവൾക്ക് കഥപറഞ്ഞുകൊടുക്കാനും ഇഷ്ടപ്പെട്ട നാടൻ ഭക്ഷണങ്ങൾ ഉണ്ടാക്കി കൊടുക്കാനും ഉറക്കാനും ഒക്കെ മുത്തശ്ശിയും... നാട് കാണിക്കാനും മീൻ പിടിക്കാൻ പോകാനും കൂടെയിരുന്ന് വിശേഷങ്ങൾ ചോദിക്കാനും ഒക്കെ മുത്തച്ഛനും... രണ്ട് ആഴ്ച കഴിഞ്ഞപ്പോൾ അച്ഛനും അമ്മയും മീനുവിനെ കൂട്ടിക്കൊണ്ടുപോകാൻ വന്നു. രണ്ടുദിവസം കൂടി താൻ ഇവിടെ തങ്ങിക്കോട്ടെയെന്ന് അച്ഛനോട് ചോദിച്ചാൽ അച്ഛന് അത് ഇഷ്ടപ്പെടില്ല എന്ന് മീനുവിന് അറിയാമായിരുന്നു.



വര: ഗോപു പട്ടിത്തറ

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

അതുകൊണ്ട് മീനു പട്ടണത്തിലേക്ക് പോകാൻ തയ്യാറായി. അപ്പോഴാണ് മുത്തച്ഛൻ മീനുവിന്റെ അച്ഛനോട് ചോദിച്ചത്. ''മോനേ നിങ്ങൾക്ക് ഇങ്ങോട്ട് താമസം മാറിക്കൂടേ?'' മീനുക്കുഞ്ഞ് ഇവിടെ നിന്ന് പഠിക്കട്ടെ. അപ്പോൾ നമുക്കും ഒരു കൂട്ടാകുമല്ലോ? അവിടെ മരങ്ങളില്ല, കുളങ്ങളില്ല, വയൽപ്പാടങ്ങൾ അങ്ങനെ ഒന്നുമില്ല. അവിടെ പ്രകൃതിയെ കണ്ടറിഞ്ഞ് പഠിക്കാൻ ഒന്നുമില്ലല്ലോ. ദൈവം നമുക്ക് കനിഞ്ഞു തന്ന ഈ പ്രകൃതിയമ്മയെ സ്പർശിച്ച് പഠിക്കട്ടെ.'' അപ്പൂപ്പന്റെ ഈ വാക്കുകൾ എല്ലാവർക്കും ഇഷ്ടമായി. അങ്ങനെ ആ കുടുംബം ഗ്രാമത്തിൽ താമസമായി.

അവൾ പഠിച്ച് വളർന്ന് 'പ്രകൃതിസ്നേഹി' എന്ന പേരിലൂടെ പ്രശസ്തയായി. ഒന്നും മനസ്സിലാക്കാതെയും കണ്ടറിയാതെയും പഠിച്ചാൽ ഗുണമില്ല. പ്രകൃതിയെ നമ്മുടെ കൂട്ടുകാരിയായി കണ്ടാൽ അതിൽ നിന്ന് നമ്മൾ മനസ്സിലാക്കിയ അറിവ് നമ്മുടെ മനസ്സിൽ നിന്ന് മായില്ല എന്നും മീനുവിന് മനസ്സിലായി.

'ദൈവം മനുഷ്യന് നൽകിയ വരദാനമാണ് പ്രകൃതി.' പ്രകൃതിയമ്മയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. അതിനെ സംരക്ഷിക്കണം. പരിപാലിക്കണം.

# വെള്ളപ്പൊക്കം

**ലക്ഷ്മി എച്ച്, ക്ലാസ് 3,**
**ക്ലൂണി പബ്ലിക് സ്കൂൾ ചേപ്പുംപാറ,**
**ളാക്കട്ടൂർ പി ഒ, കോട്ടയം 6**



കാറ്റും വന്നു മഴയും വന്നു
വെള്ളപ്പൊക്കം കൂടെ വന്നു
വറ്റിവരണ്ട പാടത്തെല്ലാം
വെള്ളം വന്ന് നിറഞ്ഞല്ലോ
സന്തോഷത്താൽ പൊൻമീനെല്ലാം
തുള്ളിച്ചാടി മദിച്ചല്ലോ
തുള്ളിച്ചാടും മീനെത്തിന്നാൻ
കൊറ്റികൾ വന്നു നിരന്നല്ലോ
പാടവരമ്പത്തെ കുഞ്ഞനുറുമ്പുകൾ
പാഞ്ഞു മരങ്ങളിൽ കേറിയല്ലോ
വെള്ളത്തിൽച്ചാടി കളിക്കുവാൻ കുട്ടികൾ
വള്ളത്തിൽ കേറി പോയല്ലോ.



# കളിവള്ളം

**അനശ്വരാ കൃഷ്ണ മടവൂർ, ക്ലാസ് ഏഴ് എ,**
**വിവേകാനന്ദ പബ്ലിക് സ്കൂൾ,**
**നാവായിക്കുളം.**

ഒരു മഴ ഈ മഴ പുതുമഴ കുളിർമഴ
പെരുമഴ പേമഴ വന്നെത്തി!
പറമ്പ് പാടം അരുവികളെല്ലാം
നിറഞ്ഞു ചേലിൽ ഒഴുകുന്നു!
മുറ്റത്താകെ നിറഞ്ഞു വെള്ളം
ഒറ്റയ്ക്കതു ഞാൻ കാണുന്നു!
പതുക്കെ ഞാനൊരു കളിവള്ളം
ഒതുക്കുചാലിലൊഴുക്കുന്നു!

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 July 2020
Regd KL/TV (N)/399/2018-2020 Published on 29-06-2020 Vol:26, Issue:07, ₹20

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം എന്നിവിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**
**കുട്ടികളുടെ മാസിക**
**വില 20രൂപ**

**വാർഷികവരിസംഖ്യ 200രൂപ**
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.